## പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## മുപ്പത്തിയേഴാമത് റിപ്പോർട്ട്

(2019 ജൂലൈ മാസം 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## മുപ്പത്തിയേഴാമത് റിപ്പോർട്ട്
(2019 ജൂലൈ മാസം 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്]**

873/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 51 |
| അനുബന്ധം II : ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നുള്ള മറുപടി | .. | 59 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

* ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. സി. ജോസ്, സെക്രട്ടറി ഇൻ-ചാർജ്ജ്.

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി,

ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

* 29-5-2019-ൽ നിയമസഭാംഗത്വം രാജിവച്ചു

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-2021) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതിയുടെ 37-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2019 ജൂൺ മാസം 25-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2019 ജൂലൈ 2.

റിപ്പോർട്ട്

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്

## കേരള സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

**കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ**

കേരള സർവ്വകലാശാല പരീക്ഷാ വിഭാഗത്തിന്റെ ചുമതലകളിൽ പരമപ്രധാനമായ ഒന്നാണ് ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയവും തുടർനടപടികളും ഫലപ്രഖ്യാപനവും. ബിരുദതലം മുതൽ ഗവേഷണതലം വരെ ഒരു വർഷം 700-ൽ അധികം പരീക്ഷകൾ നടക്കുന്നുണ്ട്. സാമ്പ്രദായിക രീതിയായ ഗാർഹിക മൂല്യനിർണ്ണയത്തിലെ അപാകതകളും തന്മൂലം ഫലപ്രഖ്യാപനം വൈകുന്നതുമായ സാഹചര്യമാണ് കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് സർവ്വകലാശാലയെ പ്രേരിപ്പിച്ചത്.

1985-ൽ രണ്ടാംവർഷ പ്രീഡിഗ്രി പരീക്ഷയോടെയാണ് സർവ്വകലാശാല കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനത്തിന് തുടക്കമിട്ടത്. തുടർന്ന് ഘട്ടംഘട്ടമായി ബിരുദതല/ ബിരുദാനന്തര ബിരുദതല പരീക്ഷകൾ, പ്രൊഫഷണൽ കോഴ്സ് പരീക്ഷകൾ തുടങ്ങിയവയ്ക്കെല്ലാം കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനം ഏർപ്പെടുത്തുന്നതിന് സർവ്വകലാശാല നടപടിയെടുത്തു. മൂല്യനിർണ്ണയത്തിന് ഏകീകൃത രൂപം ഉണ്ടാകുന്നതിനും, രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കുന്നതിനും സെമസ്റ്റർ പരീക്ഷകളുടെ ഫലപ്രഖ്യാപനം വൈകുന്നതിനാൽ കോഴ്സുകൾ അനന്തമായി നീളുന്നത് ഒഴിവാക്കുന്നതിനും പുതിയ സമ്പ്രദായം പ്രയോജനപ്പെടുന്നുണ്ട്.

സാധാരണയായി 500 ഉത്തരക്കടലാസുകളിൽ കൂടുതൽ വരുന്ന പരീക്ഷകൾക്കാണ് കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് ഏർപ്പെടുത്തുന്നത്. ഇന്ന് 90 ശതമാനത്തോളം പരീക്ഷകളും കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനത്തിലേക്ക് മാറിക്കഴിഞ്ഞു. തിരുവനന്തപുരം, കൊല്ലം, പന്തളം എന്നിവിടങ്ങളിലെ കോളേജുകളിലും സർവ്വകലാശാലയുടെ സ്ഥാപനങ്ങളിലുമാണ് ക്യാമ്പുകൾ ഒരുക്കുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 7.1)

**പരീക്ഷാ സമ്പ്രദായം സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പദ്ധതി ഇഴയുന്നു.**

സർവ്വകലാശാലയുടെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി 2001-ലാണ് പരീക്ഷാ വിഭാഗം ആധുനികവൽക്കരിക്കുന്നതിന് തുടക്കമിട്ടത്. യോഗ്യരായ അദ്ധ്യാപകരുടെ വിവരശേഖരണം, പരീക്ഷാ രജിസ്ട്രേഷൻ, ഹാൾ ടിക്കറ്റ് വിതരണം, ഫല പ്രഖ്യാപനം, മാർക്ക് ലിസ്റ്റ് വിതരണം എന്നിവ ഓൺലൈനായി നടത്തുന്നതിനും, മൂല്യനിർണ്ണയ കേന്ദ്രങ്ങളിലിരുന്നുതന്നെ വിദ്യാർത്ഥികളുടെ മാർക്ക് അപ് ലോഡ് ചെയ്യുന്നതിനുമുള്ള സോഫ്റ്റ്‌വെയർ സർവ്വകലാശാല കമ്പ്യൂട്ടർ സെന്റർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ സ്ഥിരം മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ ഏർപ്പെടുത്തുക, ആവശ്യമായ കമ്പ്യൂട്ടറുകളും ലാപ് ടോപ്പുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുക എന്നീ കാര്യങ്ങളിൽ ആശാവഹമായ പുരോഗതി നാളിതുവരെ ഉണ്ടായിട്ടില്ല. അതുപോലെ മൂല്യനിർണ്ണയ കേന്ദ്രങ്ങളെ പരീക്ഷാ കൺട്രോളറുടെ ഓഫീസുമായി ഓൺ-ലൈനിൽ ബന്ധിപ്പിക്കുന്ന സംവിധാനവും നടപ്പാക്കിയിട്ടില്ല. അവസാന പരീക്ഷ നടന്ന തീയതി മുതൽ 45 ദിവസത്തിനകം ഫലം പ്രഖ്യാപിക്കുന്നതിനുവേണ്ടി കമ്പ്യൂട്ടർ സെന്ററിന്റെ സഹായത്തോടെ Fast Track സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള തീരുമാനവും നടപ്പിലായിട്ടില്ല.

**ഫലപ്രഖ്യാപനം സമയബന്ധിതമായി നടത്തുന്നതിന് കഴിയുന്നില്ല**

ഒരു പരീക്ഷ പൂർത്തിയായി പരമാവധി 60 ദിവസത്തിനകം ഫലപ്രഖ്യാപനം നടത്തണമെന്നാണ് സർവ്വകലാശാലയുടെ പരീക്ഷാനയം. എന്നാൽ കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനം നടപ്പിലാക്കിയിട്ടുപോലും പലപ്പോഴും അതിന് കഴിയുന്നില്ല എന്നത് വസ്തുതയാണ്. ഇതിന്റെ കാരണങ്ങൾ ചുവടെ ചേർക്കുന്നു:

- പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ഉത്തരക്കടലാസുകൾ ഭദ്രമായി സർവ്വകലാശാല ആസ്ഥാനത്തുള്ള സംഭരണ കേന്ദ്രങ്ങളിലും അവിടെ നിന്ന് മൂല്യനിർണ്ണയ കേന്ദ്രങ്ങളിലും എത്തിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. ഉത്തരക്കടലാസുകൾ സുരക്ഷിതമായി എത്തിക്കുന്നതിന് മതിയായ വാഹന സൗകര്യം സർവ്വകലാശാലയ്ക്കില്ല. ഉത്തരക്കടലാസുകൾ ശാസ്ത്രീയമായി സൂക്ഷിക്കുന്നതിനുള്ള സൗകര്യവും സർവ്വകലാശാലാ ആസ്ഥാനത്ത് ലഭ്യമല്ല.

- മൂല്യനിർണ്ണയത്തിനാവശ്യമായ അദ്ധ്യാപകരുടെ അഭാവം പലപ്പോഴും ക്യാമ്പുകൾ കൃത്യസമയത്ത് ആരംഭിക്കുന്നതിനും പൂർത്തിയാവുന്നതിനും തടസ്സമാകുന്നു. ക്യാമ്പുകളിൽ എത്തിച്ചേരുന്ന അദ്ധ്യാപകർ അകാരണമായി അവധിയിൽ പോകുന്നതും നിശ്ചിത എണ്ണം ഉത്തരക്കടലാസുകൾ സമയബന്ധിതമായി പരിശോധിക്കാത്തതും മൂല്യനിർണ്ണയത്തിന്റെ പുരോഗതിയെ ബാധിക്കുന്നു. അവധി ദിനങ്ങൾ ഉൾപ്പെടുത്തി ക്യാമ്പുകൾ ദീർഘിപ്പിച്ച് കൊണ്ടുപോകുന്ന പ്രവണതയും വ്യാപകമാണ്.

* മൂല്യനിർണ്ണയ ക്യാമ്പുകളുടെ ചുമതല ഏറ്റെടുക്കാനുള്ള സർവ്വകലാശാല ഉദ്യോഗസ്ഥരുടെ വൈമുഖ്യം ക്യാമ്പുകൾ കൃത്യമായി ആരംഭിക്കുന്നതിന് തടസ്സമാകുന്നു. ക്യാമ്പ് നടത്തിപ്പിന് നൽകുന്ന മുൻകൂർ തുക സൂക്ഷ്മമായി ചെലവഴിച്ച് കണക്കുകൾ സമയബന്ധിതമായി തയ്യാറാക്കി നൽകേണ്ട ഭാരിച്ച ഉത്തരവാദിത്വങ്ങളുള്ളതിനാലാണ് ക്യാമ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാകാൻ ഉദ്യോഗസ്ഥർ പൊതുവെ വിമുഖത കാണിക്കുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 7.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. സെമസ്റ്റർ പരീക്ഷകൾക്ക് ആറു മാസം കൂടുമ്പോൾ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് നടത്തുന്നത് പോലെ വാർഷിക പരീക്ഷകൾക്കും കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് നടത്തിക്കൂടെ എന്ന സമിതിയുടെ ചോദ്യത്തിന് വാർഷിക പരീക്ഷകൾ രണ്ട് സ്കീമിലായതിനാൽ റഗുലർ ടീച്ചേഴ്സിനെ കിട്ടാറില്ല എന്നും വാർഷിക പരീക്ഷകൾക്കും പ്രൈവറ്റ് രജിസ്ട്രേഷനും യൂണിവേഴ്സിറ്റി പാനലിലുള്ള റിട്ടയേർഡ് ടീച്ചേഴ്സിന്റെ സേവനമാണ് കൂടുതൽ ഉപയോഗിക്കുന്നത് എന്നും കേരളാ സർവ്വകലാശാല പരീക്ഷാ കൺട്രോളർ മറുപടി നൽകി.

2. B. Tech-ന്റെ പരീക്ഷകൾ മാത്രമേ ഫാസ്റ്റ് ട്രാക്കിൽ പബ്ലിഷ് ചെയ്യുന്നുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിൽ മറ്റ് പരീക്ഷകൾക്കും ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള വിശദാംശം സമിതി ആരാഞ്ഞതിന് B. Tech പരീക്ഷയും പൂർണ്ണമായും ഫാസ്റ്റ് ട്രാക്കിൽ ആയിട്ടില്ലെന്നും സ്വാശ്രയ കോളേജുകളിലെ അധ്യാപകരെ വെക്കേഷൻ സമയത്ത് മാനേജ്മെന്റ് ടെർമിനേറ്റ് ചെയ്യുന്നതിനാലും ടി അധ്യാപകരുടെ മേൽ യൂണിവേഴ്സിറ്റിക്ക് നിയന്ത്രണം ഇല്ലാത്തതിനാലും റഗുലർ/എയ്ഡഡ് കോളേജുകളിലെ അധ്യാപകരുടെ സേവനം മാത്രമേ ഇതിനുവേണ്ടി ലഭിക്കുന്നുള്ളൂ എന്നും ഈ അധ്യാപകരെ മാത്രമേ ചെയർമാൻ, ചീഫ് എക്സാമിനർ എന്നീ നിലകളിൽ ചുമതലപ്പെടുത്താൻ കഴിയുകയുള്ളൂ എന്നും പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്ന കുട്ടികളുടെ ഉത്തരക്കടലാസുകൾ പരിശോധിക്കുന്നതിന് റിട്ടയേർഡ് അധ്യാപകരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും സർവ്വകലാശാല സമിതിയെ അറിയിച്ചു.

3. സർവ്വകലാശാലയിൽ പരീക്ഷാ സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 15 വർഷം കഴിഞ്ഞിട്ടും, മൂല്യനിർണ്ണയ കേന്ദ്രങ്ങളിലിരുന്ന് വിദ്യാർത്ഥികളുടെ മാർക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള

സോഫ്റ്റ്‌വെയർ കമ്പ്യൂട്ടർ സെന്റർ നൽകിയിട്ടും, സ്ഥിരം മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഇന്റർനെറ്റ് കണക്ഷൻ ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി വിലയിരുത്തിയ സമിതി ഇത് സംബന്ധിച്ച് ഗവൺമെന്റുമായി കൂടിയാലോചനകൾ നടത്തുകയോ കമ്പ്യൂട്ടറൈസേഷന്റെ പുരോഗതി സംബന്ധിച്ച എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് ആരായുകയുണ്ടായി. സർക്കാർ തലത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ചർച്ച നടന്നിട്ടുണ്ടെന്നും അക്കാദമിക്, അഡ്മിനിസ്ട്രേഷൻ, പ്ലാനിംഗ് വിഭാഗങ്ങൾ എന്നിവ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനാണ് സർക്കാർ പ്രാധാന്യം നൽകിയിട്ടുള്ളതെന്നും അതിൽ എക്സാമിനേഷൻ വിംഗിനെ കൂടി ഉൾപ്പെടുത്തുവാൻ നിവേദനം നൽകിയിട്ടുണ്ടെന്നും പരീക്ഷാ രജിസ്ട്രേഷൻ, ഹാൾടിക്കറ്റ് വിതരണം തുടങ്ങിയ പല കാര്യങ്ങളും ഇപ്പോൾ തന്നെ ഓൺലൈൻ വഴി ആക്കിയിട്ടുണ്ടെന്നും ഇ-ഗവേർണൻസ് പൂർണ്ണമാകുന്ന മുറയ്ക്ക് പരീക്ഷാ സമ്പ്രദായം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ കഴിയുമെന്നമാണ് പ്രതീക്ഷിക്കുന്നതെന്നും ഇ-ഗവേർണൻസ് പ്രോജക്ടിൽ കൊളീജിയേറ്റ് എഡ്യൂക്കേഷൻ, ടെക്നിക്കൽ എഡ്യൂക്കേഷൻ, 5 സർവ്വകലാശാലകൾ എന്നിവയെ ഒരു നെറ്റ്‌വർക്കിൽ കൊണ്ടുവരുന്നതിനുള്ള നടപടിക്രമങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നതെന്നും സർവ്വകലാശാല സമിതിയെ അറിയിച്ചു. ഫണ്ടിന്റെ അഭാവവും എക്സാമിനേഷൻ മൊഡ്യൂളിലുണ്ടായ കാലതാമസവും കമ്പ്യൂട്ടർവൽക്കരണം വൈകുന്നതിന് കാരണവുമായിട്ടുണ്ടെന്നും സർവ്വകലാശാല കൂട്ടിച്ചേർത്തു.

4. കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കുന്നതും മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ ഓൺലൈൻ സൗകര്യം ഏർപ്പെടുത്തുന്നതുമായ നടപടികൾ മൂന്ന് മാസം കൊണ്ട് പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

5. പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും ഉത്തരക്കടലാസുകൾ സർവ്വകലാശാലയുടെ സംഭരണ കേന്ദ്രങ്ങളിലേക്കും അവിടെ നിന്ന് മൂല്യനിർണ്ണയ ക്യാമ്പുകളിലേക്കും കൊണ്ടുപോകുന്നതിന് ആവശ്യമായ വാഹന സൗകര്യമില്ല എന്നതിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് സമിതി ആരായുകയും സാങ്കേതികവിദ്യ ഇത്രയധികം വികസിച്ച ഇക്കാലത്ത് കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കി യഥാസമയം മൂല്യനിർണ്ണയം നടത്തേണ്ടതാണെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന പരീക്ഷകളിൽ ഓൺലൈൻ വഴി ചോദ്യപേപ്പർ അയയ്ക്കുന്ന രീതി നടപ്പിലാക്കിട്ടുണ്ടെന്ന് സർവ്വകലാശാലാരജിസ്ട്രാർ മറുപടി നൽകിയതിനെത്തുടർന്ന് പരീക്ഷാ വിഭാഗം മുഴുവനായും ആധുനികവൽക്കരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. എല്ലാ യൂണിവേഴ്സിറ്റികളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി ആധുനികവൽക്കരണം നടപ്പിലാക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുവാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിന് സമിതി നിർദ്ദേശം നൽകുകയും ചെയ്തു.

6. കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിൽ സർവ്വകലാശാല നടത്തുന്ന B. Tech ഒഴികെ മറ്റ് പരീക്ഷകളുടെയെല്ലാം ഫലം സമയബന്ധിതമായി പ്രഖ്യാപിക്കാൻ കഴിയുന്നുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് നിശ്ചിത തീയതിയിൽ തന്നെ ഫലം പ്രഖ്യാപിക്കാൻ ശ്രമിക്കുന്നുണ്ട് എന്ന സർവ്വകലാശാലയുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും മൂല്യനിർണ്ണയ ക്യാമ്പിൽ പങ്കെടുക്കാൻ ഉദ്യോഗസ്ഥർ വൈമുഖ്യം കാണിക്കുന്നുണ്ടോ എന്ന് തുടരന്വേഷണം നടത്തിയതിൽ Non reporting കേസുകൾ ഉണ്ടാകാറുണ്ടെന്നും അവരിൽ നിന്നുള്ള വിശദീകരണം ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്യുന്നുണ്ടെന്നും സർവ്വകലാശാല അറിയിച്ചതിനെ തുടർന്ന് അധ്യാപകർ മൂല്യനിർണ്ണയ ഡ്യൂട്ടിക്ക് ഹാജരാകാതെ കൃത്യവിലോപം കാണിച്ച എന്ന് സൂചിപ്പിക്കുന്ന കേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**7. സർവ്വകലാശാലയിൽ പരീക്ഷാ സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പ്രവർത്തികൾ ആരംഭിച്ചിട്ട് 15 വർഷം കഴിഞ്ഞതായും മൂല്യനിർണ്ണയ കേന്ദ്രങ്ങളിലിരുന്ന് മാർക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ സെന്റർ ഉണ്ടായിട്ടും സ്ഥിരം മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഇന്റർനെറ്റ് കണക്ഷൻ പോലുമില്ലാത്ത സ്ഥിതിയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. മാത്രമല്ല യൂണിവേഴ്സിറ്റിയുടെ എക്സാമിനേഷൻ കമ്പ്യൂട്ടർവൽക്കരണം പ്രത്യേക പ്രോജക്ടാണെന്നും സമിതി നിരീക്ഷിക്കുന്നു. മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഇന്റർനെറ്റ് കണക്ഷൻ ഇല്ല എന്ന യൂണിവേഴ്സിറ്റിയുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസേഷൻ, ഓൺലൈൻ സൗകര്യം എന്നീ നടപടികൾ മൂന്ന് മാസങ്ങൾക്കുള്ളിൽ പൂർത്തിയാക്കണമെന്നും ആയത് സംബന്ധിച്ച് കൈക്കൊണ്ട നടപടി താമസംവിനാ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**8. കേരള സർവ്വകലാശാലയിൽ പരീക്ഷാ മൂല്യനിർണ്ണയ ക്യാമ്പുകളിൽ അദ്ധ്യാപകർ ഹാജരാകാത്ത "നോൺ റിപ്പോർട്ടിംഗ്" ആയ കേസ്സുകൾ യഥാസമയം സർവ്വകലാശാല ഉന്നതവിദ്യാഭ്യാസ വകുപ്പിനെ അറിയിക്കാറുണ്ടോ എന്നത് സംബന്ധിച്ചും അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നതും ഉൾക്കൊള്ളുന്ന വിശദമായ റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**9. ഉന്നതവിദ്യാഭ്യാസ വകുപ്പിനുള്ള നിർദ്ദേശം:-**

**ഉന്നതവിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള എല്ലാ സർവ്വകലാശാലകളിലേയും പരീക്ഷാജോലിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി ആധുനിക വൽക്കരണം സമയബന്ധിതമായി നടപ്പാക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നതോടൊപ്പം ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് രണ്ടു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൂല്യ നിർണ്ണയ ക്യാമ്പുകൾക്കും അനുബന്ധ ജോലികൾക്കും വേണ്ട പശ്ചാത്തല സൗകര്യങ്ങൾ ഏകോപിപ്പിച്ചിട്ടില്ല.**

സർവ്വകലാശാലയുടെ സ്ഥിരം മൂല്യനിർണ്ണയ ക്യാമ്പായി പ്രവർത്തിച്ചിരുന്ന കെട്ടിടം, ഉത്തരക്കടലാസുകൾ സ്വീകരിക്കുന്നതിനും ഫാൾസ് നമ്പറിംഗ് നൽകുന്നതിനുമുള്ള കേന്ദ്രമായാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. സുരക്ഷിതമല്ലാത്ത കെട്ടിടത്തിൽ മഴയും കാറ്റുമേൽക്കുന്ന അവസ്ഥയിലാണ് ഉത്തരക്കടലാസുകൾ കെട്ടിവച്ചിരിക്കുന്നത്.

കേന്ദ്രീകൃത മൂല്യനിർണ്ണയം സെനറ്റ് ഹൗസ് ക്യാമ്പസിന്റെ വിവിധ ഭാഗങ്ങളിലുള്ള കെട്ടിടങ്ങളിലും മാർക്ക് ടാബുലേഷൻ വിഭാഗവും കമ്പ്യൂട്ടർ ലാബും മറ്റ് പല കെട്ടിടങ്ങളിലുമായാണ് പ്രവർത്തിക്കുന്നത്. പരീക്ഷാ സംബന്ധമായ ജോലികൾ ഒരു മന്ദിര സമുച്ചയത്തിൽ ഏകോപിപ്പിക്കേണ്ടത് പരീക്ഷകളുടെ സുഗമവും സുതാര്യവുമായ നടത്തിപ്പിന് അത്യന്താപേക്ഷിതമാണ്.

പരീക്ഷാ ചോദ്യപേപ്പറുകളും, ഉത്തരക്കടലാസുകളും അനുബന്ധ സാമഗ്രികളും പരീക്ഷാ കേന്ദ്രങ്ങൾ, മൂല്യനിർണ്ണയ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേയ്ക്കും തിരികെ സർവ്വകലാശാല ആസ്ഥാനത്തേക്കും എത്തിക്കുന്ന പരീക്ഷാ വിഭാഗത്തിലെ സി.ഡി.യൂണിറ്റിന് ആവശ്യമായ വാഹനങ്ങളും സ്റ്റാഫും ഇല്ല. ഒരേ സമയം നടക്കുന്ന നിരവധി പരീക്ഷകൾക്ക് നിലവിലെ വാഹന സൗകര്യം പര്യാപ്തമല്ല. വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന പരീക്ഷകൾക്ക് പാറശ്ശാല മുതൽ കണ്ണൂർ വരെ കേന്ദ്രങ്ങളുണ്ട്. ഈ ഉത്തരക്കടലാസുകളും തിരുവനന്തപുരത്ത് എത്തിച്ചാണ് മൂല്യനിർണ്ണയം നടത്തുന്നത്. മൂല്യനിർണ്ണയത്തിന്റെ ഗതിവേഗം കൂട്ടുന്നതിന് സി.ഡി. യൂണിറ്റിന് ആവശ്യമായ വാഹനങ്ങളും ജീവനക്കാരും ഉണ്ടാകേണ്ടതുണ്ട്.

**സർവ്വകലാശാല വകുപ്പുകൾ പരീക്ഷകൾ കേന്ദ്രീകൃതമായും കമ്പ്യൂട്ടർവൽകൃതമായും നടത്തുന്നില്ല**

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ ഉത്തരക്കടലാസുകൾ മാത്രമാണ് ഇപ്പോൾ കേന്ദ്രീകൃതമായി മൂല്യനിർണ്ണയം നടത്തുന്നത്. സർവ്വകലാശാല വകുപ്പുകൾ നടത്തുന്ന പരീക്ഷകളുടെ മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവയിൽ പരീക്ഷാകൺട്രോളറുടെ ഓഫീസിന് ഒരു പങ്കുമില്ല. സർവ്വകലാശാലയുടെ കീഴിലുള്ള വകുപ്പുകളും കോളേജുകളും തത്തുല്യമായ സ്ഥാപനങ്ങളും നടത്തുന്ന സമാനമായ പരീക്ഷകളുടെ എല്ലാ ഘട്ടത്തിലുമുള്ള പ്രക്രിയകൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഏകോപിപ്പിച്ച് നടത്തുന്ന രീതി സ്വീകരിക്കുന്നത് പരീക്ഷാ സമ്പ്രദായത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനും സഹായകരമാകും.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 7.1.2)

10. ഓഡിറ്റ് തടസ്സം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും ഉത്തരക്കടലാസുകൾ ഭദ്രമായി സർവ്വകലാശാലയിൽ എത്തിക്കുന്നതും, സർവ്വകലാശാലയിൽ നിന്നും മൂല്യനിർണ്ണയ ക്യാമ്പുകളിൽ എത്തിക്കുന്നതും, ചോദ്യ പേപ്പറുകൾ വിതരണം ചെയ്യുന്നതും സർവ്വകലാശാലയുടെ ചുമതലയാണെന്നും പരീക്ഷകളുടെ എണ്ണം വളരെ കൂടുതലായി വരുന്നതിനാൽ നിലവിലുള്ള വാഹനങ്ങൾ ഉപയോഗിച്ച് ഇവയുടെ വിതരണം നടപ്പാക്കുന്നതിൽ ബുദ്ധിമുട്ടുള്ളതായി സർവ്വകലാശാല അധികൃതർ അറിയിക്കുകയും പരീക്ഷാ സംബന്ധമായ ജോലികൾക്കായി ഒരു പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായിവരുന്നു എന്നും കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായിക്കഴിഞ്ഞാൽ ആൻസർ ബുക്ക് സ്കാൻ ചെയ്ത് അയയ്ക്കാൻ കഴിയുമെന്നും യൂണിവേഴ്സിറ്റി രജിസ്ട്രാർ (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു. തുടർന്ന് ചോദ്യപേപ്പറുകൾ വാഹനങ്ങളിൽ കൊണ്ടുപോകേണ്ട ആവശ്യമില്ലെന്ന് നിരീക്ഷിച്ച സമിതി ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തി ഉത്തരവാദിത്തപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥന് അതിന് വേണ്ട ഐ.ഡി. കൊടുത്ത് അപ്പപ്പോൾ തന്നെ ചോദ്യപേപ്പർ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതേയുള്ളൂ എന്നും നിർദ്ദേശിച്ചു. വാല്യുവേഷൻ സമയബന്ധിതമായി നടക്കണമെങ്കിൽ കമ്പ്യൂട്ടറൈസേഷൻ ഫലപ്രദമായി നടപ്പാക്കിയാൽ മതിയാകുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

11. റെക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പരീക്ഷാ വിഭാഗത്തിലെ റെക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്ന ജോലികൾ ആരംഭിച്ചിട്ടുണ്ട് എന്നും ഒരു പരിധി വരെ ടാബുലേഷൻ ഷീറ്റ് ഡിജിറ്റലൈസ് ചെയ്തു വരികയാണെന്നും രജിസ്ട്രാർ മറുപടി നൽകി. കേരളത്തിൽ കമ്പ്യൂട്ടർ വ്യാപകമായി ഉപയോഗിക്കുന്നതിന് വളരെ മുമ്പ് തന്നെ കമ്പ്യൂട്ടർ സെന്റർ ഉണ്ടായിരുന്ന സ്ഥാപനമാണ്

കേരള യൂണിവേഴ്സിറ്റിയെന്നും കമ്പ്യൂട്ടറൈസേഷന്റെ കാര്യത്തിൽ മറ്റുള്ള സ്ഥാപനങ്ങൾക്ക് മാതൃകയാകേണ്ട സ്ഥാപനമാണ് കേരള യൂണിവേഴ്സിറ്റിയെന്നും സമിതി അഭിപ്രായപ്പെട്ടു.

12. ആധുനികവൽക്കരണം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പ്ലാനിംഗ് ഡെവലപ്മെന്റ് ബ്രാഞ്ചും കമ്പ്യൂട്ടർ സെന്ററും ചേർന്നാണ് ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ചുമതല വഹിക്കുന്നത് എന്നും കൂടാതെ പരീക്ഷകൾക്കായി സിൻഡിക്കേറ്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി ഉണ്ടെന്നും രജിസ്ട്രാർ സമിതിയെ ബോധിപ്പിച്ചു. പി.എസ്.സി. വഴി റിക്രൂട്ട്മെന്റ് ആരംഭിച്ചതിനാൽ സ്റ്റാഫിന്റെ കുറവ് ഇപ്പോൾ പരിഹരിക്കപ്പെട്ടുവെന്നും രജിസ്ട്രാർ മറുപടി നൽകി.

13. പുതിയ സാങ്കേതിക സർവ്വകലാശാല വന്നപ്പോൾ സാങ്കേതിക വിദ്യാഭ്യാസ പരീക്ഷകളുടെ ചുമതലയിൽ വിന്യസിക്കപ്പെട്ട ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായത് ഓഡിറ്റ് പരിശോധിക്കാത്തത് സംബന്ധിച്ച് സമിതി ആരായുകയുണ്ടായി. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പരീക്ഷാ നടത്തിപ്പിന്റെ ചുമതല നോക്കിയിരുന്ന 100-ഓളം ജീവനക്കാർ യൂണിവേഴ്സിറ്റിയിൽ ഉണ്ടായിരുന്നുവെന്നും ഇപ്പോഴും എല്ലാ വിദ്യാർത്ഥികളും പുതിയ സർവ്വകലാശാലയുടെ കീഴിൽ വന്നിട്ടില്ലാത്തതിനാൽ നിലവിലും പരീക്ഷാ ചുമതല ഉണ്ടെന്നും ആർട്സ് ആന്റ് സയൻസ് കോളേജുകളുടെയും ബി.എഡ്. കോളേജുകളുടെയും എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതിനാലും സെമസ്റ്റർ സിസ്റ്റമാക്കിയപ്പോൾ പരീക്ഷകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുകയും ചെയ്തുവെന്നും കൂടുതൽ വരുന്ന ജീവനക്കാരെ ഇക്കാര്യങ്ങൾക്കായി പുനർവിന്യസിച്ചു വരികയാണെന്നും രജിസ്ട്രാർ അറിയിച്ചു.

14. ഒരു പുതിയ യൂണിവേഴ്സിറ്റി വരുമ്പോൾ, ആ യൂണിവേഴ്സിറ്റിയുടെ അധികാരപരിധിയിൽ ഉണ്ടായിരുന്ന ഒരു ഉദ്യോഗസ്ഥനെയും പുനർവിന്യാസം ചെയ്യാത്തതുമൂലം സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാവാനുള്ള സാധ്യത കണക്കിലെടുത്തും ആധുനികവൽക്കരണത്തിന്റെ ഭാഗമായി വർക്ക്ലോഡ് സംബന്ധിച്ച പഠനം നടത്തണമെന്നും മനുഷ്യവിഭവശേഷിയുടെ ലാഭം വിലയിരുത്താനുള്ള സംവിധാനം വേണമെന്നും ഇത് ഉന്നതവിദ്യാഭ്യാസ വകുപ്പ് ഗൗരവമായി എടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**15. പരീക്ഷാ സമ്പ്രദായം കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനെ സംബന്ധിച്ച സമിതിയുടെ ഖണ്ഡിക 7-ലെ നിർദ്ദേശം സമിതി ആവർത്തിക്കുന്നു.**

**16. പുതിയ സാങ്കേതിക സർവ്വകലാശാല നിലവിൽ വന്ന സാഹചര്യത്തിൽ കേരള സർവ്വകലാശാലയിൽ എഞ്ചിനീയറിംഗ് പഠനവുമായി ബന്ധപ്പെട്ട**

**സെക്ഷനുകളിൽ ജോലി കുറഞ്ഞുവരികയാണെന്ന് സമിതി നിരീക്ഷിക്കുന്നു. അധികം വരുന്ന ജീവനക്കാരെ പുനർവിന്യസിക്കാത്തതുമൂലം സർക്കാരിന് കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിക്കാൻ ഇടയുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, ആധുനികവൽക്കരണം നടപ്പാക്കുമ്പോൾ അതിന്റെ ഭാഗമായി ജോലിഭാരം സംബന്ധിച്ച പഠനംകൂടി നടത്തണമെന്നും അതു സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ടാബുലേഷൻ, കമ്പയിലേഷൻ വിഭാഗങ്ങളിൽ പരിചയ സമ്പന്നരായ ജീവനക്കാരുടെ അഭാവം.**

സർവ്വകലാശാലയിൽ ഇപ്പോൾ ഏകദേശം മൂന്നിൽ രണ്ട് ഭാഗം ജീവനക്കാരും താൽക്കാലിക ദിവസവേതനക്കാരാണ്. എല്ലാ സെക്ഷനുകളിലും ദിവസവേതനക്കാരായ ജീവനക്കാരെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്ന പേരിൽ മൂന്നു മാസക്കാലയളവിലേക്ക് നിയോഗിക്കുക എന്നതാണ് നിലവിലുള്ള രീതി. യാതൊരു പ്രവർത്തന പരിചയവുമില്ലാത്ത നിരവധി പേർ ടാബുലേഷൻ വിഭാഗത്തിൽ ജോലി ചെയ്യുന്നു. ടാബുലേഷൻ പോലെ സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട ജോലികൾ അനുയോജ്യരല്ലാത്ത ജീവനക്കാർ നിർവ്വഹിക്കുന്നതിനാൽ ധാരാളം തെറ്റുകൾ കടന്നുകൂടി പരീക്ഷാ ഫലപ്രഖ്യാപനത്തെ ബാധിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 7.1.3)

17. ടാബുലേഷൻ, കമ്പയിലേഷൻ വിഭാഗങ്ങളിൽ പരിചയ സമ്പന്നരായ ജീവനക്കാരുടെ അഭാവം സംബന്ധിച്ച ഓഡിറ്റ് ഖണ്ഡിക പരിഗണിക്കവേ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായാൽ ടാബുലേഷൻ എളുപ്പമാക്കാൻ സാധിക്കും എന്നുള്ള സമിതിയുടെ നിരീക്ഷണത്തെ തുടർന്ന് ടാബുലേഷൻ വിഭാഗത്തിൽ പകുതിയോളം കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ടെന്നും ബാക്കിയുള്ളതിന്റെ വർക്ക് നടന്നുകൊണ്ടിരിക്കുകയാണെന്നും ആയത് കാലതാമസം കൂടാതെ പൂർത്തിയാക്കുമെന്നും അതേ തുടർന്ന് ടാബുലേഷൻ ജോലി എളുപ്പത്തിൽ ചെയ്യാൻ കഴിയുമെന്നും രജിസ്ട്രാർ (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**18. കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായാൽ ടാബുലേഷൻ ജോലികൾ എളുപ്പമാക്കാൻ സാധിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ടാബുലേഷൻ/**

**കമ്പയിലേഷൻ - വിഭാഗങ്ങളിലെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കി അടിയന്തരമായി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൂല്യനിർണ്ണയ ക്യാമ്പുകളുടെ ചുമതലക്കാരായ ഉദ്യോഗസ്ഥർ കൈപ്പറ്റുന്ന മുൻകൂറുകൾ ക്രമപ്പെടുത്തുന്നില്ല.**

സർവ്വകലാശാല നടത്തുന്ന മൂല്യനിർണ്ണയ ക്യാമ്പുകളുടെ നടത്തിപ്പിനായി ക്യാമ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന് ഗണ്യമായ തുക മുൻകൂറായി നൽകുന്നു. ക്യാമ്പുകൾ പൂർത്തിയായാൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും രേഖകളും സഹിതം ഒരു മാസത്തിനകം മുൻകൂർ ക്രമീകരിക്കണമെന്നാണ് പരീക്ഷാ മാന്വൽ വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ കോടിക്കണക്കിന് രൂപയുടെ മുൻകൂറുകളാണ് വർഷങ്ങളായി ക്രമപ്പെടുത്താതെ കിടക്കുന്നത്.

2012-13 സാമ്പത്തിക വർഷം പരീക്ഷാ ചെലവുകൾക്കായി സർവ്വകലാശാല ആകെ 38,41,30,000 രൂപ വിനിയോഗിച്ചു. ഈ തുകയിൽ മൂല്യനിർണ്ണയ ക്യാമ്പുകൾക്കായി മുൻകൂർ നൽകിയത് 4,23,78,610 രൂപയാണ്. 2013 നവംബർ 30 വരെയുള്ള കണക്കനുസരിച്ച് ക്രമപ്പെടുത്തിയ മുൻകൂർ തുക 57,51,052 രൂപ മാത്രമാണ്. അതായത് 2012-13-ൽ മാത്രം 3,66,27,558 രൂപയുടെ മുൻകൂർ ക്രമപ്പെടുത്താനവശേഷിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 7.1.4)

19. മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ കൈപ്പറ്റുന്ന മുൻകൂറുകൾ ക്രമപ്പെടുത്തുന്നില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് ആകെ ക്രമപ്പെടുത്താനുള്ള 3,66,27,558 രൂപയിൽ ഇനിയും ക്രമപ്പെടുത്താനുള്ളത് 1,13,00,000 രൂപ മാത്രമാണെന്നും കൂടാതെ 15 ലക്ഷം രൂപയുടെ കാര്യത്തിൽ ക്രമപ്പെടുത്താനുള്ള രേഖകൾ ഹാജരാക്കുകയും ആയത് പരിശോധിച്ചുകഴിഞ്ഞ് ക്രമപ്പെടുത്താനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടെന്നും മുൻകൂർ തുക അടയ്ക്കാനുള്ളവർക്ക് എതിരെ ഇപ്പോൾ ലഭിച്ചിട്ടുള്ള 60 ലക്ഷം രൂപയുടെ ബില്ലുകളുടെയും വൗച്ചറുകളുടെയും പരിശോധന നടന്നുവരികയാണെന്നും സർവ്വകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു. ഇനിയും മുൻകൂർ തുക അടയ്ക്കാനുള്ളവർക്ക് എതിരെ ശിക്ഷാ നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നും പിഴപ്പലിശ അടക്കം തുക അടയ്ക്കാനുള്ളവർക്ക് മെമ്മോ നൽകി തുക തിരിച്ചുപിടിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

കൂടാതെ മുൻകൂർ തുക നൽകുന്ന സമ്പ്രദായം അവസാനിപ്പിച്ച് അദ്ധ്യാപകർക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും നേരിട്ട് അവരുടെ അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറുന്ന രീതിയാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നതെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു

20. ഇനിയും ക്രമപ്പെടുത്താനുള്ള തുക ക്രമപ്പെടുത്തി മൂന്ന് മാസത്തിനുള്ളിൽ സമിതിയെ അറിയിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച സമിതി എന്നാൽ മാത്രമേ ഓഡിറ്റ് തടസ്സത്തിൽ നിന്നും ഈ ഖണ്ഡിക ഒഴിവാക്കാനാകൂ എന്ന് വ്യക്തമാക്കി.

**നിഗമനങ്ങൾ/ശിപാർശകൾ**

**21. മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ കൈപ്പറ്റിയ മുൻകൂർ തുക അടയ്ക്കാനുള്ളവരിൽനിന്ന് പിഴപ്പലിശ സഹിതം സ്വീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഇനിയും ക്രമപ്പെടുത്താനുള്ള തുക ക്രമപ്പെടുത്തി മൂന്നുമാസത്തിനുള്ളിൽ സമിതിയ്ക്ക് റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.**

എം.ജി. സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

**സ്വാശ്രയ സ്ഥാപനങ്ങളിലെ ഫാക്കൽറ്റി നിയമനം**

നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ ബി+ അക്രഡിറ്റേഷനുള്ള എം.ജി. സർവ്വകലാശാലയുടെ കീഴിൽ സ്വാശ്രയ മേഖലയിൽ 36 പഠന വകുപ്പുകളും 202 സ്വാശ്രയ സ്ഥാപനങ്ങളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

16-3-2010-ലെ 1318/SFI/Admn. നമ്പർ സർവ്വകലാശാല ഉത്തരവു പ്രകാരം നിലവിൽ വന്ന സ്പെഷ്യൽ റൂൾസിനെ അടിസ്ഥാനപ്പെടുത്തിയാണ് സ്വാശ്രയ സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനങ്ങൾ നടക്കുന്നത്.

പത്രപ്പരസ്യത്തിലൂടെ അപേക്ഷകൾ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികളെ താൽക്കാലികാടിസ്ഥാനത്തിൽ/കരാറടിസ്ഥാനത്തിൽ/ഗസ്റ്റ് നിയമനം എന്നിങ്ങനെ മൂന്ന് രീതിയിൽ ആണ് നിയമിക്കുന്നത്. അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമായിരിക്കുന്നു. ഇപ്രകാരം നിയമനം ലഭിക്കുന്ന ആളുകൾക്ക് കരാറിൽ പറഞ്ഞിട്ടുള്ള ഒരു നിശ്ചിത തുകയല്ലാതെ നിയമന കാലാവധിക്കുശേഷം പുനർനിയമനത്തിനോ മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾക്കോ അവകാശം ഇല്ല. നിയമന കാലാവധി കരാർ തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും.

**സ്വാശ്രയ സ്ഥാപനങ്ങളിൽ നിലവിലുള്ള അദ്ധ്യാപക തസ്തികകളുടെ വിവരം**

സർവ്വകലാശാലയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 36 സ്വാശ്രയ സ്ഥാപനങ്ങളിലായി നിലവിലുള്ള 528 അദ്ധ്യാപക തസ്തികകളിൽ 100 നിശ്ചിത ശമ്പള സ്കെയിലുള്ള താൽക്കാലിക അദ്ധ്യാപകരും, 246 കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരും 182 ഗസ്റ്റ് അദ്ധ്യാപകരും പ്രവർത്തിക്കുന്നു.

**സ്വാശ്രയ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തതയും ഫാക്കൽറ്റികളുടെ വേതനവും**

വിവിധ സ്വാശ്രയ സ്ഥാപനങ്ങളുടെ 2012-13-ലെ കണക്കുകൾ പരിശോധിച്ചതിൽ ആകെ 14.21 കോടിയുടെ പ്രവർത്തനമിച്ചം കാണുന്നു. അതിൽ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ഒഴികെ മറ്റ് സ്ഥാപനങ്ങളിൽ പ്രവർത്തനമിച്ചം ഉണ്ടായിട്ടുള്ളതിന്റെ പ്രധാന കാരണം ഫാക്കൽറ്റികൾക്ക് കുറഞ്ഞ നിരക്കിലുള്ള വേതനം നൽകുന്നുവെന്നതാണ്. സ്ഥിരം ഫാക്കൽറ്റികൾക്ക് തുല്യമായ വേതനം സ്വാശ്രയ സ്ഥാപനങ്ങളിലെ ഫാക്കൽറ്റികൾക്കും അനുവദിയ്ക്കുകയാണെങ്കിൽ എല്ലാ സ്ഥാപനങ്ങളും പ്രവർത്തന നഷ്ടത്തിലാവുകയും 'സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ' എന്ന ആശയം തന്നെ അട്ടിമറിക്കപ്പെടുകയും ചെയ്യും. സർക്കാരിൽ നിന്നും ലഭിക്കുന്ന പ്ലാൻ/നോൺ പ്ലാൻ ഗ്രാന്റുകൾ സർവ്വകലാശാലയുടെ സാമ്പത്തികാവശ്യങ്ങളുടെ പരിമിതമായ ഭാഗം നിർവ്വഹിക്കുന്നതിന് മാത്രമേ പര്യാപ്തമാകുന്നുള്ളൂ. സർവ്വകലാശാല സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നതെങ്കിലും സാമ്പത്തിക തകർച്ചയിലേയ്ക്ക് എത്തിപ്പെടാത്തത് സ്വാശ്രയ സ്ഥാപനങ്ങളിലെ ഫണ്ട് വക മാറ്റി ചെലവഴിക്കുന്നതു കൊണ്ട് മാത്രമാണ്. എന്നാൽ സ്വാശ്രയ സ്ഥാപനങ്ങളുടെ പ്രവർത്തനമിച്ചം സർവ്വകലാശാല ഫണ്ടിന്റെ ഭാഗമായി കണക്കാക്കാമോ എന്ന കാര്യത്തിൽ വ്യക്തതയില്ല. സ്വാശ്രയ സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനങ്ങളിൽ സംവരണ തത്വങ്ങൾ പൂർണ്ണമായും പാലിക്കുന്നുണ്ടോ എന്ന കാര്യത്തിലും വ്യക്തതയുണ്ടാക്കേണ്ടതാണ്.

ഈ സാഹചര്യത്തിൽ സ്വാശ്രയ സ്ഥാപനങ്ങളിലെ ഫാക്കൽറ്റികളുടെ സേവന വേതന വ്യവസ്ഥകൾ പ്രസ്തുത സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വാശ്രയത്വം തകരാത്ത രീതിയിൽ പരിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർവ്വകലാശാലയുടെയും സർക്കാരിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

**സ്ഥിരം ഫാക്കൽറ്റികളുമായുള്ള സേവന-വേതന വ്യവസ്ഥകളിൽ അന്തരം**

സർവ്വകലാശാലയുടെ കീഴിൽ വിവിധ സ്കൂളുകൾ/ഡിപ്പാർട്ട്മെന്റുകളിൽ നിയമിക്കപ്പെടുന്ന സ്ഥിരം ഫാക്കൽറ്റിയും അതേ അക്കാദമിക് യോഗ്യതയുള്ളതും സ്വാശ്രയ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിലോ താൽക്കാലികാടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്നവരുമായ അദ്ധ്യാപകരും തമ്മിൽ സേവന/വേതന വ്യവസ്ഥകളിൽ

താരതമ്യത്തിന് അതീതമായ അന്തരം നിലനിൽക്കുന്നു. ഒരേ സ്ഥാപനത്തിൽ തന്നെ തങ്ങളെക്കാൾ അക്കാഡമിക് യോഗ്യത കുറഞ്ഞതും താഴ്ന്ന തസ്തികകളിൽ ജോലി ചെയ്യുന്നതുമായ സ്ഥിരം ജീവനക്കാർ ഉയർന്ന സേവന വേതന ആനുകൂല്യങ്ങൾ കൈപ്പറ്റുമ്പോൾ ഉയർന്ന അക്കാഡമിക് യോഗ്യതയുള്ള താൽക്കാലികക്കാർക്ക് ദീർഘകാലത്തെ സേവനത്തിന് ശേഷവും തുച്ഛമായ വേതനം മാത്രം ലഭിക്കുന്നു. 'ജോലി സംതൃപ്തി' എന്ന ഘടകം അക്കാഡമിക നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

സർവ്വകലാശാലയിലെ അഡ്മിനിസ്ട്രേറ്റീവ് തലത്തിൽ ഫിനാൻഷ്യൽ ഓഡിറ്റ് നടക്കുന്നുവെങ്കിലും സ്വാശ്രയ സ്ഥാപനങ്ങളിലെ സവിശേഷമായ സാഹചര്യം അക്കാഡമിക് നിലവാരത്തെ ബാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധരുൾപ്പെട്ട അക്കാഡമിക് ഓഡിറ്റ് സംവിധാനം രൂപീകൃതമായിട്ടില്ല. സർവ്വകലാശാലയ്ക്ക് പുറമെനിന്നുള്ള പ്രഗത്ഭരായ ഫാക്കൽറ്റികളെ കൂടി ഉൾപ്പെടുത്തി കാര്യക്ഷമമായ ഓഡിറ്റ് സംവിധാനം നടപ്പിൽ വരുത്തിയാൽ അദ്ധ്യാപനത്തിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിനും കുട്ടികളുടെ അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായകരമാവും.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 7.2, 7.2.1, 7.2.2 )

22. സ്വാശ്രയ സ്ഥാപനങ്ങളിലെ അധ്യാപക നിയമനം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഒരിക്കൽ നിയമനം ലഭിച്ചാൽ ഒരു വർഷം കഴിയുമ്പോൾ പിരിച്ച് വിടുകയും ഒരു ദിവസത്തെ ബ്രേക്ക് നൽകി വീണ്ടും അവരെത്തന്നെ തുടരാൻ അനുവദിക്കുകയും ആണ് ചെയ്യുന്നതെന്നും ഇപ്രകാരം 10-15 വർഷമായി തുടരുന്നവർ ഉണ്ട് എന്നും രജിസ്ട്രാർ സമിതിയെ ബോധിപ്പിച്ചു. കരാർ അടിസ്ഥാനത്തിൽ ഉള്ള അധ്യാപകർക്കും ഇപ്രകാരം ഓരോ വർഷവും ഒരു ദിവസത്തെ ബ്രേക്ക് നൽകി കരാർ വീണ്ടും പുതുക്കുകയാണ് ചെയ്യുന്നതെന്നും നിശ്ചിത ശമ്പള സ്കെയിൽ ഉള്ള അധ്യാപകരുടെ കാര്യത്തിൽ അവരുടെ റഗുലേറ്ററി ബോഡി പറയുന്ന ശമ്പളവും വാങ്ങി അത്തരം അധ്യാപകർക്ക് തുടരാം എന്നും എന്നാൽ അവരെ സ്ഥിരപ്പെടുത്തുകയില്ലായെന്നും രജിസ്ട്രാർ വ്യക്തമാക്കി.

23. സ്വാശ്രയ കോളേജുകളിലെ ഗസ്റ്റ് അധ്യാപകർക്ക് വളരെ പരിമിതമായ ശമ്പളമല്ലേ കൊടുക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് സ്വാശ്രയ സ്ഥാപനങ്ങൾക്കായി കേരള സർക്കാർ ഒരു ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടുണ്ട് എന്നും അത് ഗവൺമെന്റ്/ എയ്ഡഡ് കോളേജിലുള്ള അധ്യാപകരെക്കാളും വളരെക്കുറവാണ് എന്നും രജിസ്ട്രാർ സമിതിയെ ബോധിപ്പിച്ചു.

24. സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം ശമ്പളം നൽകാനായി ലഭിക്കുന്ന ഗ്രാന്റ് വളരെ കുറവാണ് എന്നും സർവ്വകലാശാലയുടെ പൊതുവായ കാര്യങ്ങൾ നടന്നു പോകുന്നത് ഇതിൽ നിന്നും ലഭിക്കുന്ന മിച്ചം കൂടി കണക്കിലെടുത്തായിരുന്നു എന്നും എന്നാൽ ഇപ്പോൾ ബി.എഡ്. കോഴ്സുകൾ രണ്ടു വർഷമാക്കിയപ്പോൾ കുട്ടികളുടെ എണ്ണം കുറഞ്ഞ് വൻ നഷ്ടത്തിലേക്ക് പോയിട്ടും അവിടങ്ങളിലെ ജനപ്രതിനിധികളുടെയും മറ്റും അഭ്യർത്ഥന മാനിച്ച് വൻ മുതൽമുടക്കിൽ നഷ്ടം പേറിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങൾ നടത്തിക്കൊണ്ട് പോകുവാൻ സർവ്വകലാശാല നിർബന്ധിതരാവുകയാണ് എന്നും എം.ജി. സർവ്വകലാശാല രജിസ്ട്രാർ സമിതി മുമ്പാകെ ബോധ്യപ്പെടുത്തി.

25. സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ സ്ഥിതി ആശങ്കാജനകമാണ്, ഇവിടെനിന്നും പാസ്സായ ആദ്യബാച്ചുകാരോട് ആരോഗ്യ സർവ്വകലാശാലയുടെ കോഴ്സിന് തുല്യമാണ് എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ പി.എസ്.സി. ആവശ്യപ്പെട്ടു. എന്നാൽ പ്രസ്തുത കോഴ്സ് തുല്യമല്ല എന്ന് ആരോഗ്യ സർവ്വകലാശാല അഭിപ്രായപ്പെട്ടതോടെ സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം ഗണ്യമായി കുറയുകയും ഇപ്പോൾ പ്രതിസന്ധിയിലാണെന്നും രജിസ്ട്രാർ അറിയിച്ചു. ശമ്പളം, പെൻഷൻ എന്നീ ഇനങ്ങളിൽ 145 കോടി രൂപ വേണ്ട സ്ഥാനത്ത് സർക്കാരിൽ നിന്നും ലഭിക്കുന്നത് 108 കോടി രൂപയാണ്. പല സ്ഥാപനങ്ങൾക്കും വേണ്ടി കെട്ടിടങ്ങൾ നിർമ്മിക്കുകയും ഇൻഫ്രാസ്ട്രക്ചർ ഡെവലപ് ചെയ്യുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ ഓരോ വർഷവും റഗുലേറ്ററി ബോഡി കൂടി ആവശ്യമുന്നയിക്കുമ്പോൾ അതിനും വൻ മുതൽമുടക്ക് വേണ്ടിവരുന്നു. സർക്കാരിന്റെ പിൻബലമില്ലാതെ സർവ്വകലാശാലയ്ക്ക് മുന്നോട്ട് പോകാൻ കഴിയാത്ത അവസ്ഥയാണെന്നും രജിസ്ട്രാർ അറിയിച്ചു.

26. ഒരേ യോഗ്യത ഉള്ളവർക്ക് സർക്കാർ കോളേജിൽ പഠിപ്പിക്കുമ്പോൾ ലഭിക്കുന്ന ശമ്പളവും സ്വാശ്രയ കോളേജിൽ പഠിപ്പിക്കുമ്പോൾ ലഭിക്കുന്ന ശമ്പളവും തമ്മിൽ വലിയ വ്യത്യാസമുള്ളതായും, ജോലി സ്ഥിരതയും ഇല്ല എന്ന് നിരീക്ഷിച്ച സമിതി ഇത് സംബന്ധിച്ച് വിശദാംശം ആരാഞ്ഞതിന് ഗവൺമെന്റ് മിനിമം ഇത്ര രൂപ വീതം കൊടുക്കണമെന്ന് സ്വാശ്രയ കോളേജുകൾക്കുവേണ്ടി ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട് എങ്കിലും അത് ലഭിക്കുന്നില്ല എന്നാണ് അധ്യാപകരുടെ പരാതി എന്നും സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചാൽ മാത്രമെ ആയത് പരിഹരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും രജിസ്ട്രാർ സമിതിയെ ബോധിപ്പിച്ചു.

27. എം.ജി. യൂണിവേഴ്സിറ്റി തുടങ്ങിയപ്പോൾ ഉണ്ടായിരുന്നതിന്റെ ഇരട്ടി കോഴ്സുകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റ് തുടങ്ങിയിട്ടുണ്ട് എന്നും അന്നത്തെക്കാലത്ത് ഫണ്ട് സ്വന്തമായി ജനറേറ്റ് ചെയ്യണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി സ്വന്തമായി കെട്ടിടം ഉണ്ടാക്കിയെന്നും ഇതിനായി ഗവൺമെന്റ് പലയിടത്തും

സ്ഥലം കൊടുത്തിട്ടുണ്ട് എന്നും എന്നാൽ ഇപ്പോൾ അവിടെനിന്ന് ഒഴിഞ്ഞുകൊടുക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ നിരന്തരം കേസ്സ് നടന്നുവരികയാണെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

28. യൂണിവേഴ്സിറ്റിയിൽ സ്വാശ്രയ കോഴ്സ് തുടങ്ങുന്നതിന് എന്തെങ്കിലും മാനദണ്ഡമുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, മാനദണ്ഡമുണ്ടെന്നും ഇപ്പോൾ യൂണിവേഴ്സിറ്റിയുടെ കീഴിൽ 10 ബി.എഡ്. കോളേജുകൾ ഉൾപ്പെടെ 38 സ്വാശ്രയ സ്ഥാപനങ്ങൾ ഉണ്ടെന്നും ഗവൺമെന്റ് അനുവദിച്ച 25 ഏക്കർ സ്ഥലത്ത് തൊടുപുഴയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചിട്ടുള്ളതായും ബി.എഡ്. കോളേജുകൾക്ക് സ്വന്തമായി സ്ഥലം ഇല്ലെന്നും ഏതൊരു സമയത്തും കോളേജിനെ ഒഴിപ്പിക്കാമെന്നുള്ള അവസ്ഥയാണെന്നും, തൃപ്പൂണിത്തുറയിലുള്ള കോളേജിനെ മൂന്ന് തവണ സ്ഥാനം മാറ്റി എന്നും, പല ബി.എഡ്. കോളേജുകളുടെയും അവസ്ഥ പരിതാപകരമാണെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

29. വേണ്ടത്ര ആലോചന ഇല്ലാതെയാണ് യൂണിവേഴ്സിറ്റി ടൗണിലും പരിസര പ്രദേശങ്ങളിലും സ്വാശ്രയ കോളേജുകൾ ആരംഭിച്ചത് എന്നും സ്വാശ്രയ സ്ഥാപനങ്ങളിലെ അധ്യാപകർക്ക് ശമ്പളം നൽകണമെങ്കിൽ സർക്കാരിൽ നിന്ന് ധനസഹായം ഉണ്ടാകണമെന്നും രജിസ്ട്രാർ അറിയിച്ചു.

30. ഗസ്റ്റ് ലക്ചറർമാരുടെ കാര്യത്തിലും ദിവസവേതനത്തിൽ ജോലി ചെയ്യുന്നവരുടെ കാര്യത്തിലും സംവരണ മാനദണ്ഡം കൃത്യമായി പാലിക്കുന്നുണ്ട് എന്ന് സമിതിയുടെ മറ്റൊരു ചോദ്യത്തിന് മറുപടിയായി രജിസ്ട്രാർ അറിയിച്ചു ഇപ്രകാരം നിയമിച്ച ഗസ്റ്റ് ലക്ചറർമാരുടെയും ദിവസവേതനക്കാരുടെയും പട്ടിക സമിതി മുമ്പാകെ ഹാജരാക്കാമെന്ന് രജിസ്ട്രാർ അറിയിച്ചു.

31. അക്കാഡമിക്ക് ഓഡിറ്റ് സംവിധാനത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, യൂണിവേഴ്സിറ്റിയിലെ സീനിയർ അധ്യാപകർ, മറ്റ് കോളേജുകളിലെ വിദഗ്ധരായ അധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി ഒരു അക്കാഡമിക്ക് ഓഡിറ്റ് സംവിധാനം രൂപീകരിച്ചിട്ടുണ്ട് എന്നും അവർ തയ്യാറാക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ സ്ഥാപനങ്ങളിലും വിതരണം ചെയ്യുകയും അവിടെ നിന്ന് കിട്ടുന്ന മറുപടി പരിശോധിക്കാനായി മറ്റൊരു കമ്മിറ്റികൂടി ഉണ്ടാക്കിയിട്ടുണ്ട് എന്നും ഇതു സംബന്ധിച്ച വിദഗ്ധ സമിതികളുടെയും അവരുടെ റിപ്പോർട്ടിന്റെയും വിശദാംശം സമിതിക്ക് മുമ്പാകെ സമർപ്പിക്കാം എന്നും രജിസ്ട്രാർ അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**32. സ്വാശ്രയസ്ഥാപനങ്ങളിൽ സവിശേഷമായ സാഹചര്യം അക്കാദമിക് നിലവാരത്തെ ബാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധരുൾപ്പെട്ട അക്കാഡമിക് സംവിധാനം രൂപീകൃതമാണ് എന്ന് സമിതി മനസ്സിലാക്കുന്നു. അക്കാദമിക് ഓഡിറ്റിന്റെ ഫോർമാറ്റ്, അക്കാദമിക് ഓഡിറ്റ് സർക്കുലേറ്റ് ചെയ്തത്, അവയ്ക്ക് ലഭിച്ച മറുപടികളുടെയും രണ്ട് വിദഗ്ധ സമിതികളുടെയും-ഓഡിറ്റ് ചെയ്യുന്നതിനുള്ള സമിതിയുടെയും മറുപടി പരിശോധിക്കുന്നതിനുള്ള സമിതിയുടെയും-വിശദവിവരം എന്നിവ അടങ്ങിയ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.**

## കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

**കോഴ്സുകളിലെ വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഫിഷറീസ് കോളേജും പുതുവൈപ്പ് മത്സ്യ ഗവേഷണ കേന്ദ്രവുമാണ് 1-4-2011-ൽ കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയായി മാറ്റപ്പെട്ടത്. 2013 നവംബറിൽ ഏഴ് സ്കൂളുകൾ ഇതിന്റെ കീഴിൽ നിലവിൽ വന്നുവെങ്കിലും അതിൽ സ്കൂൾ ഓഫ് ഫിഷറീസ് എൻവയോൺമെന്റ്, ഓഷ്യൻ എഞ്ചിനീയറിംഗ് ആന്റ് അണ്ടർ വാട്ടർ ടെക്നോളജി എന്നിവ ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

എല്ലാ സ്കൂളുകളുടെയും സംയോജിത ശ്രമമായി നടത്തപ്പെടുന്ന ഏക കോഴ്സാണ് ബാച്ചിലർ ഓഫ് ഫിഷറീസ് സയൻസ്. കേരള മെഡിക്കൽ പൊതു പ്രവേശന പരീക്ഷ വഴി തെരഞ്ഞെടുക്കപ്പെടുന്ന 50 വിദ്യാർത്ഥികൾക്കാണ് ഈ കോഴ്സിൽ പ്രവേശനം നൽകുന്നത്. 2010-11-ൽ 45 വിദ്യാർത്ഥികളും 2011-12, 2012-13 വർഷങ്ങളിൽ 49 വിദ്യാർത്ഥികൾ വീതവും 2013-14-ൽ 50 പേരും ആണ് പഠനം നടത്തിയത്. ആകെയുള്ള 193 വിദ്യാർത്ഥികൾക്കായി 16 അദ്ധ്യാപകരുടെ സേവനമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ ഒരു അദ്ധ്യാപകൻ പുതുവൈപ്പ് സ്റ്റേഷൻ ഡയറക്ടർ ആകയാൽ ഇവിടെ സേവനം ലഭ്യമല്ല.

**മറ്റ് കോഴ്സുകൾ-വിദ്യാർത്ഥികൾ-അധ്യാപകർ**

ബി.എഫ്.എസ്.സി. കഴിഞ്ഞാലുള്ള പ്രധാന കോഴ്സ് എം.എഫ്.എസ്.സി. ആണ്. വിവിധ വിഭാഗങ്ങളിലായി 8 ദ്വിവത്സര എം.എഫ്.എസ്.സി. കോഴ്സുകൾ നടത്തപ്പെടുന്നു. 8 കോഴ്സുകൾക്കായി 2013-14-ൽ പ്രവേശിപ്പിക്കാനുള്ള വിദ്യാർത്ഥികളുടെ പരാമാവധി എണ്ണം 23 ആണ്. തൻവർഷം ആകെ 16 വിദ്യാർത്ഥികൾ മാത്രമാണ് ഈ കോഴ്സുകൾക്ക് ചേർന്നിട്ടുള്ളത്.

ഓരോ സ്കൂളിന്റെയും കീഴിൽ വരുന്ന എം.എഫ്.എസ്.സി. കോഴ്സുകളും, അവയിലെ വിദ്യാർത്ഥി, അദ്ധ്യാപക എണ്ണവും ചുവടെ ചേർക്കുന്നു:

| സ്കൂൾ | MFSC കോഴ്സിന്റെ പേര് | വിദ്യാർത്ഥികളുടെ പരമാവധി എണ്ണം | | | | | | വിദ്യാർത്ഥികൾ നിലവിലുള്ളത് | | | | | | അദ്ധ്യാപകർ | | | PhD വിദ്യാർത്ഥികൾ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 2012-13 | | | 2013-14 | | | 2012-13 | | | 2013-14 | | | | | | | |
| | | KUFOS | ICAR | ആകെ | KUFOS | ICAR | ആകെ | KUFOS | ICAR | ആകെ | KUFOS | ICAR | ആകെ | സ്ഥിരം | കോൺട്രാക്ട് | ഗസ്റ്റ് | നൂതൻ | നിലവിൽ |
| അക്വാകൾച്ചർ & ബയോ ടെക്നോളജി | 1. അക്വാകൾച്ചർ | 3 | 1 | 4 | 3 | 1 | 4 | 3 | 1 | 4 | 3 | 1 | 4 | | | | | |
| | 2. ഫിഷ് ന്യൂട്രീഷ്യൻ & ഫിഷ് ടെക്നോളജി | 2 | 1 | 3 | 2 | 1 | 3 | 2 | 1 | 3 | 1 | 1 | 2 | 3 | 3 | - | 3 | 2 |
| | 3. അക്വാട്ടിക് അനിമൽ ഹെൽത്ത് മാനേജ്മെന്റ് | - | - | - | 2 | 1 | 3 | - | - | - | 2 | 1 | 3 | | | | | |
| ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് & ഹാർവെസ്റ്റിംഗ് ടെക്നോളജി | 1. ഫിഷറി ഹൈഡ്രോഗ്രഫി | 1 | 1 | 2 | 1 | 1 | 2 | - | - | - | - | 1 | 1 | | | | | |
| | 2. ഫിഷറി റിസോഴ്സ് മാനേജ്മെന്റ് | 1 | 1 | 2 | 1 | 1 | 2 | 1 | 1 | 2 | 1 | 1 | 2 | 4 | 1 | - | 3 | 3 |
| | 3. ഫിഷറീസ് എഞ്ചിനീയറിംഗ് ടെക്നോളജി | - | - | - | 1 | 1 | 2 | - | - | - | - | - | - | - | | | | |
| അക്വാട്ടിക് ഫുഡ് പ്രൊഡക്ട്സ് ടെക്നോളജി | ഫുഡ് പ്രോസസിംഗ് ടെക്നോളജി | 3 | 1 | 4 | 3 | 1 | 4 | 3 | 1 | 4 | 3 | 1 | 4 | 1 | 3 | 1 | 2 | 1 |
| മാനേജ്മെന്റ് എന്റർപ്രണർഷിപ്പ് | ഫിഷറീസ് എക്കണോമിക്സ് | 2 | 1 | 3 | 2 | 1 | 3 | - | - | - | - | - | - | 7 | 4 | - | - | |
| | ആകെ | 12 | 6 | 18 | 15 | 8 | 23 | 9 | 4 | 13 | 10 | 6 | 16 | 15 | 11 | 1 | 8 | 6 |

കുഫോസ് നേരിട്ട് പ്രവേശിപ്പിക്കുന്ന വിദ്യാർത്ഥികളിലും ഐ.സി.എ.ആർ. വഴി പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിലും പരാമവധിയിൽ കുറവ് വന്നിരിക്കുന്നു. ഈ കോഴ്സുകളുടെ പ്രവേശന യോഗ്യത ബി.എഫ്.എസ്.സി. ആണ്. ഓരോ വർഷവും ഈ യൂണിവേഴ്സിറ്റിയിൽ നിന്ന് 50-ഓളം വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കുന്നുണ്ട്. ഇവരിൽ ഉപരിപഠനം ആഗ്രഹിക്കുന്ന മിക്കവരും കേന്ദ്രസർക്കാരിന് കീഴിൽ മുംബൈയിൽ പ്രവർത്തിക്കുന്ന സി.ഐ.എഫ്.ഇ. എന്ന സ്ഥാപനത്തിൽ പ്രവേശനം നേടുന്നതായി കാണുന്നു. ഇതിൽ നിന്നും വിദ്യാർത്ഥികളെ ആകർഷിക്കാൻ സർവ്വകലാശാലയ്ക്ക് കഴിയുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

നിലവിൽ വിദ്യാർത്ഥികളുടെ എണ്ണം പരിഗണിക്കാതെയാണ് അധ്യാപകരെ വിവിധ സ്കൂളുകളിൽ വിന്യസിച്ചിരിക്കുന്നത്. ആകെ നിലവിലുള്ള 57 അംഗീകൃത അധ്യാപക തസ്തികകളിൽ 41 എണ്ണം നികത്തപ്പെടാതെ കിടക്കുന്നു എന്നതും ശ്രദ്ധേയമാണ്.

## മറ്റ് എം.എസ്.സി./എം.ടെക്. കോഴ്സുകൾ

മുൻ ഖണ്ഡികകളിൽ പറഞ്ഞ കോഴ്സുകൾക്ക് പുറമെ 5 എം.എസ്.സി. കോഴ്സുകളും ഒരു എം.ടെക്. കോഴ്സും യൂണിവേഴ്സിറ്റി നടത്തുന്നുണ്ട്. ഇവയിൽ ബയോളജിക്കൽ ഓഷ്യാനോഗ്രഫി & ബയോഡൈവേഴ്സിറ്റി, ഫിസിക്കൽ ഓഷ്യാനോഗ്രഫി & ഓഷ്യൻ മോഡലിംഗ് എന്നീ കോഴ്സുകൾ 2012-13-ൽ ആരംഭിച്ചവയും ബാക്കിയുള്ളവ 2013-14-ൽ ആരംഭിച്ചവയും ആണ്. ഈ കോഴ്സുകളെല്ലാം സ്കൂൾ ഓഫ് ഓഷ്യൻ സയൻസ് ആന്റ് ടെക്നോളജിക്ക് കീഴിൽ വരുന്നവയാണ്. ഇവയിലെ വിദ്യാർത്ഥി-അധ്യാപക അനുപാതം താഴെപ്പറയുന്ന പട്ടികയിൽ കുറിക്കുന്നു:

| ഡിപ്പാർട്ട്മെന്റ് | കോഴ്സ് | വിദ്യാർത്ഥികൾ | | | | അധ്യാപകർ | | | |
|---|---|---|---|---|---|---|---|---|---|
| | | 2012-13 | | 2013-14 | | | | | |
| | | പരമാവധി | നിലവിൽ ഉള്ളത് | പരമാവധി | നിലവിൽ ഉള്ളത് | സ്ഥിരം | കോൺട്രാക്ട് | കൺസൾട്ടന്റ് | ഗസ്റ്റ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1. ബയോളജിക്കൽ ഓഷ്യാനോഗ്രഫി | ബയോളജിക്കൽ ഓഷ്യാനോഗ്രഫി & ബയോഡൈവേഴ്സിറ്റി | 25 | 21 | 25 | 25 | ഇല്ല | 3 | 1 | - |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| 2. ഫിസിക്കൽ ഓഷ്യാനോഗ്രഫി | ഫിസിക്കൽ ഓഷ്യാ നോഗ്രഫി & ഓഷ്യൻ മോഡലിംഗ് | 10 | 4 | 10 | 2 | ഇല്ല | 1 | 1 | - |
| 3. കെമിക്കൽ ഓഷ്യാനോഗ്രാഫി | - | - | - | - | - | ഇല്ല | - | - | - |
| 4. മറൈൻ ജിയോളജി & ജിയോ ഫിസിക്സ് | ഓഷ്യൻ റിമോട്ട് സെൻസിംഗ് & ജി.ഐ.എസ്. | - | - | 10 | 2 | ഇല്ല | - | - | - |
| 5. മറൈൻ മെറ്റീരിയോളജി | അപ്ലൈഡ് ജിയോസ യൻസ് | - | - | 10 | 4 | ഇല്ല | 1 | 1 | - |
| 6. മറൈൻ ഫാർമക്കോളജി | ഫുഡ് സയൻസ് | - | - | 15 | 15 | ഇല്ല | - | 1 | - |
| 7. പോളാർ ഓഷ്യാനോഗ്രഫി | എം.ടെക് കോസ്റ്റൽ സോൺ മാനേജ്മെന്റ് | - | - | 6 | 1 | ഇല്ല | - | - | - |
| ആകെ | | 35 | 25 | 76 | 49 | - | 5 | 4 | - |

**മാനേജ്മെന്റ്/നിയമബിരുദാനന്തര ബിരുദ കോഴ്സുകൾ**

സ്കൂൾ ഓഫ് മാനേജ്മെന്റ് & എന്റർപ്രണർഷിപ്പ് വിഭാഗത്തിന് കീഴിൽ ഒരു എം.ബി.എ. കോഴ്സും ഒരു എൽ.എൽ.എം. കോഴ്സുമാണ് നടത്തപ്പെടുന്നത്. 7 സ്ഥിര അദ്ധ്യാപകരും കരാർ വ്യവസ്ഥയിൽ 4 അദ്ധ്യാപകരും 2 കൺസൾട്ടന്റുമാരും 3 ഗസ്റ്റ് അദ്ധ്യാപകരും ഈ സ്കൂളിന് കീഴിൽ വരുന്നു. മേൽപ്പറഞ്ഞ സ്കൂളിന് കീഴിൽ ആരംഭിക്കാൻ ഉദ്ദേശിച്ച എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് കോഴ്സിലേക്ക് ഒരു വിദ്യാർത്ഥിയെപ്പോലും ആകർഷിക്കാൻ സർവ്വകലാശാലയ്ക്ക് കഴിഞ്ഞില്ല.

**പുതുവൈപ്പ് സ്റ്റേഷൻ**

യൂണിവേഴ്സിറ്റിക്ക് കീഴിൽ പുതുവൈപ്പിൽ ഓരുജല മത്സ്യ പഠനത്തിനും മത്സ്യ പ്രജനനത്തിനുമായി ഒരു സ്റ്റേഷൻ പ്രവർത്തിക്കുന്നു. ഇവിടെ ഒരു അസിസ്റ്റന്റ് പ്രൊഫസർ ആണ് ഡയറക്ടർ സ്ഥാനം വഹിക്കുന്നത്. ഇവിടെ 'ഡിപ്ലോമ ഇൻ ബ്രാക്കിഷ് വാട്ടർ മറൈൻ അക്വാകൾച്ചർ' എന്ന കോഴ്സ് നടത്തുന്നുണ്ട്. 2013-14-ൽ ആരംഭിച്ച ഇതിൽ 22 സീറ്റ് ഉണ്ടെങ്കിലും 14 വിദ്യാർത്ഥികളാണ് പ്രവേശനം നേടിയിട്ടുള്ളത്.

**പൊതുനിരീക്ഷണം**

നൂതനമായ പല കോഴ്സുകളും ആരംഭിക്കാൻ സർവ്വകലാശാല ശ്രമിച്ചിട്ടുണ്ടെന്നും കാലിക പ്രസക്തിയില്ലായ്മ, തൊഴിൽ സാധ്യതാരാഹിത്യം, പ്രഗത്ഭരായ സ്ഥിരം അദ്ധ്യാപകരുടെ ദൗർലഭ്യം മുതലായവമൂലം മിക്ക കോഴ്സുകളിലും വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവാണ്.

നിലവിൽ 16 സ്ഥിരാദ്ധ്യാപകരും 20 കരാർ അദ്ധ്യാപകരും 6 കൺസൾട്ടന്റുമാരും 4 ഗസ്റ്റ് അദ്ധ്യാപകരുമാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ഡിപ്ലോമ സഹിതം 2013-14-ൽ സർവ്വകലാശാലയിൽ ഉള്ള ആകെ വിദ്യാർത്ഥികൾ 386 ആണ്. 6 ഗവേഷണ വിദ്യാർത്ഥികൾ ഉണ്ട്. ഇപ്രകാരം ഗസ്റ്റ് അദ്ധ്യാപകർ സഹിതം 46 അദ്ധ്യാപകർക്ക് 386 വിദ്യാർത്ഥികളും 6 ഗവേഷണ വിദ്യാർത്ഥികളും എന്നതാണ് നിലവിലെ അവസ്ഥ.

16-11-2013-ൽ 67/2013-ാം നമ്പരായി പുറപ്പെടുവിച്ച സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ഇല്ലാത്ത, പ്രതിമാസം 50,000 രൂപ വേതനം വാങ്ങുന്ന 6 അക്കാഡമിക് കൺസൾട്ടന്റുമാരുടെ സേവനം 4 എം.എസ്.സി. കോഴ്സുകൾക്കും, എൽ.എൽ.എം., എം.ബി.എ. എന്നീ കോഴ്സുകൾക്കുമായി അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറവായതിനാൽ സർവ്വകലാശാലയ്ക്ക് ബാധ്യതയാണ്.

590 കി.മീറ്റർ നീളമുള്ള വിശാലമായ കടൽത്തീരവും 44 നദികളും 34 കായലുകളും അനേകം കുളങ്ങളും തോടുകളും ഉൾപ്പെടുന്ന കേരളത്തിൽ മത്സ്യ-സമുദ്ര പഠനത്തിന് വിപുലമായ സാധ്യതകളാണുള്ളത്. അത് പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുംവിധം വിവിധ പഠനശാഖകളെ സംയോജിപ്പിക്കുന്നതിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ സ്ഥാപനങ്ങളുടെ ശാസ്ത്ര മികവിനെ ആകർഷിക്കുന്നതിലും പ്രഗത്ഭരായ വിദ്യാർത്ഥികളെ കണ്ടെത്തി വാർത്തെടുക്കുന്നതിലും, കേരള മത്സ്യ-സമുദ്ര പഠന സർവ്വകലാശാലയുടെ സവിശേഷ ശ്രദ്ധ പതിയേണ്ടത് അത്യാവശ്യമാണ്. കൂടുതൽ ഗവേഷകരെയും ഗവേഷണ വിദ്യാർത്ഥികളെയും ആകർഷിക്കാൻ കഴിയുംവിധം ശുദ്ധജല-ഓരുജല സമുദ്ര മത്സ്യങ്ങളുടെ അക്വേറിയം സജ്ജീകരിക്കുന്നതിനും പ്രജനന ആവാസ വ്യവസ്ഥകളെ പ്രതിപാദിക്കുന്ന കൃത്രിമ തടാകങ്ങൾ നിർമ്മിക്കുന്നതിനും വേണ്ട പദ്ധതികൾ

ആവിഷ്കരിക്കാവുന്നതാണ്. വിദ്യാർത്ഥികൾ ഉള്ളതും ഗവേഷണ സാധ്യതയുള്ളതുമായ വിഭാഗങ്ങളിൽ ആവശ്യമായ സ്ഥിരാധ്യാപകരെ നിയമിക്കേണ്ടതാണ്. മത്സ്യ-സമുദ്ര പഠനങ്ങളുമായി നേരിട്ട് ബന്ധമുള്ള കോഴ്സുകൾ ആരംഭിക്കാനും അല്ലാത്തവ ഒഴിവാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 7.3 (7.3.1 to 7.3.5 )

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

33. കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ 640 കുട്ടികളും 99 അധ്യാപകരും ഉണ്ടെന്നും 99 അധ്യാപകരിൽ 33 സ്ഥിരം അധ്യാപകരും 66 താല്കാലിക അധ്യാപകരുമാണെന്നും ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. 2013-ൽ സ്റ്റാഫ് നിയമനം സംബന്ധിച്ച് മറ്റ് യൂണിവേഴ്സിറ്റികളിൽ അമെന്റ്മെന്റ് വന്നത് ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ ബാധകമാക്കിയില്ലെന്നും ആയതിനാലാണ് താൽകാലിക അധ്യാപകർ തുടർന്നു വരുന്നതെന്നും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്താനുള്ള അനുവാദത്തിനായി സർക്കാരിലേക്ക് കത്തയച്ചിട്ടുണ്ടെന്നും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി നടത്തിയാലുടൻ അധ്യാപക റിക്രൂട്ട്മെന്റ് നടത്താൻ കഴിയുമെന്നും അത് ശരിയായാൽ താല്കാലിക അധ്യാപകരെ പിരിച്ചുവിട്ട് സ്ഥിരം അധ്യാപകരെ നിയമിക്കാം എന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

34. കേരള ഫിഷറീസ് സമുദ്ര പഠനശാല നടത്തുന്ന പ്രധാന കോഴ്സ് BFSC ആണെന്നും തൊഴിൽ സാധ്യത കുറവായതിനാൽ കുട്ടികൾ വരാത്തതുകൊണ്ട് കുറച്ച് പി.ജി. കോഴ്സുകൾ ഓഡിറ്റിന്റെ കൂടി ശിപാർശ കണക്കിലെടുത്ത് നിർത്തിവച്ചിരിക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

35. ക്യാമ്പസ് റിക്രൂട്ട്മെന്റ് സംവിധാനം ഡിഗ്രിക്കും പി.ജി.ക്കും ഉണ്ടെന്നും കേന്ദ്ര സർക്കാരിന്റെ എക്സ്പേർട്ട് ഇൻസ്പെക്ഷൻ കൗൺസിൽ, സീ ഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഇവ കൂടി ചേർന്ന് എല്ലാ വർഷവും 20 വിദ്യാർത്ഥികളെ 15,000 രൂപ മാസ ശമ്പളത്തിൽ സ്റ്റൈപ്പന്റ് നൽകി ഒരു വർഷത്തേക്ക് ജോലിക്ക് എടുക്കുമെന്നും അതിന് ശേഷം അവർക്ക് അപ്രൂവ്ഡ് ടെക്നോളജിസ്റ്റ് എന്ന സർട്ടിഫിക്കറ്റ് നൽകിക്കൊണ്ട് സീ ഫുഡ് എക്സ്പോർട്ട് കമ്പനികൾ ജോലി കൊടുക്കുമെന്നും ബാക്കിയുള്ള കുട്ടികൾക്കും പ്ലേസ്മെന്റ് ലഭിക്കാറുണ്ടെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

36. അക്വാകൾച്ചർ, അക്വാട്ടിക് ആനിമൽ ഹെൽത്ത് മാനേജ്മെന്റ്, ഫിഷറീസ് ഹൈഡ്രോഗ്രാഫി, ഫിഷറീസ് എഞ്ചിനീയറിംഗ് ആന്റ് ബയോടെക്നോളജി എന്നീ

വിഷയങ്ങളിൽ വേണ്ടത്ര അധ്യാപകർ ഉണ്ടോ എന്ന് സമിതി ആരാഞ്ഞതിന് അക്വാകൾച്ചറിൽ അധ്യാപകർ ഉണ്ടെന്നും ബാക്കി കോഴ്സുകളിൽ വേണ്ടത്ര നിയമനം നടന്നിട്ടില്ലായെന്നും സംവരണതത്ത്വങ്ങൾ പാലിച്ച് അധ്യാപകരെ നിയമിക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുമെന്നും ഇപ്പോൾ റിട്ടയർ ചെയ്തവരെയും യു.ജി.സി. ക്വാളിഫൈഡ് യോഗ്യതയുള്ള കോൺട്രാക്ട് ടീച്ചേഴ്സിനെയും വച്ചാണ് കോഴ്സുകൾ പൂർത്തീകരിക്കുന്നതെന്നും രജിസ്ട്രാർ അറിയിച്ചു

37. യു.ജി.സി. നിഷ്കർഷിക്കുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ഫിഷറീസ് യൂണിവേഴ്സിറ്റിയിലുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള അനുപാതം 2012-13-ൽ ഉണ്ടായിരുന്നില്ലെന്നും അതിന് കാരണം അന്ന് അത് ഫിഷറീസ് കോളേജായിരുന്നുവെന്നും പിന്നീടാണ് യൂണിവേഴ്സിറ്റിയായി മാറിയതെന്നും അന്നുണ്ടായിരുന്ന അദ്ധ്യാപകർക്കു പുറമെ പിന്നീട് ഉള്ള നിയമനങ്ങളിലൂടെയാണ് ആ അനുപാതം സാധ്യമാക്കിയതെന്നും രജിസ്ട്രാർ അറിയിച്ചു

38. പ്രാക്ടീസ് ചെയ്യുന്ന അഡ്വക്കേറ്റുമാർക്കായി പനങ്ങാട് കാമ്പസിൽ മാരിടൈം ലോയ്ക്ക് പോസ്റ്റ് ഗ്രാഡ്വേഷൻ കോഴ്സ് ഉണ്ടെന്നും ഇതിന് 10 സീറ്റ് ഉണ്ടെന്നും ഈവനിംഗ് കോഴ്സ് ആയാണ് ഇത് നടത്തുന്നതെന്നും രജിസ്ട്രാർ സമിതിയെ ബോധിപ്പിച്ചു

39. കാർഷിക സർവ്വകലാശാലയിൽ നിന്ന് ധാരാളം മിനിസ്റ്റീരിയൽ സ്റ്റാഫിനെ ഫിഷറീസ് സർവ്വകലാശാലയിലേക്ക് ട്രാൻസ്ഫർ ചെയ്യാനുണ്ട് എന്ന് ഉത്തരവായിട്ടും ഇതുവരെയും ജീവനക്കാർ എത്തിയിട്ടില്ലായെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് അടിയന്തരമായി നടപ്പാക്കാൻ സമിതി ശിപാർശ ചെയ്തു

40. കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ കീഴിൽ ആരംഭിച്ചിട്ടുള്ള കോഴ്സുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിയമനത്തിന് പുതിയ കോഴ്സുകൾക്ക് കൂടെ എലിജിബിലിറ്റി നൽകേണ്ടതല്ലേയെന്നും സമിതി ആരായുകയും ബി.എഫ്.എസ്.സി. കോഴ്സ് പഠിച്ചവരെ ഫിഷറീസ് വകുപ്പിൽ എടുക്കുന്നുണ്ടെന്നും മറ്റ് പുതിയ കോഴ്സുകളെ യോഗ്യതയായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് സമിതിയ്ക്ക് മുൻപാകെ സമർപ്പിക്കാമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**41. കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ 640 കുട്ടികളും 99 അദ്ധ്യാപകരുമുണ്ടെന്നും 99 അദ്ധ്യാപകരുള്ളതിൽ 33 സ്ഥിരം അദ്ധ്യാപകർ മാത്രമേയുള്ളൂവെന്നും സമിതി നിരീക്ഷിക്കുന്നു. 2013-ൽ സ്റ്റാഫ് നിയമനം സംബന്ധിച്ച് കേരളത്തിലെ മറ്റ് സർവ്വകലാശാലകളിൽ വന്നിട്ടുള്ള ഭേദഗതി ഫിഷറീസ് സർവ്വകലാശാലയിൽകൂടി ബാധകമാക്കണമെന്നും അതനുസരിച്ച് സ്ഥിര അദ്ധ്യാപകരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

42. കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയുടെ പ്രധാന കോഴ്സ് ബി.എഫ്.എസ്.സി. ആണെന്നും കൂടാതെ മറ്റ് പി.ജി. കോഴ്സുകൾ നടത്തിവരുന്നുണ്ടെന്നും ആയവയ്ക്ക് തൊഴിൽ സാധ്യത കുറവാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, സംസ്ഥാന ഫിഷറീസ് വകുപ്പിൽ ജോലി ലഭിക്കുന്നതിനുള്ള യോഗ്യതയായി പ്രസ്തുത കോഴ്സുകളെ കൂടി ഉൾപ്പെടുത്താനുള്ള നടപടി ഭരണവകുപ്പ് സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടി സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.

43. കാർഷിക സർവ്വകലാശാലയിൽ നിന്നും ഫിഷറീസ് സർവ്വകലാശാലയിലേയ്ക്ക് മിനിസ്റ്റീരിയൽ സ്റ്റാഫിനെ പുനർവിന്യസിക്കേണ്ടതുണ്ട് എന്നും ഇത് സംബന്ധിച്ച ഉത്തരവ് ഇറങ്ങിയിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. വിശാലമായ കടൽത്തീരവും 44 നദികളും മറ്റനേകം ജലാശയങ്ങളുമുള്ള കേരളത്തിൽ മത്സ്യ-സമുദ്ര പഠനത്തിന് വിപുലമായ സാദ്ധ്യതകൾ ഉള്ളതായി സമിതി അഭിപ്രായപ്പെടുന്നു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്കും ഭക്ഷ്യ ഉപഭോഗത്തിനും ഗണ്യമായ സംഭാവന നൽകുന്ന മത്സ്യബന്ധന മേഖലയിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ശാസ്ത്രീയമായ രീതിയിൽ മത്സ്യബന്ധനം നടത്തി അവ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഉതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് സർവ്വകലാശാലയ്ക്ക് കഴിയണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഈ മേഖലയിൽ ഗവേഷണം നടത്തുന്ന ലോകത്തിലെ ഇതര സർവ്വകലാശാലകളുമായി ചേർന്ന് പ്രവൃത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

**കോഴ്സുകളും പരീക്ഷാ നടത്തിപ്പും:**

1992-ൽ കാലടിയിൽ സ്ഥാപിതമായ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ 1993-ൽ കോഴ്സുകൾ ആരംഭിച്ചു. സംസ്കൃതം, മലയാളം, ഹിന്ദി എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളാണ് സർവ്വകലാശാല ആരംഭിച്ചത്. സംസ്കൃത ഭാഷയും അതിന്റെ ശാഖകളും, ഇൻഡോളജി, ഇന്ത്യൻ സംസ്കാരം, ഇന്ത്യൻ ഭാഷകൾ, ഇന്ത്യൻ തത്വചിന്ത, വിദേശ ഭാഷകൾ, സാമൂഹ്യ ശാസ്ത്രങ്ങൾ, ഭാരതീയ കലകൾ എന്നിവയിലെ ഉന്നത വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക എന്നതാണ് 1994 ആക്റ്റിലെ

സെക്ഷൻ 5 പ്രകാരം സർവ്വകലാശാലയുടെ സ്ഥാപിതോദ്ദേശങ്ങളിൽ പ്രധാനം സർവ്വകലാശാലയിൽ പത്ത് ഫാക്കൽറ്റികൾക്ക് കീഴിലായി 22 പഠന വകുപ്പുകളും എട്ട് പഠന കേന്ദ്രങ്ങളും നിലവിലുണ്ട്. സർവ്വകലാശാലയിലെ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് ചോയ്സ് ബേയ്സ്ഡ് ക്രെഡിറ്റ് & സെമസ്റ്റർ വ്യവസ്ഥയാണ് നിലവിലുള്ളത്.

**പ്രാദേശിക കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ:**

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിൽ ഏറെക്കുറെ വിജയിച്ചിട്ടുണ്ടെങ്കിലും പ്രാദേശിക കേന്ദ്രങ്ങളിൽ വളരെയധികം അസൗകര്യങ്ങൾ അനുഭവപ്പെടുന്നുണ്ട്. തുറവൂർ, തൃശ്ശൂർ, പന്മന എന്നീ പ്രാദേശിക കേന്ദ്രങ്ങളിൽ വളരെ പരിമിതമായ ഭൗതിക സാഹചര്യങ്ങളിലാണ് ക്ലാസ്സുകൾ നടക്കുന്നത്. കാലടി മുഖ്യ കേന്ദ്രത്തിലെ പല പഠന വകുപ്പുകളിലും ഗവേഷണ വിദ്യാർത്ഥികൾക്ക് വേണ്ടത്ര ഇരിപ്പിടങ്ങളോ പാഠ്യവസ്തുക്കൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യമോ ഇല്ല. നൃത്തം, തിയ്യറ്റർ എന്നീ കോഴ്സുകൾ നടക്കുന്ന കൂത്തമ്പലത്തിൽ ആവശ്യമായ ഫർണിച്ചറുകളോ, നാടകത്തിനും നൃത്തത്തിനും ആവശ്യമായ അലങ്കാര വസ്തുക്കളും മറ്റ് ഉപകരണങ്ങളും സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനമോ ഇല്ല. മതിയായ പ്രകാശ ശബ്ദ നിയന്ത്രണ സംവിധാനങ്ങൾ ഉപയോഗിക്കാത്തതുമൂലം തിയ്യറ്റർ വിദ്യാർത്ഥികളുടെ പ്രായോഗിക പഠനത്തിന് ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. തിയ്യറ്റർ വിദ്യാർത്ഥികളുടെ പ്രായോഗിക പഠനത്തിനാവശ്യമായ സജ്ജീകരണങ്ങൾക്കായി യു.ജി.സി. ഫണ്ട് (20 ലക്ഷം രൂപ) ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ ക്ലാസ് മുറിയിൽ കൂട്ടിയിട്ട നിലയിലാണ്.

സർവ്വകലാശാലയിൽ 2013-14 വർഷം മുതൽ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ കോഴ്സ് (M.PED) ആരംഭിച്ചിട്ടുണ്ട്. കൂടാതെ പി.എച്ച്.ഡി.യും നിലവിലുണ്ട്. എന്നാൽ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ നിർദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ പ്രത്യേകിച്ച് ലബോറട്ടറി സൗകര്യങ്ങൾ ഇപ്പോൾ സർവ്വകലാശാലയിൽ ലഭ്യമല്ല. എം.പി.ഇ.എഡ്. കോഴ്സിന്റെ ഫീഡർ കോഴ്സായ ബി.പി.ഇ.എഡ്. സർവ്വകലാശാലയിൽ ഇതുവരെ ആരംഭിച്ചിട്ടില്ല.

സൗകര്യങ്ങൾ തീരെ കുറവായ പഴയ കെട്ടിടങ്ങളിലാണ് സർവ്വകലാശാലയുടെ ഫൈൻ ആർട്സ് വിഭാഗം സ്ഥിതിചെയ്യുന്നത്. തുറവൂർ പ്രാദേശിക കേന്ദ്രം സ്ഥിതിചെയ്യുന്ന എൽ.പി.സ്കൂൾ കെട്ടിടത്തിലെ ക്ലാസ് റൂമുകളും അനുബന്ധ സൗകര്യങ്ങളും തീർത്തും അപര്യാപ്തമാണ്.

കോട്ടപ്പുറത്തെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ പ്രാദേശിക കേന്ദ്രത്തിലെ ക്ലാസ് റൂമുകൾക്ക് വേണ്ടത്ര സ്ഥലസൗകര്യമില്ല. സ്മാർട്ട് ക്ലാസ് നടത്താനുള്ള സൗകര്യം പ്രാദേശിക കേന്ദ്രത്തിലില്ല. ഈ കേന്ദ്രത്തിന് കളിസ്ഥലം ഇല്ലാത്തതിനാൽ സ്പോർട്സ് ഉപകരണങ്ങൾ ഉപയോഗശൂന്യമാകുന്നു. വിലപിടിപ്പുള്ള ട്രെഡ്മിൽ ഉപയോഗരഹിതമാണ്.

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും സെമിനാറുകളോ യോഗങ്ങളോ സംഘടിപ്പിക്കുവാനുള്ള സൗകര്യമില്ല. വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിനുള്ള സൗകര്യമോ കളിസ്ഥലമോ ഈ കേന്ദ്രത്തിലും ലഭ്യമല്ല. വിദ്യാർത്ഥികൾക്ക് വേണ്ടത്ര ടോയ്‌ലറ്റ് സൗകര്യവും പ്രാദേശിക കേന്ദ്രത്തിലില്ല.

ക്ലാസ് മുറികളുടെ അപര്യാപ്തതയാണ് തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിന്റെയും പ്രധാന പ്രശ്നം. ട്രെഡ്മില്ലും മറ്റ് ഫിസിക്കൽ ഫിറ്റ്നെസ് ഉപകരണങ്ങളും ഉപയോഗപ്രദമായ രീതിയിൽ ക്രമീകരിക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിനും കളികൾക്കും വേണ്ടത്ര സ്ഥലം പ്രാദേശിക കേന്ദ്രത്തിലില്ല.

തിരൂർ പ്രാദേശിക കേന്ദ്രത്തിന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുണ്ടെങ്കിലും യോഗ്യതയുള്ള ജീവനക്കാരുടെ അഭാവം പ്രാദേശിക കേന്ദ്രത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. അറബിക് എം.എ. കോഴ്സിന് സ്ഥിരം അദ്ധ്യാപകരില്ല. ലൈബ്രറിയിൽ സ്ഥിരം ലൈബ്രേറിയനെ നിയമിച്ചിട്ടില്ല.

പന്മന പ്രാദേശിക കേന്ദ്രവും കൊയിലാണ്ടി പ്രാദേശിക കേന്ദ്രവും വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വളരെ പരിമിതമായ ഭൗതിക സാഹചര്യങ്ങളിലാണ് പ്രാദേശിക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങളിൽ വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒന്നാണ് പയ്യന്നൂർ പ്രാദേശിക കേന്ദ്രം. വളരെ നല്ല ലൈബ്രറിയും പ്രാദേശിക കേന്ദ്രത്തിലുണ്ട്. കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കി ഈ കേന്ദ്രത്തെ ഗവേഷണത്തിനുതകുന്ന കേന്ദ്രമാക്കി വളർത്തിയെടുക്കാവുന്നതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 7.4.1)

45. ഏറ്റുമാനൂർ, പന്മന എന്നീ പ്രാദേശിക കേന്ദ്രങ്ങളിൽ പുതിയ അക്കാദമിക് ബ്ലോക്കുകൾ പണികഴിപ്പിക്കുകയും ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും പന്മനയിൽ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നുള്ള സഹായത്തോടെ ലൈബ്രറി ബ്ലോക്കിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണെന്നും, തിരൂർ പ്രാദേശിക

കേന്ദ്രത്തിന് സ്വന്തമായി കെട്ടിടമുണ്ടെങ്കിലും ഇറവൂർ പ്രാദേശിക കേന്ദ്രവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനായി എം.എൽ.എ. 2 കോടി നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച ചോദ്യത്തിന് രജിസ്ട്രാർ മറുപടി നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

**46. സർവ്വകലാശാലയുടെ ഇറവൂർ പ്രാദേശിക കേന്ദ്രത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും പന്മനയിൽ നടക്കുന്ന ലൈബ്രറി ബ്ലോക്കിന്റെ പണി പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിദ്യാർത്ഥികളും കോഴ്സുകളും**

സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കേന്ദ്രത്തിലും എട്ട് പ്രാദേശിക കേന്ദ്രങ്ങളിലുമായി 3000 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇതിൽ 70% പെൺകുട്ടികളാണ്. ബിരുദകോഴ്സുകളിൽ നൃത്തം, സംഗീതം, പെയിന്റിംഗ് എന്നിവയ്ക്കും, എം.എസ്.ഡബ്ല്യുവിനും അപേക്ഷകരുടെ എണ്ണം കൂടുതലാണ്. എന്നാൽ സംസ്കൃതം കോഴ്സുകൾക്ക് അപേക്ഷകർ കുറവും സംസ്കൃതം ബിരുദകോഴ്സുകളിൽ പഠനം നിർത്തിപോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വളരെ കൂടുതലുമാണ്. സംസ്കൃത വ്യാകരണം, ന്യായം, വേദാന്തം തുടങ്ങിയ സാമ്പ്രദായിക സംസ്കൃത പഠന കോഴ്സുകൾക്ക് വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയുന്നില്ല. മറ്റ് സംസ്കൃത പഠനങ്ങളിലുൾപ്പെടുന്ന ആയുർവ്വേദം, വാസ്തുവിദ്യ എന്നീ വകുപ്പുകളിലിപ്പോൾ കോഴ്സുകൾ നടക്കുന്നില്ല.

വേദിക് സ്റ്റഡീസിൽ എം.എ. കോഴ്സ് മാത്രമാണുള്ളത്. എം.ഫിൽ., പി.എച്ച്.ഡി. എന്നിവ ചെയ്യാൻ അവസരമില്ലാത്തതുമൂലം വിദ്യാർത്ഥികൾ ഈ കോഴ്സിൽ ചേരാൻ വിമുഖത കാണിക്കുന്നു. 2012 മുതൽ വാസ്തുവിദ്യയിൽ എം.ഫിൽ., പി.എച്ച്.ഡി. അഡ്മിഷൻ ഇല്ല. 31-5-2011-ന് ശേഷം ഈ കോഴ്സിന് അദ്ധ്യാപകരെയും നിയമിച്ചിട്ടില്ല. വിദേശ ഭാഷകളുടെ പഠനവും ഗവേഷണവും സർവ്വകലാശാലയുടെ സ്ഥാപിത ലക്ഷ്യങ്ങളിൽ ഒന്നാണെങ്കിലും ഇംഗ്ലീഷ്, അറബിക് എന്നീ ഭാഷകളല്ലാതെ മറ്റ് വിദേശ ഭാഷകളൊന്നും തന്നെ ഇപ്പോൾ സർവ്വകലാശാലയിൽ പഠന വിഷയമല്ല.

സർവ്വകലാശാലയുടെ 5-3-2005-ലെ സിൻഡിക്കേറ്റ് യോഗം, പാലി, പ്രാകൃത് ഭാഷകളിൽ സർട്ടിഫിക്കറ്റ് കോഴ്സ് തുടങ്ങാൻ തീരുമാനിച്ചെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.

**യു.ജി.സി. ധനസഹായത്തോടെയുള്ള നവീന കോഴ്സുകൾ**

സർവ്വകലാശാല യു.ജി.സി. ധനസഹായത്തോടെ Teaching & Research in Interdisciplinary & Emerging areas എന്ന Innovative Programme-ന്റെ ഭാഗമായി രണ്ട് കോഴ്സുകൾ ആരംഭിച്ചു. സംസ്കൃത സാഹിത്യം പഠന വകുപ്പിന് കീഴിൽ പി.ജി. ഡിപ്ലോമ ഇൻ ക്രേറ്റർ (Kerala Responsible Ayurvedic Tourism & Educational Resources), ചരിത്ര പഠന വകുപ്പിന് കീഴിൽ പി.ജി. ഡിപ്ലോമ ഇൻ ജൻഡർ ഇക്കോളജി & ദളിത് സ്റ്റഡീസ് എന്നീ കോഴ്സുകളാണ് ആരംഭിച്ചത്. 2008 മുതൽ 2013 വരെ ഈ കോഴ്സുകൾക്ക് യു.ജി.സി. ധനസഹായം നൽകി. അതിന് ശേഷം സർവ്വകലാശാല ഈ കോഴ്സുകൾ ഏറ്റെടുത്ത് നടത്തുന്നു. പി. ജി. ഡിപ്ലോമ കോഴ്സുകൾ പിന്നീട് ബിരുദാനന്തര ബിരുദ കോഴ്സുകളായി. ആയുർവേദ ചികിത്സയും ടൂറിസവും സമന്വയിപ്പിച്ചുകൊണ്ടുള്ള തൊഴിലവസരങ്ങൾ ഉള്ള നവീന കോഴ്സാണ് ക്രേറ്റർ.

**യു.ജി.സി. ധനസഹായത്തോടെയുള്ള കരിയർ ഓറിയന്റഡ് കോഴ്സുകൾ**

യു.ജി.സി. ധനസഹായത്തോടെയുള്ള കരിയർ ഓറിയന്റഡ് കോഴ്സുകളായ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ യോഗ, മെഡിറ്റേഷൻ & സ്ട്രെസ്സ് മാനേജ്മെന്റ്, വിഷ്വൽ കമ്മ്യൂണിക്കേഷനിൽ അഡ്വാൻസ്ഡ് ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സ് എന്നീ പാർട്ട് ടൈം കോഴ്സുകൾ യഥാക്രമം സംസ്കൃതം, വേദാന്തം, പെയിന്റിംഗ് പഠന വകുപ്പുകളുടെ കീഴിൽ നടത്തി വരുന്നു. 2012 അക്കാദമിക് വർഷം മുതൽ ആരംഭിച്ച കോഴ്സുകൾ വിദ്യാർത്ഥികൾക്ക് വളരെയധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.

**കരിയർ ഗൈഡൻസ്, കൗൺസിലിംങ് സെൽ & ഈക്വൽ ഓപ്പർച്യൂണിറ്റി**

വിദ്യാർത്ഥികൾക്ക് ദിശാബോധം നൽകാനും തുല്യ അവസരം ഉറപ്പാക്കാനും വേണ്ടി യു.ജി.സി. സഹായത്തോടെ രൂപീകൃതമായ കരിയർ ഗൈഡൻസ് & കൗൺസിലിംങ് സെൽ, ഈക്വൽ ഓപ്പർച്യൂണിറ്റി സെൽ എന്നിവയുടെ കീഴിൽ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ്, കൗൺസിലിംങ് കോഴ്സുകൾ നൽകുന്നുണ്ട്. ഇന്റർനെറ്റ് സഹായത്തോടെ ഉപരിപഠനം, ജോലി ഇവ അന്വേഷിക്കുവാൻ കാലടി കേന്ദ്രത്തിൽ കമ്പ്യൂട്ടർ സൗകര്യങ്ങളോടുകൂടി സെൽ പ്രവർത്തിക്കുന്നു.

**സ്മാർട്ട് ക്ലാസ്സ് റൂം**

യു.ജി.സി. ധനസഹായത്തോടെ സർവ്വകലാശാല എല്ലാ വകുപ്പിലും മിക്ക പ്രാദേശിക കേന്ദ്രങ്ങളിലും പ്രൊജക്ടർ സൗകര്യങ്ങളോടുകൂടിയ ക്ലാസ്സ് റൂമുകൾ സജ്ജമാക്കിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 7.4.2. മുതൽ 7.4.6 വരെ)

47. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ആയുർവ്വേദ പഞ്ചകർമ്മ ചികിത്സയുമായി ബന്ധപ്പെട്ട് പഞ്ചകർമ്മ & ഇന്റർനാഷണൽ സ്പാ തെറാപ്പി എന്ന ഡിപ്ലോമാ കോഴ്സ് ഏറ്റുമാനൂരിൽ ആരംഭിച്ചിട്ടുണ്ട് എന്നും ഇൻഡസ്ട്രിയൽ ട്രെയിനിംഗിന്റെ ഭാഗമായി ക്ലബ് മഹേന്ദ്ര കുട്ടികളെ ഏറ്റെടുക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെന്നും ആയുർവേദ വകുപ്പിലെ പി.എച്ച്.ഡി. ഗൈഡിന്റെ നേതൃത്വത്തിൽ രണ്ട് ആയുർവേദ ഡോക്ടർമാരെ താൽക്കാലിക അധ്യാപകരായി നിയമിച്ചിട്ടുണ്ട് എന്നും രജിസ്ട്രാർ അറിയിച്ചു. കൂടാതെ സംസ്കൃത ഡിഗ്രി കോഴ്സ് കാലടിയിലും മറ്റ് പ്രാദേശിക കേന്ദ്രങ്ങളിലും നടത്തുന്നുണ്ട് എന്നും സംസ്കൃതം പി.ജി. കോഴ്സിന് ചില കേന്ദ്രങ്ങളിൽ വിദ്യാർത്ഥികളുടെ കുറവ് ഉണ്ടെന്നും സംസ്കൃതം, ന്യായം, വേദാന്തം കോഴ്സുകൾക്ക് കുട്ടികൾ കുറവാണെന്നും സംസ്കൃതം ലിറ്ററേച്ചർ, ജനറൽ കോഴ്സുകളിൽ കുട്ടികൾ ഉണ്ടെന്നും രജിസ്ട്രാർ അറിയിച്ചു. ഇപ്പോൾ പോസ്റ്റ് ഗ്രാജേറ്റ് ഡിപ്ലോമ ഇൻ വേദിക് സ്റ്റഡീസ് ആരംഭിച്ചിട്ടുണ്ട് എന്നും സാഹിത്യയിലുള്ള അധ്യാപകന്റെ കീഴിൽ വേദിക് സ്റ്റഡീസിൽ എം.ഫിൽ ചെയ്യുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട് എന്നും തൊഴിൽ സാധ്യത കുറവായതിനാൽ സംസ്കൃതത്തിൽ ചില വിഭാഗങ്ങളിൽ അപേക്ഷകൾ കുറവാണ് എന്നും രജിസ്ട്രാർ അറിയിച്ചു. സംസ്കൃതപഠനം വ്യാപിപ്പിക്കുന്നതിനും അതിന്റെ പ്രാധാന്യം കിട്ടുന്നതിനും വേണ്ടി കേന്ദ്ര സർക്കാരിനെ പുതിയ സ്കീമുകളുമായി സമീപിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിൽ സർവ്വകലാശാല സമർപ്പിച്ച പത്രണ്ടോളം സ്കീമുകൾ ഇപ്പോൾ പരിഗണനയിലാണെന്ന് രജിസ്ട്രാർ സമിതിയെ അറിയിച്ചു. സർവ്വകലാശാലയിൽ ഇംഗ്ലീഷ്, അറബിക് എന്നീ വിദേശ ഭാഷകൾ പഠിപ്പിക്കുന്നുണ്ടെന്നും മറ്റ് ഭാഷകൾക്ക് ഡിമാന്റ് വന്നിട്ടില്ലായെന്നും രജിസ്ട്രാർ കൂട്ടി ചേർത്തു.

## നിഗമനങ്ങൾ/ശിപാർശകൾ

**48. സംസ്കൃത പഠനം വ്യാപിപ്പിക്കുന്നതിനും അതിലേയ്ക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിൽ സർവ്വകലാശാല സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ സമിതിയ്ക്ക് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**[1]

ഓഡിറ്റ് ഖണ്ഡിക

**പ്രത്യേക ഉത്തരവില്ലാതെ സർവ്വകലാശാല നിർത്തലാക്കിയ കോഴ്സുകൾ**

സർവ്വകലാശാലയിൽ വളരെ വിജയകരമായി നടത്തി വന്നിരുന്ന ചില കോഴ്സുകൾ പ്രത്യേക സിൻഡിക്കേറ്റ് തീരുമാനമോ ഉത്തരവോ ഇല്ലാതെ നിർത്തലാക്കിയിട്ടുണ്ട്. പ്രാദേശിക കേന്ദ്രങ്ങളിലും ഇത്തരത്തിൽ കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ട്.

നിർത്തലാക്കിയ കോഴ്സുകൾ ചുവടെ:

| കേന്ദ്രം | നിർത്തലാക്കിയ കോഴ്സുകൾ |
|---|---|
| കാലടി മുഖ്യ കേന്ദ്രം | എം.ടി. ആർക്ക് (വാസ്തു വിദ്യാ വകുപ്പ്)<br>മാസ്റ്റർ ഓഫ് ഫാർമസ്യൂട്ടികൽ സയൻസ് (ആയുർവേദ വകുപ്പ്)<br>ബി.എഡ്/എം. എഡ്. കോഴ്സുകൾ |
| പയ്യന്നൂർ പ്രാദേശിക കേന്ദ്രം | എം.എ. ജ്യോതിഷം<br>സർട്ടിഫിക്കറ്റ് ഇൻ കന്നട, ജ്യോതിഷം |
| കൊയിലാണ്ടി പ്രദേശിക കേന്ദ്രം | എം.ഫിൽ., പി.എച്ച്.ഡി. (വേദാന്തം, സാഹിത്യം)<br>എം.ഫിൽ., പി.എച്ച്.ഡി. (ഹിന്ദി)<br>എം.എ. (ഹിന്ദി)<br>ബി.എ., ബി.എഡ് (4 വർഷം) |
| തിരുവനന്തപുരം പ്രാദേശിക കേന്ദ്രം | എം. എസ്. ഡബ്ല്യു. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 7.4.7)

49. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നാഷണൽ കൗൺസിൽ ഫോർ ആർക്കിടെക്ചറിന്റെ അംഗീകാരം ലഭിക്കാത്തത് കൊണ്ടാണ് എം.ടി.ആർക്ക് നിർത്തലാക്കാൻ സർവ്വകലാശാല നിർബന്ധിതമായത് എന്നും അടിസ്ഥാന സൗകര്യം ഇല്ലാത്തതിനാലാണ് അന്ന് നാഷണൽ കൗൺസിൽ ഫോർ ആർക്കിടെക്ചർ പ്രസ്തുത കോഴ്സ് അംഗീകരിക്കാതിരുന്നത് എന്നും രജിസ്ട്രാർ സമിതിയിൽ ബോധിപ്പിച്ചു.

50. ബി. ആർക്ക് വാസ്തു വിദ്യയും ട്രഡീഷണൽ ആർക്കിടെക്ട് അടക്കമുള്ള ഒരു സിലബസ് ഡിസൈൻ ചെയ്തുവെങ്കിലും സർക്കാർ അംഗീകാരം ലഭിച്ചില്ലായെന്നും 2000 വരെ സർവ്വകലാശാലയിൽ BEd/MEd കോഴ്സുകൾ നടത്തിയിരുന്നു എന്നും നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ (N.C.T.E.) ഒബ്ജക്ഷൻ വന്നപ്പോഴാണ് ആയത് നിർത്തിയതെന്നും വീണ്ടും തുടരാനുള്ള അനുമതി ലഭിച്ചില്ലായെന്നും രജിസ്ട്രാർ അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**51. സംസ്കൃതം ബി.എഡ്. പഠിക്കുവാൻ സംസ്കൃത സർവ്വകലാശാലയിൽ സംവിധാനം ഇല്ല എന്നത് വളരെ ഗൗരവമുള്ള വിഷയമാണെന്നും ഇതുമൂലം സംസ്കൃതത്തിന് പ്രാധാന്യം കുറയുന്നതായും ഭാഷ അന്യം നിന്നു പോകാനുള്ള**

**സാധ്യതയുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. സംസ്കൃതം ബി.എഡ്. പഠിക്കാൻ വേറെ സൗകര്യമില്ലെങ്കിൽ സംസ്കൃത പഠനം ഭാവിയിൽ ബുദ്ധിമുട്ടാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു. 2000 വരെ സർവ്വകലാശാലയിൽ നടത്തി വന്നിരുന്ന സംസ്കൃതം ബി.എഡ്./എം.എഡ്. കോഴ്സുകൾ എൻ.സി.റ്റി.ഇ.യുടെ ടെക്നിക്കൽ ഒബ്ജക്ഷൻ വന്നപ്പോൾ നിർത്തലാക്കിയതാണെന്നും വീണ്ടും തുടങ്ങാൻ നാലോ അഞ്ചോ പ്രാവശ്യം സർക്കാരിനെ സമീപിച്ചിട്ടും അനുമതി ലഭിച്ചില്ലായെന്നും സമിതി മനസ്സിലാക്കുന്നു. സംസ്കൃതത്തിൽ ബി.എഡ്. കോഴ്സ് തുടങ്ങാൻ പാടില്ല എന്നുള്ള സർക്കാർ തീരുമാനം പുനഃപരിശോധിക്കുന്നതിന് സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അക്കാദമിക് വകുപ്പ് ഇല്ലാത്ത ഫാക്കൽറ്റി**

1994-ലെ സർവ്വകലാശാല നിയമം 19-ാം വകുപ്പിൽ 9 ഫാക്കൽറ്റികളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഇതിൽ ഒരു ഫാക്കൽറ്റി ഇൻഡോളജിയാണ്. ഒരു ഫാക്കൽറ്റിയുടെ അടിസ്ഥാന ഘടകം ഒരു അക്കാദമിക് വകുപ്പാണ്. എന്നാൽ ഇൻഡോളജി ഫാക്കൽറ്റിയുടെ കീഴിൽ സർവ്വകലാശാലയിൽ ഒരു വകുപ്പുപോലുമില്ല എന്നത് ഒരു ന്യൂനതയാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 7.4.8)

52. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇൻഡോളജി ഫാക്കൽറ്റിയുടെ കീഴിൽ സർവ്വകലാശാലയിൽ വകുപ്പുകൾ ഒന്നും ഇല്ലായെന്നും ഇത് സംബന്ധിച്ച വിഷയം അടുത്ത സിൻഡിക്കേറ്റ് ചർച്ച ചെയ്യുമെന്നും രജിസ്ട്രാർ അറിയിച്ചു. ഇതു സംബന്ധിച്ച് സിൻഡിക്കേറ്റിന്റെ തീരുമാനം സമിതിയിൽ റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**53. ഇൻഡോളജി ഫാക്കൽറ്റിയുടെ കീഴിൽ അക്കാഡമിക് വകുപ്പുകൾ ഇല്ലാത്തത് സംബന്ധിച്ച വിഷയത്തിന്മേലുള്ള സിൻഡിക്കേറ്റിന്റെ തീരുമാനം അടിയന്തരമായി സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അദ്ധ്യാപകരുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ**

1993-ൽ സ്ഥാപിതമായ സർവ്വകലാശാലയിൽ നാളിതുവരെ ഓരോ വകുപ്പിലും വേണ്ട അദ്ധ്യാപകരുടെ എണ്ണം നിശ്ചയിച്ചുകൊണ്ടും, സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചുകൊണ്ടും അദ്ധ്യാപക തസ്തികകൾ അനുവദിച്ചുകൊണ്ടും സർക്കാർ ഉത്തരവുകൾ ഇറങ്ങിയിട്ടില്ല.

സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ ജോലിഭാരം സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തിയ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വകുപ്പുകളിലെ അദ്ധ്യാപകരുടെ എണ്ണം നിശ്ചയിക്കുന്നതിന് ഒരു മാനദണ്ഡവും ഇല്ല. ചില വകുപ്പുകളിൽ അധികം അദ്ധ്യാപകരും ചില വകുപ്പിൽ കുറവുമാണുള്ളത്. ഉദാ:-

സംസ്കൃതം സാഹിത്യം -നിലവിലുള്ള അധ്യാപകരുടെ എണ്ണം - 26

സംസ്കൃതം ന്യായം - നിലവിലുള്ള അധ്യാപകരുടെ എണ്ണം - 10

സംസ്കൃതം ജനറൽ - നിലവിലുള്ള അധ്യാപകരുടെ എണ്ണം - 8

ഈ മൂന്ന് പഠന വകുപ്പുകളിലും ബിരുദ ബിരുദാനന്തര ഗവേഷണ കോഴ്സുകൾ ഉണ്ട്. എന്നാൽ അധ്യാപകരുടെ എണ്ണത്തിൽ വലിയ വ്യത്യാസം കാണുന്നു.

**അദ്ധ്യാപകരുടെ ഒഴിവുള്ള തസ്തികകൾ നികത്തുന്നില്ല**

സർവ്വകലാശാലയിൽ വിവിധ വകുപ്പുകളിൽ റിട്ടയർമെന്റ് മൂലവും മറ്റും അദ്ധ്യാപക തസ്തികകൾ ഒഴിവുണ്ട്. അധ്യാപകരുടെ കുറവ് പഠന നിലവാരത്തെയും ഗവേഷണത്തേയും പ്രതികൂലമായി ബാധിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വകുപ്പ്/തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| വാസ്തുവിദ്യ (പ്രൊഫസർ) | 1 |
| സംസ്കൃതം വേദാന്തം (ഡയറക്ട് പോസ്റ്റ് - പ്രൊഫസർ) | 1 |
| സംസ്കൃതം വേദാന്തം (അസിസ്റ്റന്റ് പ്രൊഫസർ) | 6 |
| സംസ്കൃതം ജനറൽ (അസിസ്റ്റന്റ് പ്രൊഫസർ) | 2 |
| ഹിസ്റ്ററി (ഡയറക്ട് പ്രൊഫസർ) | 1 |
| മ്യൂസിക് (റീഡർ) | 1 |
| സൈക്കോളജി (റീഡർ) | 1 |
| ഉറുദു (പ്രൊഫസർ) | 1 |
| സംസ്കൃതം (ന്യായം)- റീഡർ | 2 |
| സംസ്കൃതം (ന്യായം)- പ്രൊഫസർ | 1 |
| സംസ്കൃതം (വ്യാകരണം)- അസോസിയേറ്റ് പ്രൊഫസർ | 2 |

ഇതിൽ വാസ്തുവിദ്യയിലെ ഏക അധ്യാപകന്റെ റിട്ടയർമെന്റിന് ശേഷം വകുപ്പിന്റെ പ്രവർത്തനം നിലച്ചമട്ടാണ്. എം.ഫിൽ., പി.എച്ച്.ഡി. കോഴ്സ് മാത്രം ഉള്ള ഈ വകുപ്പിൽ ഇതിനുശേഷം ഈ കോഴ്സ് നടത്തുന്നില്ല. എം.ഫിൽ.-പി.എച്ച്.ഡി. കോഴ്സ് മാത്രമുള്ള ജ്യോഗ്രഫി, സോഷ്യോളജി, ആയുർവേദം എന്നീ വകുപ്പുകളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾ ഇല്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 7.4.9 & 7.4.10)

54. അധ്യാപകരുടെ ഒഴിവുള്ള തസ്തികകൾ എന്തുകൊണ്ടാണ് നികത്താത്തത് എന്ന് സമിതി ആരാഞ്ഞതിന്, ചില തസ്തികകളിൽ റിസർവ്വേഷൻ കാറ്റഗറിയിൽ നിന്നുള്ള ആൾക്കാർ തന്നെ വേണമെന്നും വേണ്ടത്ര യോഗ്യതയുള്ള ആൾക്കാരെ ലഭ്യമാകാത്തത് കൊണ്ടാണ് നിയമനം നടത്താനാകാത്തത് എന്നും രജിസ്ട്രാർ മറുപടി പറഞ്ഞു. വാസ്തുവിദ്യയിലെ ഒഴിവുള്ള അധ്യാപക തസ്തികയ്ക്കായി ഇത്തരത്തിൽ 3 പ്രാവശ്യം വിജ്ഞാപനം ചെയ്തിട്ടും യോഗ്യതയുള്ള അധ്യാപകരെ ലഭിച്ചില്ലായെന്നും റെഗുലർ അധ്യാപകരില്ലാത്തതിനാൽ യു.ജി.സി. നിബന്ധന പ്രകാരം പി.എച്ച്.ഡി.ക്ക് വിജ്ഞാപനം നടത്താനും സാധിച്ചിട്ടില്ല എന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

55. കുട്ടികൾ പഠിക്കാനുണ്ട് എന്ന സാഹചര്യം കണക്കിലെടുത്ത് വാസ്തുവിദ്യാ രംഗത്ത് പാരമ്പര്യമായി ഉള്ള വിദഗ്ധരുടെയും ആവശ്യമെങ്കിൽ കേരളത്തിന് പുറത്ത് നിന്നുള്ളവരുടെയും സേവനം ഉപയോഗിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. യു.ജി.സി. വിളിക്കുന്ന യോഗങ്ങളിൽ ഈ വിഷയം ഗൗരവമായി ഉന്നയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**56. വാസ്തുവിദ്യാരംഗത്ത് പാരമ്പര്യമായി ഉള്ള വിദഗ്ധരുടെയും ആവശ്യമെങ്കിൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദഗ്ധരുടെയും സേവനം ഉപയോഗിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**സർവ്വകലാശാലയിലെ പരീക്ഷ നടത്തിപ്പ്**

പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ പൊതുവിഷയങ്ങളും ഉൾപ്പെടുത്തി 2004-ൽ വൈസ് ചാൻസിലർ പുറപ്പെടുവിച്ച എസിഡിബി1/2944/2002 തീയതി 7-6-2004 നമ്പർ ഉത്തരവാണ് ഇപ്പോഴും പരീക്ഷാ നടത്തിപ്പിനുള്ള ആധികാരിക രേഖ. സർവ്വകലാശാലയിൽ

പരീക്ഷ നടത്തിപ്പിന്റെ ചുമതല നിർവ്വഹിക്കുന്നത് പ്രൊ. വൈസ് ചാൻസലറാണ്. ഏകദേശം 3000 കുട്ടികളുടെ പരീക്ഷ നടത്തിപ്പ്, എൻട്രൻസ് പരീക്ഷ നടത്തിപ്പ് ഇവയുമായി പി.വി.സി.-യെ സഹായിക്കുവാൻ ആകെ 19 ജീവനക്കാരാണുള്ളത്. എല്ലാ പരീക്ഷകൾക്കും കേന്ദ്രീകൃത മൂല്യ നിർണ്ണയരീതിയാണ് നടത്തുന്നത്. ഉത്തരക്കടലാസിന്റെ പുനർമൂല്യ നിർണ്ണയത്തിന് ഇപ്പോൾ വ്യവസ്ഥയില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 7.4.11)

57. പുനർമൂല്യനിർണ്ണയത്തിന് സർവ്വകലാശാലയിൽ വ്യവസ്ഥ ഇല്ലാത്തത് എന്തെന്ന് സമിതി ആരാഞ്ഞതിന്, സംസ്കൃത സർവ്വകലാശാലയിൽ ഡബിൾ വാല്യൂവേഷൻ ആണെന്നും അധ്യാപകർ മൂല്യ നിർണ്ണയം നടത്തുന്നത് കൂടാതെ എക്സ്റ്റേണൽ വാല്യൂവേഷൻ ഉണ്ടെന്നും റീവാല്യൂവേഷൻ സംബന്ധിച്ച കാര്യങ്ങൾ വരുന്ന അക്കാദമിക് കൗൺസിൽ അംഗീകരിക്കുമെന്നും രജിസ്ട്രാർ അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**58. ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം നടത്തുന്നതിനുള്ള വ്യവസ്ഥകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**പരീക്ഷ നടപടികളുടെ കമ്പ്യൂട്ടർവത്കരണം**

സർവ്വകലാശാലയുടെ പരീക്ഷാ നടപടികളുടെ കമ്പ്യൂട്ടർവത്ക്കരണത്തിനായി 30-3-2009-ൽ സി.ഡിറ്റുമായി കരാറിൽ ഏർപ്പെട്ടു. കരാർ പ്രകാരം കമ്പ്യൂട്ടറൈസേഷന്റെ ആകെ ചെലവ് 29,68,100 രൂപയാണ്. ഇതിൽ 14,84,050 രൂപ ഒന്നാം ഗഡുവായി 31-3-2009-ൽ സി.ഡിറ്റിന് നൽകിയിരുന്നു. കമ്പ്യൂട്ടറൈസേഷന്റെ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കി പരിശോധന നടത്തി സോഴ്സ്കോഡ് സഹിതം സർവ്വകലാശാലയ്ക്ക് കൈമാറണമെന്നും ജീവനക്കാർക്ക് ഇതിൽ പരിശീലനം നൽകണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. കരാർ പ്രകാരം സി-ഡിറ്റ്, സെർവ്വർ കമ്പ്യൂട്ടർ പ്രിന്റർ, സ്കാനർ തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയിട്ടില്ല.

പരീക്ഷാ വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം 2010-ൽ ആരംഭിച്ചു. 2010 മുതൽ സെമസ്റ്റർ ഗ്രേഡ് റിപ്പോർട്ട് കമ്പ്യൂട്ടർ സഹായത്തോടെ തയ്യാറാക്കി നൽകിത്തുടങ്ങി. ഇപ്പോൾ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് കമ്പ്യൂട്ടർ സഹായത്തോടെ തയ്യാറാക്കുന്നു. 2012 അഡ്മിഷൻ മുതൽ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ബി.എ., എം.എ., എം.എസ്.ഡബ്ല്യൂ., എം.ഫിൽ-പി.എച്ച്.ഡി. കോഴ്സുകളിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് 10 അക്ക അഡ്മിഷൻ രജിസ്റ്റർ നമ്പർ നൽകുന്നു. ഈ യൂണിക് ഐ.ഡി. ഉപയോഗിച്ച് വിദ്യാർത്ഥിയുടെ പരീക്ഷാ സംബന്ധമായ എല്ലാ വിവരങ്ങളും കമ്പ്യൂട്ടറിൽ നിന്ന് ലഭിക്കും.

2012 മുതൽ ബിരുദാനന്തര ബിരുദ പരീക്ഷകളുടെ രജിസ്ട്രേഷൻ ഓൺലൈനാക്കി. 2012 മുതൽ പരീക്ഷകൾക്കുള്ള വിദ്യാർത്ഥികളുടെ നോമിനൽ റോൾ തയ്യാറാക്കി നൽകുന്നത് കമ്പ്യൂട്ടർ സഹായത്തോടെയാണ്.

ബി.എഫ്.എ., പി.ജി. ഡിപ്ലോമ കോഴ്സുകൾ ഇവയുടെ മാർക്ക് ലിസ്റ്റും കമ്പ്യൂട്ടർവൽക്കരണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. സർവ്വകലാശാലയുടെ വിവിധ പരീക്ഷകളുടെ ചോദ്യ പേപ്പറുകൾ ഏറ്റവും കുറഞ്ഞ സെറ്റ് മാത്രം അച്ചടിക്കുകയും പരീക്ഷാ ദിവസം ഹെഡ്ക്വോർട്ടേഴ്സിൽ നിന്നും സുരക്ഷയോടെ ഓൺലൈനായി പരീക്ഷാ കേന്ദ്രങ്ങളിൽ വിതരണം ചെയ്ത് പരീക്ഷ നടത്തുകയും ചെയ്താൽ പരീക്ഷാ സംബന്ധമായി ചെലവ് വളരെ കുറയ്ക്കാൻ കഴിയും.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 7.4.12)

59. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2009-ലെ കരാർ അനുസരിച്ച് പരീക്ഷാനടപടികളുടെ കമ്പ്യൂട്ടർവൽക്കരണം 2015-ൽ സി.ഡിറ്റ് പൂർത്തീകരിക്കേണ്ടതായിരുന്നു എന്നും ഇപ്പോൾ അവർ 80% പൂർത്തീകരിച്ചു എന്നും ബാക്കിയുള്ളത് രണ്ടു മാസത്തിനുള്ളിൽ പൂർത്തീകരിക്കാം എന്ന് സി.ഡിറ്റ് സമ്മതിച്ചിട്ടുണ്ട് എന്നും അതിന് ശേഷം മാത്രമേ ബാക്കിയുള്ള തുക നൽകുകയുള്ളൂ എന്നും രജിസ്ട്രാർ അറിയിച്ചു.

## നിഗമനങ്ങൾ /ശിപാർശകൾ

**60. സർവ്വകലാശാലയുടെ പരീക്ഷാ നടപടികളുടെ കമ്പ്യൂട്ടർവൽക്കരണം അടിയന്തരമായി പൂർത്തീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## കോഴിക്കോട് സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

**ഗവേഷണ ഡയറക്ടറേറ്റിന്റെ (ഡി.ഒ.ആർ.) പ്രവർത്തനം**

നിലവാരമുള്ള ഗവേഷണ പ്രവർത്തനങ്ങളുടെ കേന്ദ്രമാക്കി കാലിക്കറ്റ് സർവ്വകലാശാലയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2012 മാർച്ചിൽ

ഡയറക്ടറേറ്റ് ഓഫ് റിസർച്ച് എന്ന പേരിൽ ഗവേഷണ പ്രവർത്തനങ്ങൾക്ക് മാത്രമായി ഒരു വകുപ്പ് സർവ്വകലാശാല സ്ഥാപിച്ചു. നാളിതുവരെയുള്ള സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങളിലുള്ള സംഭാവനകളെയും വീഴ്ചകളെയും കുറിച്ച് പഠിക്കുകയാണ് പ്രവർത്തനാവലോകനത്തിലൂടെ ഉദ്ദേശിക്കുന്നത്.

**ഗവേഷണം-രജിസ്ട്രേഷൻ മുതൽ ഡോക്ടറേറ്റ് അവാർഡ് ചെയ്യുന്നതുവരെ വൻകാലതാമസം**

യു.ജി.സി., സർവ്വകലാശാല, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവരുടെ മാനദണ്ഡങ്ങൾ പ്രകാരം ഫുൾടൈം ഗവേഷണ വിദ്യാർത്ഥികൾ, ഗവേഷണ വകുപ്പിൽ പ്രവേശിച്ച് 5 വർഷത്തിനുള്ളിൽ ഗവേഷണം പൂർത്തിയാക്കേണ്ടതാണ്. പാർട്ട് ടൈം വിദ്യാർത്ഥികളുടെ കാര്യത്തിൽ ഇത് ആറു വർഷമാണ്. പ്രത്യേക സാഹചര്യങ്ങളിൽ ഗവേഷണം പൂർത്തീകരിക്കാൻ ഒരു വർഷത്തെ കാലയളവ് കൂടി വൈസ് ചാൻസലർക്ക് നീട്ടിക്കൊടുക്കാമെന്ന് കാലിക്കറ്റ് സർവ്വകലാശാലയുടെ ഗവേഷണം സംബന്ധിച്ച നിയമാവലിയിൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഗവേഷണം ആരംഭിച്ച് 16 വർഷത്തിലധികം കഴിഞ്ഞ് തീസിസ് സമർപ്പിച്ച സംഭവവും ഉള്ളതായി പി.എച്ച്.ഡി. അവാർഡ് രജിസ്റ്റർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. വർഷങ്ങളോളം നീണ്ടു നിൽക്കുന്ന ഗവേഷണങ്ങൾ വൈജ്ഞാനിക, സാമൂഹിക മേഖലകളിൽ ഉദ്ദേശിച്ച ഫലം നൽകാൻ പര്യാപ്തമാകണമെന്നില്ല.

തീസിസ് സമർപ്പിച്ച് 3 മാസത്തിനുള്ളിൽ പി.എച്ച്.ഡി. അവാർഡ് ചെയ്യുമെന്ന് ഡി.ഒ.ആർ. തയ്യാറാക്കിയ നിയമാവലിയിൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ പരിശോധനയിൽ തീസിസ് സമർപ്പിച്ച് ഒരു വർഷം മുതൽ മൂന്നു വർഷം വരെയുള്ള കാലതാമസം വന്നു കാണുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 7.5.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

61. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായാണ് ഡയറക്ടറേറ്റ് ഓഫ് റിസർച്ച് (DOR) 2012-ൽ സ്ഥാപിച്ചത് എന്നും ഇപ്പോൾ കാര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട് എന്നും രജിസ്ട്രാർ അറിയിച്ചു. പുറത്ത് നിന്നുള്ള എക്സാമിനേഴ്സ് മൂല്യ നിർണ്ണയം ചെയ്യുന്നത് കൊണ്ട് ആറ് മാസം വരെ കാലതാമസം ഉണ്ടാകാറുണ്ട് എന്നും രജിസ്ട്രാർ അറിയിച്ചു. മറ്റ് സർവ്വകലാശാലകളിലെ ഗവേഷണ പ്രബന്ധം കോപ്പിയടിക്കുന്നു എന്ന ആരോപണം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഇപ്പോൾ Plagiarism Check

നിർബന്ധമാക്കിയിട്ടുണ്ട് എന്നും കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു. Plagiarism Check ചെയ്യുന്നതിനായി യു.ജി.സി. തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഇതിനായി ഉപയോഗിക്കുന്നുണ്ട് എന്നും പ്രബന്ധം സമർപ്പിക്കാൻ കാലതാമസം വരുത്തിയ കുട്ടികൾക്ക് കർശനമായ വാണിംഗ് കൊടുക്കാൻ തീരുമാനിച്ചു എന്നും രജിസ്ട്രാർ അറിയിച്ചു. ഫെലോഷിപ്പിനായി നീക്കിവച്ച തുകയിൽ 52.66% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിനെ തുടർന്ന് കുട്ടികൾ ചേരുന്നതിന്റെ എണ്ണം കുറഞ്ഞുകഴിഞ്ഞാൽ ഫെല്ലോഷിപ്പിനായി നീക്കിവച്ച തുകയിൽ കുറവ് ഉണ്ടാകും എന്നും ഇപ്പോൾ ഈ അവസ്ഥ മാറിയിട്ടുണ്ടെന്നും യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പിനത്തിൽ കുട്ടികൾക്ക് കൊടുക്കുന്ന തുക 4000-5000 റേഞ്ച് എന്നത് 13,000 രൂപയായി ഉയർത്താൻ സിൻഡിക്കേറ്റ് തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്തുത തുക യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്നുമാണ് അനുവദിക്കുന്നതെന്നും സർവ്വകലാശാല ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി.

62. യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പും യു.ജി.സി. ഫെല്ലോഷിപ്പും ഒരു കുട്ടിക്ക് ലഭിക്കില്ലേ എന്ന് സമിതി സംശയം പ്രകടിപ്പിച്ചതിനെ തുടർന്ന് ഒരു കുട്ടിക്ക് ഒരു ഫെല്ലോഷിപ്പിനേ അർഹതയുള്ളൂ എന്ന് രജിസ്ട്രാർ മറുപടി നൽകി.

## നിഗമനങ്ങൾ /ശിപാർശകൾ

**63. ഗവേഷണം പൂർത്തീകരിച്ച് നിശ്ചിത കാലയളവിനുള്ളിൽ തീസിസ് സമർപ്പിക്കുന്നതിനും വിദ്യാർത്ഥികൾ സമർപ്പിക്കുന്ന തീസിസ് സമയബന്ധിതമായി പരിശോധിച്ച് അർഹരായവർക്ക് പി.എച്ച്.ഡി. നൽകുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഗവേഷണം പൂർത്തീകരിച്ചില്ല-ഫെല്ലോഷിപ്പിനത്തിൽ നൽകിയ തുക നഷ്ടമായി**

1997-ലെ കാലിക്കറ്റ് സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ 33(5)പ്രകാരം ഗവേഷണത്തിൽ തൃപ്തികരമായ പുരോഗതി ഇല്ലാതെ വന്നാൽ ഗവേഷകർക്ക് അനുവദിച്ച ഫെല്ലോഷിപ്പ് റദ്ദ് ചെയ്യാനും ഫെല്ലോഷിപ്പ് വാങ്ങിയവരിൽ നിന്നും മുഴുവൻ തുകയും തിരിച്ച് പിടിക്കാനും സർവ്വകലാശാല സിൻഡിക്കേറ്റിന് അധികാരമുണ്ട്.

കാലിക്കറ്റ് സർവ്വകലാശാല റിസർച്ച് ഡയറക്ടറേറ്റിന്റെ പ്രവർത്തനം പരിശോധിച്ചപ്പോൾ വിവിധ പഠന വകുപ്പുകളിൽ ഗവേഷണത്തിന് ചേരുകയും യു.ജി.സി., സി.എസ്.ഐ.ആർ., കാലിക്കറ്റ് സർവ്വകലാശാല എസ്.സി./എസ്.റ്റി. ഡിപ്പാർട്ട്മെന്റ് തുടങ്ങിയ വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലക്ഷങ്ങൾ ഫെല്ലോഷിപ്പ് ഇനത്തിൽ കൈപ്പറ്റുകയും, എന്നാൽ യഥാസമയം തീസിസ് സമർപ്പിക്കാതിരിക്കുകയും ചെയ്യുന്നവർ നിരവധിയുണ്ടെന്ന് വ്യക്തമായി.

1998 മുതൽ 2007 വരെയുള്ള വിവിധ വർഷങ്ങളിൽ യു.ജി.സി. ഫെല്ലോഷിപ്പ് നേടിയതിനുശേഷം നാളിതുവരെ ഗവേഷണം പൂർത്തിയാക്കി തീസിസ് സമർപ്പിക്കാത്തവർക്ക് ഫെല്ലോഷിപ്പിനത്തിൽ നൽകിയിട്ടുള്ള 60,55,360 രൂപയുടെ വിശദാംശങ്ങൾ ചുവടെ:

| ക്രമ നമ്പർ | പേര് | ഡിപ്പാർട്ട്മെന്റ് | ഗവേഷണം ആരംഭിച്ച തീയതി | പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 4 | 5 | 6 |
| 1 | ദയാനന്ദൻ കെ. | മലയാളം | 12-2-1999 | 11-2-2004 | 1,75,027 | 17-9-01-ന് റിലിങ്ക്വിഷ് ചെയ്തു. |
| 2 | ഷഹർബീൻ സി.എച്ച്. | അറബിക് | 24-11-1998 | 23-11-2003 | 1,14,691 | |
| 3 | റജീന ഡേവിഡ് | ഇക്കണോമിക്സ് | 2-8-1999 | 1-8-2004 | 54,919 | |
| 4 | ഷൈനി ജോർജ്ജ് | ഇംഗ്ലീഷ് | 19-6-2000 | 18-6-2005 | 1,02,000 | |
| 5 | ധന്യ എസ്. | ഇംഗ്ലീഷ് | 10-8-2000 | 9-8-2005 | 3,24,815 | |
| 6 | മുഹമ്മദ് നൗഫൽ കെ. | ഡി.സി.എം.എസ്. | 3-10-2000 | 2-10-2005 | 3,17,887 | |
| 7 | സുജല പ്രഭ എസ്. | മലയാളം | 5-6-2000 | 4-6-2005 | 3,22,432 | |
| 8 | പ്രിയ പി. | ഹിസ്റ്ററി | 9-10-2001 | 8-10-2006 | 3,24,137 | 25-1-05-ൽ റിലിങ്ക്വിഷ് ചെയ്തു. |
| 9 | സലീൽ എം. | ലൈബ്രറി സയൻസ് | 26-3-2002 | 25-3-2007 | 5,46,238 | |
| 10 | ജയപ്രകാശ് എ. | ഇംഗ്ലീഷ് | 20-9-2002 | 19-9-2007 | 2,39,158 | 29-10-05-ൽ റിലിങ്ക്വിഷ് ചെയ്തു. |
| 11 | ശ്രീബ. യു. | ഹിസ്റ്ററി | 7-5-2001 | 6-5-2006 | 4,93,644 | |
| 12 | ആനി സബിത പോൾ | ഗണിതശാസ്ത്രം | 14-10-2003 | 13-10-2008 | 1,43,069 | 15-10-04-ൽ റിലിങ്ക്വിഷ് ചെയ്തു. |

| 1 | 2 | 3 | 4 | 4 | 5 | 6 |
|---|---|---|---|---|---|---|
| 13 | ഷൈനി ജോസഫ് | ഗണിതശാസ്ത്രം | 17-6-2004 | 16-6-2009 | 1,67,363 | |
| 14 | ശശീന്ദ്രൻ വി. | ഡി.സി.എം. എസ്. | 3-3-2004 | 2-3-2009 | 1,60,481 | 2005 നവംബറിൽ റിലിങ്ക്വിഷ് ചെയ്തു. |
| 15 | ഷിജിലി ജോസഫ് | സൈക്കോളജി | 29-1-2004 | 28-1-2009 | 2,74,419 | |
| 16 | രാഖി. എൻ. | സോഷ്യോളജി | 7-6-2004 | 6-6-2009 | 1,69,048 | |
| 17 | സജിത് എം. | ഡി.സി.എം. എസ് | 14-9-2007 | 13-9-2012 | 3,92,162 | 3-1-2011 ൽ റിലിങ്ക്വിഷ് ചെയ്തു. |
| 18 | ദീപ പി. | മലയാളം | 28-11-2006 | 27-11-2011 | 5,33,700 | |
| 19 | സിറിയക് ജോർജ്ജ് | സ്റ്റാറ്റിസ്റ്റിക്സ് | 1-3-2006 | 28-2-2011 | 29,501 | |
| 20 | രതീഷ് കെ. പി. | ഗണിതശാസ്ത്രം | 24-7-2007 | 23-7-2012 | 2,93,391 | 17-6-09-ൽ റിലിങ്ക്വിഷ് ചെയ്തു. |
| 21 | രതി ബി. മേനോൻ | എഡ്യൂക്കേഷൻ | 3-8-2007 | 2-8-2012 | 8,77,278 | |
| | | | | ആകെ | 60,55,360 | |

**ഗവേഷണ സൗകര്യങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല**

സർവ്വകലാശാലയിൽ നിലവിൽ ആകെ 344 അംഗീകൃത ഗൈഡുമാരുണ്ട്. ഇതിൽ 161 പേർ സർവ്വകലാശാല വകുപ്പുകളിലും 183 പേർ മറ്റ് സെന്ററുകളിലും അദ്ധ്യാപനം നടത്തുന്നവരാണ്. ഗവേഷണവുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ പുതിയ മാനദണ്ഡങ്ങൾ പ്രകാരം ഒരു ഗൈഡിന്റെ കീഴിൽ ഗവേഷണത്തിൽ ഏർപ്പെടാവുന്നവരുടെ എണ്ണം 5-ൽ നിന്നും 8 ആയി ഉയർത്തിയിട്ടുണ്ട്. ഇതിൽ നിന്നും ഒരേ സമയം 2752 പേർക്ക് (344 * 8) ഗവേഷണം നടത്താനുള്ള മേൽനോട്ട സൗകര്യം സർവ്വകലാശാലയിലുണ്ടെന്ന് വ്യക്തമാണ്. എന്നാൽ നിലവിൽ ഈ സൗകര്യത്തിന്റെ 20% മാത്രമാണ് ഉപയോഗപ്പെടുത്തുന്നത് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 2010-11 മുതലുള്ള 3 വർഷങ്ങളിൽ ഫെല്ലോഷിപ്പിനായി നീക്കിവച്ച ബഡ്ജറ്റ് വിഹിതത്തിന്റെ ശരാശരി 52.66% മാത്രമാണ് വിനിയോഗിച്ചിരിക്കുന്നത്. സാമ്പത്തികവും മേൽനോട്ട സംബന്ധവുമായ സൗകര്യങ്ങൾ ആവശ്യത്തിനുണ്ടായിരിക്കെ സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്യുന്ന ഗവേഷണാർത്ഥികളുടെ എണ്ണം കുറയുവാനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

. ഗവേഷണാർത്ഥികളിൽ നിന്ന് എല്ലാ വർഷവും അപേക്ഷ ക്ഷണിക്കുന്നില്ല

. ഗൈഡുമാരുടെ മനുഷ്യ ശേഷി പൂർണ്ണമായി വിനിയോഗിക്കുന്നില്ല

3. പി.എച്ച്.ഡി. ലഭ്യമാകുന്നതിനുള്ള ഗവേഷണം സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ സ്ഥാപനം നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഇതിലെ വ്യവസ്ഥകൾ ബന്ധപ്പെട്ട എല്ലാവരും പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നില്ല.

യു.ജി.സി. ഒഴികെയുള്ള മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്ന് ഫെല്ലോഷിപ്പ് നേടിയശേഷം യഥാസമയം തീസിസ് സമർപ്പിക്കാത്ത 53 ഗവേഷക വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ്, വീട്ടുവാടക, കണ്ടിജൻസി തുടങ്ങിയ ഇനങ്ങളിൽ മൊത്തം എത്ര തുക നൽകി എന്നറിയിക്കണമെന്നാവശ്യപ്പെട്ട് 31-3-2014-ൽ നമ്പർ എൽ.എഫ്.സി.യു.ജി2/294/2014 നമ്പർ കത്ത് സർവ്വകലാശാലയ്ക്ക് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

ഗവേഷണത്തിന് ചേരുമ്പോൾ സർവ്വകലാശാലയുമായി ഗവേഷകർ ഒപ്പിടുന്ന ഉടമ്പടി പ്രകാരം ഗവേഷണം പൂർത്തീകരിക്കാത്ത പക്ഷം കൈപ്പറ്റിയ ഫെല്ലോഷിപ്പ് തുക തിരിച്ചടയ്ക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് ഈയിനത്തിൽ നഷ്ടപ്പെട്ട തുക തിരിച്ചു പിടിക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 7.5 2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64. ഇതു സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിന്, ഗവേഷണത്തിന് ഫെല്ലോഷിപ്പ് തുക കൈപ്പറ്റിയ ശേഷം തിസീസ് സമർപ്പിക്കാത്ത വിദ്യാർത്ഥികളോട് വിശദീകരണം ചോദിച്ചിട്ടുണ്ട് എന്നും ഇതു സംബന്ധിച്ച് കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സ്റ്റാൻഡിംഗ് കമ്മിറ്റി ഓൺ റിസർച്ചിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നും സിൻഡിക്കേറ്റിന്റെ തീരുമാനം വരുന്ന മുറയ്ക്ക് ഈ പ്രശ്നങ്ങളൊക്കെ പരിഹരിച്ച് അപ്ഡേറ്റ് ചെയ്യാൻ സാധിക്കുമെന്നും കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ സമിതിയിൽ മറുപടി നൽകി. ഗവേഷണം പൂർത്തീകരിക്കാത്തവരിൽ നിന്ന് പ്രബന്ധം എത്രയും വേഗം സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും സമർപ്പിക്കാത്ത പക്ഷം തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. സർവ്വകലാശാലയിൽ നടക്കുന്ന ഗവേഷണങ്ങൾകൊണ്ട് സമൂഹത്തിന് എന്ത് ഗുണങ്ങൾ ഉണ്ടെന്ന് സർവ്വകലാശാല ഇതുവരെ പഠനം നടത്തിയിട്ടില്ല എന്നും രജിസ്ട്രാർ സമിതിയുടെ

ചോദ്യത്തിന് മറുപടിയായി അറിയിച്ചു. സർവ്വകലാശാലയിൽ നടക്കുന്ന ഗവേഷണം സമൂഹത്തിന് പ്രയോജനപ്രദമായിരിക്കണമെന്ന് സമിതി നിരീക്ഷിച്ചു

## നിഗമനങ്ങൾ /ശിപാർശകൾ

**65. ഗവേഷകർക്ക് അനുവദിച്ച ഫെല്ലോഷിപ്പ് തുക കൈപ്പറ്റിയശേഷം ഗവേഷണം പൂർത്തീകരിക്കാത്തവരിൽ നിന്ന് തീസിസ് എത്രയും വേഗം സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും തീസിസ് സമർപ്പിക്കാത്ത പക്ഷം തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**യു.ജി.സി.-എഫ്.ഐ.പി.സ്കീം-യഥാസമയം ഗവേഷണം പൂർത്തിയാക്കാത്ത അദ്ധ്യാപകരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കിയില്ല.**

കാലിക്കറ്റ് സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലും അംഗീകൃത റിസർച്ച് സെന്ററുകളിലും യു.ജി.സി. ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് സ്കീം പ്രകാരം ഗവേഷണത്തിന് ചേരുകയും പരമാവധി ഗവേഷണ കാലയളവായ മൂന്ന് വർഷത്തിനുശേഷവും തീസിസ് സമർപ്പിക്കാതിരിക്കുകയും ചെയ്ത ഗവൺമെന്റ്/എയ്ഡഡ് കോളേജ് അധ്യാപകർ നിരവധിയാണ്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ പത്താം പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 8.3 പ്രകാരവും പതിനൊന്നാം പദ്ധതി മാർഗ്ഗ രേഖയിലെ ഖണ്ഡിക 12 പ്രകാരവും എഫ്.ഐ.പി. സ്കീമിൽ ഗവേഷണം ചെയ്യുന്ന കോളേജ്/സർവ്വകലാശാല അധ്യാപകർ ഇടയ്ക്ക് വച്ച് നിർത്തുകയോ പൂർത്തിയാക്കാതിരിക്കുകയോ ചെയ്താൽ മേൽ വ്യക്തിയിൽ നിന്നും കൈപ്പറ്റിയ ശമ്പളം, കണ്ടിജൻസി ചാർജ്ജ്, ഇദ്ദേഹത്തിന് പകരം അതാത് സ്ഥാപനങ്ങളിൽ നിയമിതരായ ടീച്ചർക്ക് നൽകിയ ശമ്പളം എന്നിവയുൾപ്പെടെ മുഴുവൻ തുകയും തിരിച്ച് പിടിക്കണമെന്ന് വ്യക്തമാക്കുന്നു. മാത്രമല്ല ഗവേഷകർ എഫ്.ഐ.പി. സ്കീമിൽ ഗവേഷണത്തിന് ചേരുമ്പോൾ സർവ്വകലാശാലയുമായി ഏർപ്പെടുന്ന കരാർ ഉടമ്പടി പ്രകാരവും ഗവേഷണം യഥാവിധി പൂർത്തിയാക്കിയില്ലെങ്കിൽ സർക്കാരിൽ നിന്നും യു.ജി.സി.യിൽ നിന്നും ചെലവായ പണം തിരികെ പിടിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരം നാളിതുവരെ തീസിസ് സമർപ്പിക്കാത്ത 105 അധ്യാപകരിൽ നിന്ന് എഫ്.ഐ.പി. സ്കീമിൽ ഗവേഷണം ചെയ്ത കാലയളവിൽ കൈപ്പറ്റിയ ശമ്പളമുൾപ്പെടെ സർക്കാരിനും യു.ജി.സി.ക്കും ചെലവായ തുക തിരികെ ഈടാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 7.5.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

66. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കാലിക്കറ്റ് സർവ്വകലാശാലയുടെ പരിധിയിൽ ഉള്ളവരെ കൂടാതെ മറ്റ് യൂണിവേഴ്സിറ്റികളിൽ റിസർച്ച് ചെയ്യുന്നവരും ഇതിൽ ഉൾപ്പെടുന്നുണ്ട് എന്നും വിഷയം ശ്രദ്ധയിൽപ്പെട്ടയുടൻ ഇതിലുള്ള 105 പേർക്കും കത്തയച്ചു എന്നും അതിൽ പലരും റിസർച്ച് പൂർത്തിയാക്കിയവരാണ് എന്നും സർക്കാർ സർവ്വീസിലുള്ളവർ സർക്കാരുമായി ഉടമ്പടി വച്ചിട്ടാണ് എഫ്.ഐ.പി. യിൽ പോകുന്നത് എന്നും അവരുടെ ശമ്പളം ഗവൺമെന്റ് വഴിയാണ് നൽകുന്നത് എന്നും ആയത് തിരിച്ചുപിടിക്കാൻ സർവ്വകലാശാലക്ക് അധികാരമില്ല എന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ /ശിപാർശകൾ

**67. ഗവേഷണ കാലയളവായ മൂന്ന് വർഷത്തിനുശേഷവും വ്യക്തമായ കാരണങ്ങളില്ലാതെ തീസിസ് സമർപ്പിക്കാത്ത അധ്യാപകരിൽ നിന്നും യു.ജി. സി. മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ച പ്രകാരമുള്ള ചെലവായ പണം തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**അധ്യാപകരുടെ ഗവേഷണപ്രവർത്തനങ്ങൾ പരിമിതം**

യു.ജി.സി. സ്കീം കേരളത്തിലെ കോളേജുകളിലും സർവ്വകലാശാലകളിലും നടപ്പിലാക്കിക്കൊണ്ട് 13-3-1990-ൽ ഹയർ എഡ്യൂക്കേഷൻ വകുപ്പ് ഇറക്കിയ 66/90/11 ഹയർ എഡ്യൂക്കേഷൻ നമ്പർ ഉത്തരവിൽ അധ്യാപന സമയത്തിന് ഏകദേശം തുല്യമായി തന്നെ ഗവേഷണ പ്രവർത്തനങ്ങൾക്കും സമയം വിനിയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഉയർന്ന ശമ്പള പാക്കേജ് ലഭ്യമാകുമ്പോഴും ഗവേഷണ രംഗത്തെ ഉത്തരവാദിത്വങ്ങൾ പൂർണ്ണമായും നിറവേറ്റുന്നതിൽ സർവ്വകലാശാലയിലെ ഒരു വിഭാഗം അധ്യാപകർ വീഴ്ച വരുത്തുന്നുണ്ട്.

സ്വന്തമായി ഗവേഷണം നടത്തുകയോ ഗവേഷകരെ ഗൈഡ് ചെയ്യുകയോ ചെയ്യാത്ത 6 അധ്യാപകർ വിവിധ വകുപ്പുകളിലുണ്ട്. സ്വന്തമായി ഗവേഷണത്തിലേർപ്പെടാത്ത ഒരു ഗവേഷകനെ മാത്രം ഗൈഡ് ചെയ്യുന്ന 9 അദ്ധ്യാപകരും 2 പേരെ മാത്രം ഗൈഡ് ചെയ്യുന്ന 14 പേരും വിവിധ പഠന വകുപ്പുകളിലുണ്ട്. ഡയറക്ടറേറ്റ് ഓഫ് റിസർച്ച് 2014 ജനുവരിയിൽ പ്രസിദ്ധീകരിച്ച ഡാറ്റ പ്രകാരം സർവ്വകലാശാല അദ്ധ്യാപകരിൽ

26% മാത്രമാണ് ക്രിയാത്മക ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളത്. പ്രസിദ്ധീകരിക്കപ്പെടുന്ന ഗവേഷണ പ്രബന്ധങ്ങളുടെ ഫലപ്രാപ്തിയും അനന്തര ഫലങ്ങളും അളക്കുന്ന h-index പ്രകാരം കേരളത്തിലെ 4 പ്രധാന സർവ്വകലാശാലകളിൽ ഏറ്റവും താഴെ h-index കാലിക്കറ്റ് സർവ്വകലാശാലയുടേതാണെന്നു കാണാം.

പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ കഴിയാതെ ചെലവഴിച്ച തുക മുഴുവൻ പാഴായ സന്ദർഭങ്ങളും സർവ്വകലാശാലയിൽ ഉണ്ടായിട്ടുണ്ട്. (2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 28, 29 കാണുക) പ്രോജക്ട് പൂർത്തീകരിക്കാതെ ചെലവ് തുക പാഴാക്കുന്ന പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർമാർക്ക് യു.ജി.സി. ഉൾപ്പെടെയുള്ള ഏജൻസികൾ ഗവേഷണത്തിനായി തുടർന്ന് തുക അനുവദിക്കില്ലെന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. സർവ്വകലാശാലയുടെ ഗവേഷണ മേഖലയിലെ മുന്നേറ്റത്തിന് ഇതൊരു തടസ്സമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 7.5.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

68. പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇപ്പോൾ കാര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട് എന്നും കാലിക്കറ്റ് സർവ്വകലാശാലയിലെ അധ്യാപകരുടെ പ്രവർത്തനത്തെ നാക്ക് (NAAC) ടീം പ്രശംസിച്ചിട്ടുണ്ട് എന്നും സർവ്വകലാശാലയ്ക്ക് കേരളത്തിലെ ഏറ്റവും മികച്ച ഗ്രേഡ് നൽകിയിട്ടുണ്ട് എന്നും രജിസ്ട്രാർ അറിയിച്ചു.

69. മറ്റ് സർവ്വകലാശാലകളെ അപേക്ഷിച്ച് ഏറ്റവും താഴ്ന്ന h-index ആണ് കോഴിക്കോട് സർവ്വകലാശാലയ്ക്ക് എന്ന് സമിതി ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് ഇപ്പോൾ കാര്യങ്ങളിൽ മാറ്റം വന്നിട്ടുണ്ട് എന്ന് രജിസ്ട്രാർ സമിതിയെ അറിയിക്കുകയുണ്ടായി. ഇതേ തുടർന്ന് നിലവിലുള്ള അവസ്ഥ സംബന്ധിച്ച അടിയന്തര റിപ്പോർട്ട് സമിതിക്കും ഓഡിറ്റിനും ഒരു മാസത്തിനകം നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

## നിഗമനങ്ങൾ /ശിപാർശകൾ

**70. ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അധ്യാപകരുടെയും പ്രസിദ്ധീകരിക്കുന്ന ഗവേഷണ പ്രബന്ധങ്ങളുടെ നിലവാരവും അളക്കുന്ന h-index-പ്രകാരം കോഴിക്കോട് സർവ്വകലാശാല ഏറ്റവും പിന്നിലാണെന്നുള്ളതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുന്നു. h-index-പ്രകാരം നിലവിൽ കോഴിക്കോട് സർവ്വകലാശാലയിൽ ഗുണപരമായ മാറ്റം വന്നിട്ടുണ്ടോയെന്നും**

**പുരോഗതി വന്നിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് മുഖാന്തരം ഒരു മാസത്തിനകം സമിതി മുമ്പാകെ സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫെല്ലോഷിപ്പ് നൽകുന്നതിനുള്ള യു.ജി.സി ഗ്രാന്റ് സമയബന്ധിതമായി നേടിയെടുക്കുന്നില്ല; ഗവേഷണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.**

യു.ജി.സി. ഗ്രാന്റിന്റെ വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി ഹാജരാക്കുന്നതിൽ ഗുരുതരമായ അലംഭാവമാണ് ഡി.ഒ.ആർ. കാണിച്ചിട്ടുള്ളത്. 2012-13 വർഷത്തെയും 2013-14 വർഷത്തെയും ആദ്യ പകുതിയിലെയും വിനിയോഗ സാക്ഷ്യപത്രം 2013 ഡിസംബർ 2-ന് മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. ഇതുമൂലം, ഗ്രാന്റ് സമയബന്ധിതമായി ലഭിക്കാത്തതിനാൽ ഗവേഷകർക്ക് ഫെല്ലോഷിപ്പ് നൽകുന്നതിനായി 31,21,869 രൂപ സർവ്വകലാശാല ഫണ്ടിൽ നിന്നും ചെലവഴിച്ചു. സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സർവ്വകലാശാലയുടെ ഫണ്ടിൽ നിന്ന് ഇത്രയും വലിയ തുക വക മാറ്റിയത് അഭികാമ്യമല്ല.

യു.ജി.സി. ഗ്രാന്റിനുള്ള വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി സമർപ്പിക്കേണ്ടതും ഓരോ വർഷത്തെയും ഗ്രാന്റ് കൃത്യ സമയത്ത് തന്നെ ലഭ്യമാക്കി ഗവേഷകർക്ക് കാലതാമസം കൂടാതെ ഫെല്ലോഷിപ്പ് നൽകുന്നതിന് വേണ്ട നടപടികൾ ഉണ്ടാകേണ്ടതുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നം. 7.5.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

71. കഴിഞ്ഞ വർഷം അവസാനം വരെ യു.ജി.സി. ഗ്രാന്റിനുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തു കഴിഞ്ഞു എന്നും 2 കോടിയോളം രൂപ യു.ജി.സി. ഗ്രാന്റ് കിട്ടാൻ ബാക്കി ഉണ്ടെന്നും രജിസ്ട്രാർ അറിയിച്ചു. യു.ജി.സി. അഡ്വാൻസായി തുക നൽകാത്തത് കൊണ്ട് സർവ്വകലാശാലയുടെ ഫണ്ടിൽ നിന്ന് തുക അനുവദിക്കുകയും പിന്നീട് റീ-ഇംബേഴ്സ് ആയി വാങ്ങുകയുമാണ് ചെയ്യുന്നതെന്നും രജിസ്ട്രാർ വ്യക്തമാക്കി.

**നിഗമനങ്ങൾ/ശിപാർശകൾ**

**72. യു.ജി.സി. ഗ്രാന്റിനുള്ള വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി സമർപ്പിക്കേണ്ടതാണെന്നും ഓരോ വർഷത്തെയും ഗ്രാന്റ് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

# കണ്ണൂർ സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

## വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിന്റെ പ്രവർത്തനം

കണ്ണൂർ സർവ്വകലാശാലയിൽ 2002-03-ൽ ആരംഭിച്ച വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ 2012-13-ൽ ആകെ 20 കോഴ്സുകളിലായി 30000-ൽ അധികം പേർ എൻറോൾ ചെയ്തിട്ടുണ്ട്. എന്നാൽ ഇവർക്കുവേണ്ടിയുള്ള താഴെ പറയുന്ന സ്റ്റുഡന്റ് സപ്പോർട്ട് സർവ്വീസുകൾ വേണ്ടത്ര ഫലപ്രാപ്തിയിലെത്തിയിട്ടില്ല

1. പേഴ്സണൽ കോൺടാക്ട് പ്രോഗ്രാം (പി.സി.പി.)

നിലവിൽ 8 പഠന കേന്ദ്രങ്ങൾ വഴി ഓരോ വിഷയത്തിനും ഒരു വർഷത്തിൽ 5 മണിക്കൂർ വീതം ദൈർഘ്യമുള്ള 2 സമ്പർക്ക ക്ലാസ്സുകൾ നൽകി വരുന്നുണ്ടെങ്കിലും വിദൂര വിദ്യാഭ്യാസ കേന്ദ്രവും പഠന കേന്ദ്രങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് ഇല്ല

2. സ്വയം പഠന സഹായികൾ (Self Instructional Materials)

പഠനക്കുറിപ്പുകളുടെ വിതരണം സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ യൂണിവേഴ്സിറ്റികളിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവ യഥാസമയം വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് വ്യക്തമല്ല.

3. ടെക്നോളജി ഡെവലപ്മെന്റ്

നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പഠന സൗകര്യങ്ങൾ പഠിതാക്കൾ വെബ്സൈറ്റിലൂടെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് ഇതുവരെ 22,50,909 ചെലവഴിച്ചെങ്കിലും ആയത് പൂർണ്ണമായി നടപ്പിൽ വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

4. സ്മാർട്ട് വെബ്

വെബ്സൈറ്റിലൂടെ വിവിധ വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഓഡിയോ, വീഡിയോ ക്ലാസ്സുകൾ നൽകാനുള്ള പ്രോജക്ട് ഇതുവരെ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല.

5. പാഠങ്ങളുടെ വീഡിയോ ചിത്രീകരണവും ഇന്റർനെറ്റ് സൗകര്യവും

17-10-2011-ലെ സർവ്വകലാശാല ഉത്തരവ് നമ്പർ എസ്.ഡി.ഇ/1.1.383/2011 പ്രകാരം സി-ഡിറ്റിനെ പാഠവിഭാഗങ്ങളുടെ സാമ്പിൾ വീഡിയോ ചിത്രീകരണത്തിന് ചുമതലപ്പെടുത്തിയെങ്കിലും ഇവ സ്മാർട്ട് വെബിലൂടെ ഇന്റർനെറ്റിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

6. <u>കമ്പ്യൂട്ടർ ലാബ്</u>

2011-12 വർഷത്തെ ഡി.ഇ.സി. ഗ്രാന്റ് 5,25,000 രൂപ ഉപയോഗിച്ച് കമ്പ്യൂട്ടറുകൾ വാങ്ങിയെങ്കിലും നാളിതുവരെ ഇവ സ്ഥാപിക്കാനുള്ള കെട്ടിടം ലഭ്യമാക്കുകയോ ലാബ് അസിസ്റ്റന്റിനെ നിയമിക്കുകയോ ചെയ്തിട്ടില്ല.

7. <u>ലൈബ്രറി</u>

2004-05 സാമ്പത്തിക വർഷം മുതലുള്ള ഡി.ഇ.സി ഗ്രാന്റ് ഉപയോഗിച്ച് 2491 പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ലൈബ്രറിയ്ക്ക് വേണ്ടിയുള്ള കെട്ടിടവും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഒരുക്കിയിട്ടില്ല. 15 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ പുസ്തകങ്ങൾ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ ഒരു മുറിയിൽ ഉപയോഗിക്കപ്പെടാതെ Dead Stock ആയി അവശേഷിക്കുന്നു.

**ഒന്നിൽ കൂടുതൽ വിഷയങ്ങൾക്ക് ഒരേ കോർഡിനേറ്റർ**

കോഴ്സ് കോ-ഓഡിനേറ്റർമാരായി നിയമിക്കപ്പെടുന്നതിന് യോഗ്യതയായി ബന്ധപ്പെട്ട വിഷയത്തിൽ രണ്ടാം ക്ലാസ്സ് ബിരുദാനന്തര ബിരുദമുണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, ഒന്നിലധികം വിഷയങ്ങൾക്ക് ഒരു കോ-ഓർഡിനേറ്ററെ മാത്രം നിയമിക്കുന്ന നടപടിയാണ് സർവ്വകലാശാല സ്വീകരിച്ചിട്ടുള്ളത്. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കൗൺസിൽ ഗ്രാന്റ് - വിനിയോഗം കാര്യക്ഷമമല്ല.

2003-04 മുതൽ 2012-13 വർഷം വരെയുള്ള കാലയളവിൽ സർവ്വകലാശാലയ്ക്ക് ലഭിച്ച ഗ്രാന്റ് തുകയായ 1,13,80,000 രൂപയിൽ 96,10,609 രൂപ മാത്രമാണ് (84.45%) വിനിയോഗിക്കപ്പെട്ടത്. വിനിയോഗ സാക്ഷ്യപത്രം ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കൗൺസിലിന് സമർപ്പിക്കാൻ വൈകിയതിനാൽ 60 ലക്ഷം രൂപയുടെ ഗ്രാന്റ് സർവ്വകലാശാലയ്ക്ക് ലഭിക്കാതെ പോയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 7.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

73. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വിദൂര വിദ്യാഭ്യാസ കേന്ദ്രവും പഠന കേന്ദ്രങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്ക് ഇതുവരെ സ്ഥാപിച്ചിട്ടില്ല എന്നും ഐ.ടി. വികസനത്തിന്റെ ആദ്യ ഘട്ടം മാത്രമേ പൂർത്തിയായിട്ടുള്ളൂ എന്നും നെറ്റ്‌വർക്ക് സ്ഥാപിക്കാനാവശ്യമായ നടപടികൾ രണ്ടും മൂന്നും ഘട്ടങ്ങളിലായി പൂർത്തീകരിക്കുന്നതാണെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

74. ആദ്യകാലത്ത് മാങ്കാട്ട് പറമ്പ് കാമ്പസിലുള്ള പരിമിതമായ സൗകര്യമാണ് വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിന് ഉണ്ടായിരുന്നത് എന്നും ഇപ്പോൾ പ്രധാന കെട്ടിടത്തിന്റെ ഒരു ഭാഗം വിദൂര വിദ്യാഭ്യാസത്തിനായി മാറ്റി വച്ചിട്ടുണ്ടെന്നും ഇപ്പോഴുള്ള കെട്ടിടത്തിന്റെ മുകളിൽ പണിയുവരുന്ന 3 നിലയിൽ ഒരു നില കൂടി വിദൂര വിദ്യാഭ്യാസത്തിന് നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും ആറ് മാസം കൊണ്ട് ഇതിന്റെ പണി പൂർത്തിയാകുമെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

75. പഠനക്കുറിപ്പ് യഥാസമയം വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി സിം ഇഷ്യൂ രജിസ്റ്ററും, സിം സ്റ്റോക്ക് രജിസ്റ്ററും സർവ്വകലാശാലയിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും എല്ലാ കോഴ്സുകൾക്കും ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട് എന്നും കോഴ്സുകളെക്കുറിച്ചും, വിദ്യാർത്ഥികളുടെ പഠന കുറിപ്പുകളെക്കുറിച്ചും, സിലബസിനെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്ന സ്മാർട്ട് വെബ് വിദ്യാർത്ഥികൾക്കായി ഒരുക്കിയിട്ടുണ്ട് എന്നും സ്മാർട്ട് വെബ് വഴി കോൺടാക്ട് ക്ലാസ്സുകൾ, ഓറിയന്റേഷൻ പ്രോഗ്രാം, പഠനക്കുറിപ്പ് വിതരണം, ഗ്രേ കാർഡ് വിതരണം ഇവ അറിയിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട് എന്നും ഓഡിറ്റ് പരമാർശം സംബന്ധിച്ച ചോദ്യത്തിന് രജിസ്ട്രാർ മറുപടി നല്കി.

76. ഓഡിയോ-വീഡിയോ ക്ലാസ്സുകൾ എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് സമിതി ആരാഞ്ഞതിന് ഓർഡിനൻസിൽ ഇത് സംബന്ധിച്ച വ്യവസ്ഥകൾ അംഗീകരിച്ച് കിട്ടേണ്ടതുണ്ട് എന്നും അതിന് മുന്നോടിയായി ഒരു മൊബൈൽ ആപ്പ് തയ്യാറാക്കാനുള്ള തീരുമാനം സിൻഡിക്കേറ്റ് എടുത്ത് കഴിഞ്ഞെന്നും രജിസ്ട്രാർ അറിയിച്ചു.

77. വിദൂര വിദ്യാഭ്യാസ വിഭാഗം വിദ്യാർത്ഥികൾക്കായി 2012-13 കാലഘട്ടത്തിൽ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയിൽ നിന്ന് ലഭിച്ച ഫണ്ട് ഉപയോഗിച്ച് പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട് എന്നും ഈ പുസ്തകങ്ങൾ മുഴുവൻ ലൈബ്രറിയിലേക്ക് മാറ്റി വിദ്യാർത്ഥികൾക്ക് ലൈബ്രറി ഉപയോഗിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുകയും ചെയ്തിട്ടുണ്ട് എന്നും രജിസ്ട്രാർ അറിയിച്ചു.

## നിഗമനങ്ങൾ /ശിപാർശകൾ

**78. വിദൂര വിദ്യാഭ്യാസ കേന്ദ്രവും പഠന കേന്ദ്രങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ എത്രയുംവേഗം പൂർത്തിയാക്കണമെന്നും വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഓഡിയോ വീഡിയോ ക്ലാസ്സുകൾ നൽകുന്നതിനുള്ള പ്രോജക്ടും പൂർത്തീകരിച്ച് അവയുടെ പുരോഗതി അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിദൂര വിദ്യാഭ്യാസത്തിന് നിയമത്തിന്റെ/സ്റ്റാറ്റ്യൂട്ടിന്റെ പരിരക്ഷ ഇല്ല**

വിദൂരവിദ്യാഭ്യാസ കൗൺസിലിന്റെ മാർഗ്ഗരേഖയിലെ സെക്ഷൻ 3.2-ൽ മാതൃസ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ആധാരമായ നിയമത്തിൽ വിദൂര വിദ്യാഭ്യാസം സംബന്ധിച്ച് ആവശ്യമായ വ്യവസ്ഥകൾ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ കണ്ണൂർ സർവ്വകലാശാല നിയമത്തിൽ നിലവിൽ ഇത്തരം വ്യവസ്ഥകളില്ല. ഇതിന്റെ ഫലമായി കണ്ണൂർ സർവ്വകലാശാല നിയമം അദ്ധ്യായം VIII പ്രകാരം സർവ്വകലാശാലയുടെ കീഴിൽ വരുന്നതും അഫിലിയേറ്റ് ചെയ്തതുമായ കോളേജുകൾക്ക് ലഭിക്കുന്ന നിയമ പരിരക്ഷ വിദൂര വിദ്യാഭ്യാസത്തിന് ലഭിക്കാതെ വരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 7.6.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

79. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വിദൂര വിദ്യാഭ്യാസത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി സർവ്വകലാശാല നിയമം ഭേദഗതി വരുത്താനുള്ള നടപടികൾ അടുത്ത മാസം കൂടുന്ന സിൻഡിക്കേറ്റ് സ്വീകരിക്കുന്നതാണെന്ന് രജിസ്ട്രാർ സമിതിയെ അറിയിച്ചതിനെത്തുടർന്ന് ഇത് സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിച്ചു.

**നിഗമനങ്ങൾ /ശിപാർശകൾ**

**80. വിദൂര വിദ്യാഭ്യാസത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി സർവ്വകലാശാല നിയമം ഭേദഗതി വരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിദ്യാർത്ഥികളുടെ വിജയശതമാനം കുറവ്**

റഗുലർ കോഴ്സുകളുടെ പരീക്ഷാ വിജയശതമാനത്തെ അപേക്ഷിച്ച് വിദൂര വിദ്യാഭ്യാസ വിഭാഗം വിദ്യാർത്ഥികളുടെ വിജയ ശതമാനം വളരെ കുറവാണ്.

2011, 2012 വർഷങ്ങളിലെ വിജയ ശതമാനം ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു:

അക്കാദമിക് സപ്പോർട്ട് സർവ്വീസ് വർദ്ധിപ്പിച്ചു കൊണ്ട്" ലേണിംഗ് പാക്കേജ്" ഏറ്റവും ഫലപ്രദമായി വിദ്യാർത്ഥികൾക്ക് ലഭിക്കാൻ നടപടിയുണ്ടാവേണ്ടത് വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് അനിവാര്യമാണ്.

| UG കോഴ്സുകൾ | 2011 | | 2012 | |
|---|---|---|---|---|
| | റഗുലർ | എസ്.ഡി.ഇ. | റഗുലർ | എസ്.ഡി.ഇ |
| B.A | 79.09 | 42.5 | 75.7 | 45.5 |
| B.SC | 89 | 47.8 | 81 | 52.2 |
| B.Com | 79 | 43.8 | 85.6 | 49.3 |
| BBA | 81 | 50 | 82.1 | 67.7 |
| BCA | 89 | 25 | 75.8 | 65.8 |
| PG കോഴ്സുകൾ | | | | |
| M.A | 85.5 | 32.4 | 95 | 71 |
| M.SC | 86.3 | 7.14 | 94.4 | 20 |
| M.Com | 87.8 | 19.2 | 77.48 | - |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 7.6.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

81. റഗുലർ കോഴ്സുകളെ അപേക്ഷിച്ച് വിദൂര വിദ്യാഭ്യാസ വിഭാഗത്തിലെ വിജയശതമാനം വളരെ കുറവാണ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഈ പ്രശ്നം പരിഹരിക്കാനായി 16 ഓളം അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിച്ചിട്ടുണ്ട് എന്നും കുട്ടികൾക്ക് ക്ലാസ്സ് കൊടുത്ത് റിസൾട്ട് ഇംപ്രൂവ് ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുകയാണെന്നും അടുത്ത വർഷം മുതൽ അതിന്റെ പ്രതിഫലനം ഉണ്ടാകുമെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ /ശിപാർശകൾ**

**82. റഗുലർ കോഴ്സുകളെ അപേക്ഷിച്ച് വിദൂര വിദ്യാഭ്യാസ വിഭാഗത്തിലെ വിജയശതമാനം വളരെ കുറവാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളെ സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വിദൂര വിദ്യാഭ്യാസ വിഭാഗം ഡയറക്ടർ തസ്തിക ഇല്ല**

1999-ലെ കണ്ണൂർ സർവ്വകലാശാല ഓർഡിനൻസിൽ വിദൂര വിദ്യാഭ്യാസ വിഭാഗത്തിന് ഡയറക്ടർ തസ്തിക നിർദ്ദേശിക്കപ്പെട്ടിട്ടില്ല. എന്നാൽ കാലാകാലങ്ങളായി കോൺട്രാക്ട്/ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ഡയറക്ടർ തസ്തികയിൽ നിയമനം നടന്നുവരുന്നുണ്ട്.

അക്കാദമിക് മേഖലയിലും ഭരണ നിർവ്വഹണത്തിലും പരിചയമുള്ള വ്യക്തിയെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ ഡയറക്ടറായി നിയമിക്കുന്നത് ഉചിതമായിരിക്കും. തസ്തികയും നിയമനവും സംബന്ധിച്ച വ്യവസ്ഥകൾ ഓർഡിനൻസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 7.6.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

83. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയുടെ വിശദീകരണം സമിതി ആരാഞ്ഞതിന് നേരത്തെ ഡയറക്ടർ തസ്തികയിൽ സ്ഥിരമായി ആളില്ലായിരുന്നു എന്നും ജോയിന്റ് രജിസ്ട്രാർക്കായിരുന്നു ഡയറക്ടറുടെ ചാർജ്ജ് എന്നും അക്കാഡമിക് യോഗ്യതയും യു.ജി.സി. യോഗ്യതയും പി.എച്ച്.ഡി.-യുമുള്ള ഡോക്ടർ പരമേശ്വരൻ ആണ് കഴിഞ്ഞ രണ്ട് വർഷമായി ഇവിടുത്തെ ഡയറക്ടർ എന്നും രജിസ്ട്രാർ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ നിന്നും ഫീസ് ഇനത്തിലുള്ള വരവ്- ഡി.സി.ബി. പത്രിക തയ്യാറാക്കുന്നില്ല.**

വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ വിവിധ കോഴ്സുകൾക്കായുള്ള കോഴ്സ് ഫീസിനത്തിൽ 2007-08 മുതൽ 2011-12 വരെ ആകെ 13,27,84,521 രൂപയാണ് ലഭിച്ചത്.

വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ ഒരു വർഷം രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളിൽ, ഓരോ വർഷവും വിട്ടുപോകുന്നതും, പഠനം മുടങ്ങിയ വിദ്യാർത്ഥികൾ വീണ്ടും രജിസ്റ്റർ ചെയ്യുന്നതും പതിവായതിനാൽ ഓരോ വിദ്യാർത്ഥികളിൽ നിന്നും കോഴ്സ് ഫീസിനത്തിൽ പിരിഞ്ഞു കിട്ടേണ്ട തുക കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. സർവ്വകലാശാല ഡി.സി.ബി പത്രിക തയ്യാറാക്കിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 7.6.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

84. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഈ ഇനത്തിലുള്ള വരുമാനം സംബന്ധിച്ച് ഡി.സി.ബി. പത്രിക ഓഡിറ്റ് ചെയ്തുകൊണ്ടിരിക്കുകയാണെന്നും ആയത് സമിതി മുമ്പാകെ ഹാജരാക്കാം എന്നും രജിസ്ട്രാർ അറിയിച്ചു

85. കണ്ണൂർ സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിന് കേരളത്തിലും ഗൾഫിലും സെന്റർ ഉണ്ടെന്നും ആയതിന് യു.ജി.സി.യുടെ അംഗീകാരം ഉണ്ടെന്നും രജിസ്ട്രാർ അറിയിച്ചു.

## നിഗമനങ്ങൾ /ശിപാർശകൾ

**86. വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ ഒരു വർഷം രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളിൽ, ഓരോ വർഷവും വിട്ടു പോകുന്നതും, പഠനം മുടങ്ങിയ വിദ്യാർത്ഥികൾ വീണ്ടും രജിസ്റ്റർ ചെയ്യുന്നതും പതിവായതിനാൽ ഓരോ വിദ്യാർത്ഥികളിൽ നിന്നും കോഴ്സ് ഫീസിനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുക കണക്കാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് വിലയിരുത്തിയ സമിതി സർവ്വകലാശാല ഡി.സി.ബി. പത്രിക ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കി അടിയന്തരമായി ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.**

കെ. സുരേഷ് കുറുപ്പ്,

തിരുവനന്തപുരം
2019 ജൂലൈ 2.

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

അനുബന്ധം - I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 7, 8, 9 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 7. സർവ്വകലാശാലയിൽ പരീക്ഷ സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ട് 15 വർഷം കഴിഞ്ഞതായും മൂല്യനിർണ്ണയ കേന്ദ്രങ്ങളിലിരുന്ന് മാർക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ സെന്റർ ഉണ്ടായിട്ടും സ്ഥിരം മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഇന്റർനെറ്റ് കണക്ഷൻ പോലുമില്ലാത്ത സ്ഥിതിയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. മാത്രമല്ല യൂണിവേഴ്സിറ്റിയുടെ എക്സാമിനേഷൻ കമ്പ്യൂട്ടർ വൽക്കരണം പ്രത്യേക പ്രോജക്ടാണെന്നും സമിതി നിരീക്ഷിക്കുന്നു. മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഇന്റർനെറ്റ് കണക്ഷൻ ഇല്ല എന്ന യൂണിവേഴ്സിറ്റിയുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസേഷൻ, ഓൺലൈൻ സൗകര്യം എന്നീ നടപടികൾ മൂന്നു മാസങ്ങൾക്കുള്ളിൽ പൂർത്തിയാക്കണമെന്നും ആയത് സംബന്ധിച്ച് കൈക്കൊണ്ട നടപടി താമസംവിനാ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br><br>8. കേരള സർവ്വകലാശാലയിൽ പരീക്ഷാ മൂല്യനിർണ്ണയ ക്യാമ്പുകളിൽ അദ്ധ്യാപകർ ഹാജരാകാത്ത "നോൺ റിപ്പോർട്ടിംഗ്" ആയ കേസ്സുകൾ യഥാസമയം സർവ്വകലാശാല ഉന്നത വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കാറുണ്ടോ എന്നത് സംബന്ധിച്ചും അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നതും ഉൾക്കൊള്ളുന്ന വിശദമായ റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br><br>9. ഉന്നതവിദ്യാഭ്യാസ വകുപ്പിനുള്ള നിർദ്ദേശം:-<br>ഉന്നതവിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള എല്ലാ സർവ്വകലാശാലകളിലെയും പരീക്ഷാ ജോലിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ആധുനികവൽക്കരണം സമയബന്ധിതമായി നടപ്പാക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നതോടൊപ്പം ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് രണ്ടു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. |
| 2 | 15, 16 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 15. പരീക്ഷാ സമ്പ്രദായം കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനെ സംബന്ധിച്ച സമിതിയുടെ ഖണ്ഡിക 7-ലെ നിർദ്ദേശം സമിതി ആവർത്തിക്കുന്നു.<br>16. പുതിയ സാങ്കേതിക സർവ്വകലാശാല നിലവിൽ വന്ന സാഹചര്യത്തിൽ കേരള സർവ്വകലാശാലയിൽ എഞ്ചിനീയറിംഗ് പഠനവുമായി ബന്ധപ്പെട്ട സെക്ഷനുകളിൽ ജോലി കുറഞ്ഞുവരികയാണെന്ന് സമിതി നിരീക്ഷിക്കുന്നു. അധികംവരുന്ന ജീവനക്കാരെ പുനർവിന്യസിക്കാത്തതുമൂലം സർക്കാരിന് കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിക്കാൻ ഇടയുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, ആധുനികവൽക്കരണം നടപ്പാക്കുമ്പോൾ അതിന്റെ ഭാഗമായി ജോലിഭാരം സംബന്ധിച്ച പഠനംകൂടി നടത്തണമെന്നും അത് സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 3 | 18 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 18. കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായാൽ ടാബുലേഷൻ ജോലികൾ എളുപ്പമാക്കാൻ സാധിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ടാബുലേഷൻ/കമ്പയിലേഷൻ വിഭാഗങ്ങളിലെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കി അടിയന്തരമായി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 21 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 21. മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ കൈപ്പറ്റിയ മുൻകൂർ തുക അടയ്ക്കാനുള്ളവരിൽനിന്ന് പിഴപ്പലിശ സഹിതം സ്വീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഇനിയും ക്രമപ്പെടുത്താനുള്ള തുക ക്രമപ്പെടുത്തി മൂന്നുമാസത്തിനുള്ളിൽ സമിതിയ്ക്ക് റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 32 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 32. സ്വാശ്രയസ്ഥാപനങ്ങളിൽ സവിശേഷമായ സാഹചര്യം അക്കാദമിക് നിലവാരത്തെ ബാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധരുൾപ്പെട്ട അക്കാഡമിക് സംവിധാനം രൂപീകൃതമാണ് എന്ന് സമിതി മനസ്സിലാക്കുന്നു. അക്കാദമിക് ഓഡിറ്റിന്റെ ഫോർമാറ്റ്, അക്കാദമിക് ഓഡിറ്റ് സർക്കുലേറ്റ് ചെയ്യുത്, അവയ്ക്ക് ലഭിച്ച മറുപടികളുടെയും രണ്ട് വിദഗ്ധ സമിതികളുടെയും-ഓഡിറ്റ് ചെയ്യുന്നതിനുള്ള സമിതിയുടെയും മറുപടി പരിശോധിക്കുന്നതിനുള്ള സമിതിയുടെയും - വിശദവിവരം എന്നിവ അടങ്ങിയ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. |
| 6 | 41, 42, 43, 44 | മത്സ്യബന്ധന തുറമുഖ വകുപ്പ് | 41. കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ 640 കുട്ടികളും 99 അദ്ധ്യാപകരുമുണ്ടെന്നും 99 അദ്ധ്യാപകരുള്ളതിൽ 33 സ്ഥിരം അദ്ധ്യാപകർ മാത്രമേയുള്ളൂവെന്നും സമിതി നിരീക്ഷിക്കുന്നു. 2013-ൽ സ്റ്റാഫ് നിയമനം സംബന്ധിച്ച് കേരളത്തിലെ മറ്റ് സർവ്വകലാശാലകളിൽ വന്നിട്ടുള്ള ഭേദഗതി ഫിഷറീസ് സർവ്വകലാശാലയിൽകൂടി ബാധകമാക്കണമെന്നും അതനുസരിച്ച് സ്ഥിര അദ്ധ്യാപകരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>42. കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയുടെ പ്രധാന കോഴ്സ് ബി.എഫ്.എസ്.സി. ആണെന്നും കൂടാതെ മറ്റ് പി.ജി. കോഴ്സുകൾ നടത്തിവരുന്നുണ്ടെന്നും ആയവയ്ക്ക് തൊഴിൽ സാധ്യത കുറവാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, സംസ്ഥാന ഫിഷറീസ് വകുപ്പിൽ ജോലി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ലഭിക്കുന്നതിനുള്ളയോഗ്യതയായി പ്രസ്തുത കോഴ്സുകളെ കൂടി ഉൾപ്പെടുത്താനുള്ള നടപടി ഭരണവകുപ്പ് സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടി സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.<br>43. കാർഷിക സർവ്വകലാശാലയിൽ നിന്നും ഫിഷറീസ് സർവ്വകലാശാലയിലേയ്ക്ക് മിനിസ്റ്റീരിയൽ സ്റ്റാഫിനെ പുനർവിന്യസിക്കേണ്ടതുണ്ട് എന്നും ഇതുസംബന്ധിച്ച ഉത്തരവ് ഇറങ്ങിയിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>44. വിശാലമായ കടൽത്തീരവും 44 നദികളും മറ്റനേകം ജലാശയങ്ങളുമുള്ള കേരളത്തിൽ മത്സ്യ-സമുദ്ര പഠനത്തിന് വിപുലമായ സാദ്ധ്യതകൾ ഉള്ളതായി സമിതി അഭിപ്രായപ്പെടുന്നു. സംസ്ഥാന ത്തിന്റെ സമ്പദ്ഘടനയ്ക്കും ഭക്ഷ്യ ഉപഭോഗത്തിനും ഗണ്യമായ സംഭാവന നൽകുന്ന മത്സ്യബന്ധന മേഖലയിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ശാസ്ത്രീയമായ രീതിയിൽ മത്സ്യബന്ധനം നടത്തി അവ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഉതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് സർവ്വകലാശാലയ്ക്ക് കഴിയണമെന്ന് സമിതി അഭിപ്രായ പ്പെടുന്നു. ഈ മേഖലയിൽ ഗവേഷണം നടത്തുന്ന ലോകത്തിലെ ഇതര സർവ്വകലാശാല കളുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് പദ്ധതി ആവിഷ്കരി ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 7. | 46 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 46. സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും പന്മനയിൽ നടക്കുന്ന ലൈബ്രറി ബ്ലോക്കിന്റെ പണി പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 8. | 48 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 48. സംസ്കൃത പഠനം വ്യാപിപ്പിക്കുന്നതിനും അതിലേയ്ക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിൽ സർവ്വകലാശാല സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ സമിതിയ്ക്ക് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 51 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 51. സംസ്കൃതം ബി.എഡ്. പഠിക്കുവാൻ സംസ്കൃത സർവ്വകലാശാലയിൽ സംവിധാനം ഇല്ല എന്നത് വളരെ ഗൗരവമുള്ള വിഷയമാണെന്നും ഇതുമൂലം സംസ്കൃതത്തിന് പ്രാധാന്യം കുറയുന്നതായും ഭാഷ അന്യം നിന്നു പോകാനുള്ള സാധ്യതയുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. സംസ്കൃതം ബി.എഡ്. പഠിക്കാൻ വേറെ സൗകര്യമില്ലെങ്കിൽ സംസ്കൃത പഠനം ഭാവിയിൽ ബുദ്ധിമുട്ടാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു. 2000 വരെ സർവ്വകലാശാലയിൽ നടത്തി വന്നിരുന്ന സംസ്കൃതം ബി.എഡ്./എം.എഡ്. കോഴ്സുകൾ എൻ.സി.റ്റി.ഇ.-യുടെ ടെക്നിക്കൽ ഒബ്ജക്ഷൻ വന്നപ്പോൾ നിർത്തലാക്കിയതാണെന്നും വീണ്ടും തുടങ്ങാൻ നാലോ അഞ്ചോ പ്രാവശ്യം സർക്കാരിനെ സമീപിച്ചിട്ടും അനുമതി ലഭിച്ചില്ലായെന്നും സമിതി മനസ്സിലാക്കുന്നു. സംസ്കൃതത്തിൽ ബി.എഡ്. കോഴ്സ് തുടങ്ങാൻ പാടില്ല എന്നുള്ള സർക്കാർ തീരുമാനം പുനഃപരിശോധിക്കുന്നതിന് സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 53 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 53. ഇൻഡോളജി ഫാക്കൽറ്റിയുടെ കീഴിൽ അക്കാഡമിക് വകുപ്പുകൾ ഇല്ലാത്തത് സംബന്ധിച്ച വിഷയത്തിന്മേലുള്ള സിൻഡിക്കേറ്റിന്റെ തീരുമാനം അടിയന്തരമായി സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 11 | 56 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 56. വാസ്തുവിദ്യാരംഗത്ത് പാരമ്പര്യമായി ഉള്ള വിദഗ്ധരുടെയും ആവശ്യമെങ്കിൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദഗ്ധരുടെയും സേവനം ഉപയോഗിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 58 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 58. ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം നടത്തുന്നതിനുള്ള വ്യവസ്ഥകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 60 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 60. സർവ്വകലാശാലയുടെ പരീക്ഷാ നടപടികളുടെ കമ്പ്യൂട്ടർവൽക്കരണം അടിയന്തരമായി പൂർത്തീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 63 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 63. ഗവേഷണം പൂർത്തീകരിച്ച് നിശ്ചിത കാലയളവിനുള്ളിൽ തീസിസ് സമർപ്പിക്കുന്നതിനും വിദ്യാർത്ഥികൾ സമർപ്പിക്കുന്ന തീസിസ് സമയബന്ധിതമായി പരിശോധിച്ച് അർഹരായവർക്ക് പി.എച്ച്.ഡി. നൽകുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 65 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 65. ഗവേഷകർക്ക് അനുവദിച്ച ഫെല്ലോഷിപ്പ് തുക കൈപ്പറ്റിയ ശേഷം ഗവേഷണം പൂർത്തീകരിക്കാത്തവരിൽ നിന്ന് തീസിസ് എത്രയും വേഗം സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും തീസിസ് സമർപ്പിക്കാത്തപക്ഷം തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 16. | 67 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 67. ഗവേഷണ കാലയളവായ മൂന്ന് വർഷത്തിന് ശേഷവും വ്യക്തമായ കാരണങ്ങളില്ലാതെ തീസിസ് സമർപ്പിക്കാത്ത അധ്യാപകരിൽ നിന്നും യു.ജി. സി. മാർഗ്ഗ നിർദ്ദേശങ്ങളിൽ നിഷ്കർഷിച്ച പ്രകാരമുള്ള |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ചെലവായ പണം തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 70 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 70. ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അധ്യാപകരുടെയും പ്രസിദ്ധീകരിക്കുന്ന ഗവേഷണ പ്രബന്ധങ്ങളുടെ നിലവാരവും അളക്കുന്ന h-index-പ്രകാരം കോഴിക്കോട് ഏറ്റവും പിന്നിലാണെന്നുള്ളതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുന്നു. h-index-പ്രകാരം നിലവിൽ കോഴിക്കോട് സർവ്വകലാശാലയിൽ പുരോഗതി വന്നിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് മുഖാന്തരം ഒരു മാസത്തിനകം സമിതി മുമ്പാകെ സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു. |
| 18 | 72 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 72. യു.ജി.സി. ഗ്രാന്റിനുള്ള വിനിയോഗ സാക്ഷ്യ പത്രം സമയബന്ധിതമായി സമർപ്പിക്കേണ്ടതാണെന്നും ഓരോ വർഷത്തെയും ഗ്രാന്റ് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 78 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 78. വിദൂര വിദ്യാഭ്യാസ കേന്ദ്രവും പഠന കേന്ദ്രങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ എത്രയും വേഗം പൂർത്തിയാക്കണമെന്നും വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഓഡിയോ വീഡിയോ ക്ലാസ്സുകൾ നൽകുന്നതിനുള്ള പ്രോജക്ടും പൂർത്തീകരിച്ച് അവയുടെ പുരോഗതി അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 80 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 80. വിദൂര വിദ്യാഭ്യാസത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി സർവ്വകലാശാല നിയമം ഭേദഗതി വരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 21 | 82 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 82. റഗുലർ കോഴ്സുകളെ അപേക്ഷിച്ച് വിദൂര വിദ്യാഭ്യാസ വിഭാഗത്തിലെ വിജയശതമാനം വളരെ കുറവാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളെ സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 86 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 86. വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ ഒരു വർഷം രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളിൽ, ഓരോ വർഷവും വിട്ടു പോകുന്നതും, പഠനം മുടങ്ങിയ വിദ്യാർത്ഥികൾ വീണ്ടും രജിസ്റ്റർ ചെയ്യുന്നതും പതിവായതിനാൽ ഓരോ വിദ്യാർത്ഥികളിൽ നിന്നും കോഴ്സ് ഫീസിനത്തിൽ പിരിഞ്ഞു കിട്ടേണ്ട തുക കണക്കാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് വിലയിരുത്തിയ സമിതി സർവ്വകലാശാല ഡി.സി.ബി. പത്രിക ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കി അടിയന്തരമായി ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു. |

# അനുബന്ധം - II

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നം. 7.1 ൽ മേൽ കേരള സർവ്വകലാശാല സ്വീകരിച്ച ന്യൂനത പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2013-14 | 7.1 | കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പുകൾ | സർവ്വകലാശാല പരീക്ഷാവിഭാഗം ബിരുദതലം മുതൽ ഗവേഷണതലം വരെ ഒരു വർഷം 700 – ൽ അധികം പരീക്ഷകൾ നടത്തുന്നുണ്ട്. ഗാർഹിക മൂല്യനിർണയത്തിലെ അപാകതകളും കാലതാമസവും കാരണം ഫലപ്രഖ്യാപനം വൈകിയിരുന്ന സാഹചര്യത്തിലാണ് സർവ്വകലാശാലയ്ക്ക് ഭീമമായ അധിക സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്ന കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് സർവ്വകലാശാല നിർബന്ധമായത്.<br><br>കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ മതിയായ അധ്യാപകരെയും ജീവനക്കാരെയും ലഭ്യമാക്കുന്നതും അതുപോലെതന്നെ, ആവശ്യമായ മറ്റു സാഹചര്യങ്ങൾ ഒരുക്കുന്നതിനും സാമ്പത്തികമായും അല്ലാതെയുമുള്ള പരിമിതികളെ തരണം ചെയ്യേണ്ടതുണ്ട്. ഈ പരിമിതികൾക്കിടയിലും കേന്ദ്രീകൃത മൂല്യനിർണയത്തിലൂടെ മിക്കവാറും എല്ലാ പരീക്ഷകളുടെയും ഫലപ്രഖ്യാപനം സമയബന്ധിതമായി നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് - 2013-14 ഖണ്ഡിക 7.3 ന്യൂനതാ പരിഹാര റിപ്പോർട്ട്**

| ശിപാർശ | സ്വീകരിച്ച നടപടി |
|---|---|
| കോഴ്സുകളും വിദ്യാർത്ഥി അധ്യാപക അനുപാതവും സംബന്ധിച്ച് | 01/04/2011 ൽ സ്ഥാപിതമായ ഫിഷറിസ് സമുദ്ര പഠന സർവ്വകലാശാലയിൽ 7 സ്കൂളുകൾ പ്രവർത്തിക്കുന്നു. എല്ലാ സ്കൂളുകളും സംയോജിതമായി നടത്തി വരുന്ന 4 വർഷ ബിരുദ കോഴ്സായ ബി.എഫ്.എസ്.സി. (ബാച്ചിലർ ഓഫ് ഫിഷറീസ് സയൻസ്), വിവിധ എം.എഫ്.എസ്.സി., എം.എസ്.സി. കോഴ്സുകൾ, എം.ടെക് (കോസ്റ്റൽ & ഹാർബർ എഞ്ചിനീയറിംഗ്) എം.ബി.എ., എൽ.എൽ.എം. (മാരിടൈം ലോ-ഈവെനിംഗ് കോഴ്സ് ) എന്നീ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകളും, പി.എച്ച്.ഡി എന്നിവയും സർവ്വകലാശാല നടത്തി വരുന്നു. നിലവിൽ 640 കുട്ടികളും 33 സ്ഥിരം അധ്യാപകർ ഉൾപ്പെടെ 76 അധ്യാപകരും സർവ്വകലാശാലയിൽ ഉണ്ട്. അധ്യാപകരിൽ 20 പേർ 2015 ൽ പുതിയതായി സ്ഥിര നിയമനം ലഭിച്ചവരാണ്. വേണ്ടത്ര വിദ്യാർത്ഥികളെ ആകർഷിക്കുവാൻ കഴിയാതിരുന്ന കോഴ്സുകൾ (ഡിപ്ലോമ അടക്കം) പിന്നീടുള്ള വർഷങ്ങളിൽ നിർത്തലാക്കിയിട്ടുണ്ട്. സർവ്വകലാശാല അക്വേറിയവും ഹാച്ചറിയും ഇപ്പോൾ പ്രവർത്തന ക്ഷമമാണ്.<br><br>അധ്യാപക തസ്തികയിൽ ഒഴിവുള്ള തസ്തികയിലേക്ക് നിയമനാനുമതി തേടി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. സർക്കാർ അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന ഒഴിവുകളിൽ കൂടി സ്ഥിരനിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളുന്നതാണ്<br><br>പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ വിശദ വിവരം അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു. |

## 2015-16, 2016-17 – ബാച്ച് പി.ജി. കോഴ്സ് വിദ്യാർത്ഥികളുടെ വിവരങ്ങൾ

| നം. | ക്രമ നം. | സ്കൂൾ/കോഴ്സ് | 2015-16 | | 2016-17 | | കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| | | | അനുവദനീയമായ വിദ്യാർത്ഥികളുടെ എണ്ണം | പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം | അനുവദനീയമായ വിദ്യാർത്ഥികളുടെ എണ്ണം | പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം | |
| 1 | | സ്കൂൾ ഓഫ് അക്വാകൾച്ചർ ആൻഡ് ബയോടെക്നോളജി | | | | | |
| | 1 | എം.എഫ്.എസ് സി അക്വാകൾച്ചർ | 5 | 5 | 5 | 4 | |
| | 2 | എം.എഫ്.എസ്സി ഫിഷ് ന്യൂട്രിഷൻ ആൻഡ് ഫീഡ് ടെക്നോളജി | 5 | 3 | 5 | 5 | |
| | 3 | എം.എഫ്.എസ്സി അക്വാട്ടിക് അനിമൽ ഹെൽത്ത് മാനേജ്മെന്റ് | 5 | 5 | 5 | 5 | |
| | 4 | എം.എഫ്.എസ്സി ഫിഷ് ജെനെറ്റിക് ആൻഡ് ബ്രീഡിംഗ് | 5 | 0 | 5 | 0 | 2015-16ൽ നിർത്തലാക്കി |
| | 5 | എം.എഫ്.എസ്സി ഫിഷ് ബയോടെക്നോളജി | 5 | 0 | 5 | 0 | 2015-16ൽ നിർത്തലാക്കി |
| | 6 | പി.ജി. ഡിപ്ലോമ ഇൻ അക്വേറിയം സയൻസ് ആൻഡ് ടെക്നോളജി | 20 | 0 | 20 | 0 | 2015-16ൽ നിർത്തലാക്കി |
| | 7 | പി.ജി. ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ അക്വാകൾച്ചർ | 20 | 0 | 20 | 0 | 2015-16ൽ നിർത്തലാക്കി |
| | 8 | ഡിപ്ലോമ ഇൻ ബ്രാക്കിഷ് വാട്ടർ ആൻഡ് മറൈൻ അക്വാകൾച്ചർ | 20 | 0 | 20 | 0 | 2015-16ൽ നിർത്തലാക്കി |
| 2 | | സ്കൂൾ ഓഫ് ഫിഷറീസ് റിസോർസസ് മാനേജ്മെന്റ് ആൻഡ് ഹാർവെസ്റ്റ് ടെക്നോളജി | | | | | |
| | 1 | എം.എഫ്.എസ്സി ഫിഷറീസ് റിസോർസസ് മാനേജ്മെന്റ് | 5 | 5 | 5 | 6 | |
| | 2 | എം.എഫ്.എസ്സി അക്വാട്ടിക് എൻവയോൺമെന്റ് മാനേജ്മെന്റ് | 5 | 5 | 5 | 6 | |
| | 3 | എം.എഫ്.എസ്സി ഫിഷറീസ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി. | 5 | 3 | 5 | 4 | |
| 3 | | സ്കൂൾ ഓഫ് അക്വാട്ടിക് ഫുഡ് പ്രോഡക്റ്റ് ആൻഡ് ടെക്നോളജി | | | | | |
| | 1 | എം.എഫ്.എസ്സി ഫിഷ് പ്രോസസ്സിംഗ് ടെക്നോളജി | 5 | 5 | 5 | 4 | |
| 4 | | സ്കൂൾ ഓഫ് ഓഷൻ സയൻസ് ആൻഡ് ടെക്നോളജി | | | | | |
| | 1 | എം.എസ് സി ഫിസിക്കൽ ഓഷ്യാനോഗ്രഫി ആൻഡ് ഓഷൻ മോഡലിംഗ് | 10 | 10 | 10 | 8 | |
| | 2 | എം.എസ് സി ബയോളജിക്കൽ ഓഷ്യാനോഗ്രഫി ആൻഡ് ബയോഡൈവേഴ്സിറ്റി | 25 | 21 | 25 | 25 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | 3 | എം.എസ് സി അപ്ലൈഡ് ജിയോ സയൻസ് | 10 | 6 | 10 | 0 | 2016-17ൽ നിർത്തലാക്കി |
| | 4 | എം.എസ് സി ഫുഡ് സയൻസ് ആൻഡ് ടെക്നോളജി | 25 | 22 | 25 | 24 | |
| | 5 | എം.എസ് സി ബയോടെക്നോളജി ആൻഡ് ബയോ- ഇൻഫോർമാറ്റിക്സ് | 15 | 18 | 15 | 14 | |
| | 6 | എം.എസ് സി മറൈൻ മൈക്രോബയോളജി ആൻഡ് മറൈൻ ഡ്രഗ്സ് | 15 | 16 | 15 | 15 | |
| | 7 | എം.എസ് സി മറൈൻ കെമിസ്ട്രി | 15 | 10 | 15 | 12 | |
| | | സ്കൂൾ ഓഫ് ഓഷ്യൻ എഞ്ചിനീയറിംഗ് & അണ്ടർ വാട്ടർ ടെക്നോളജി | | | | | |
| 5 | 1 | എം.എസ് സി റിമോട്ട് സെൻസിംഗ് ആൻഡ് ജി.ഐ.എസ്. | 10 | 8 | 10 | 6 | |
| | 2 | എം. ടെക് ഇൻ ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് | 6 | 3 | 6 | 0 | 2016-17ൽ നിർത്തലാക്കി |
| | 3 | എം. ടെക് ഇൻ ഓഷ്യൻ ആൻഡ് കോസ്റ്റൽ സേഫ്റ്റി എഞ്ചിനീയറിംഗ് | 10 | 3 | 10 | 0 | 2016-17ൽ നിർത്തലാക്കി |
| | 4 | എം. ടെക് ഇൻ കോസ്റ്റൽ ആൻഡ് ഹാർബർ എഞ്ചിനീയറിംഗ് | 10 | 10 | 10 | 7 | |
| | 5 | എം. ടെക് ഇൻ ഫിഷറീസ് എഞ്ചിനീയറിംഗ് | 6 | 3 | 6 | 0 | 2016-17ൽ നിർത്തലാക്കി |
| 6 | | സ്കൂൾ ഓഫ് ഫിഷറീ എൻവയോൺമെന്റ് | | | | | |
| | 1 | എം.എസ് സി ഡിസാസ്റ്റർ മാനേജ്മെന്റ് | 10 | 5 | 10 | 0 | 2016-17ൽ നിർത്തലാക്കി |
| | 2 | എം.എസ് സി ക്ലൈമറ്റ് സയൻസ് | 10 | 0 | 10 | 0 | 2015-16ൽ നിർത്തലാക്കി |
| 7 | | സ്കൂൾ ഓഫ് മാനേജ്മെന്റ് & എന്റർപ്രിനേർഷിപ് | | | | | |
| | 1 | എം.എഫ്.എസ് സി ഫിഷറീസ് എക്കണോമിക്സ് | 5 | 0 | 5 | 0 | 2015-16ൽ നിർത്തലാക്കി |
| | 2 | എം.ബി.എ വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, റൂറൽ മാനേജ്മെന്റ് ആൻഡ് ഫിഷറീസ് ബിസിനസ് മാനേജ്മെന്റ് | 45 | 46 | 35 | 17 | |
| | 3 | എം.ബി.എ ഇൻ എനർജി മാനേജ്മെന്റ് | 20 | 3 | 20 | 0 | 2016-17ൽ നിർത്തലാക്കി |
| | 4 | എം.എസ് സി സ്റ്റാറ്റിസ്റ്റിക്സ് | 10 | 11 | 10 | 0 | 2016-17ൽ നിർത്തലാക്കി |
| | 5 | എൽ.എൽ.എം. ഇൻ മാരിടൈം ലോ (ഈവനിംഗ് കോഴ്സ്) | 10 | 15 | 10 | 11 | |
| | 6 | പി.ജി. ഡിപ്ലോമ ഇൻ മാരിടൈം ലോ (ഈവനിംഗ് കോഴ്സ്) | - | | - | | നിർത്തലാക്കി |
| | | പി.ജി.ആകെ | | 241 | | 173 | |

മറ്റ് കോഴ്സുകൾ

| | | 2013 | 2014 | 2015 | 2016 |
|---|---|---|---|---|---|
| 1 | പി.എച്ച്.ഡി. | | | 22 | അഡ്മിഷൻ തുടരുന്നു |
| 2 | ബി.എഫ്.എസ്.സി. | 49 | 50 | 51 | 55 |

<u>അധ്യാപകർ</u>

| സ്ഥിരം | കോൺട്രാക്റ്റ് | ഗസ്റ്റ് | അഡ്ജന്റ് പ്രൊഫസർ | ആകെ |
|---|---|---|---|---|
| 33<br>(13 + 20)<br>20 പുതിയ അധ്യാപകരെ 2015 – ൽ നിയമിച്ചു | 11 | 28 | 4 | 76 |

കാലികവും മത്സ്യ – സമുദ്ര പഠനങ്ങളുമയി നേരിട്ട് ബന്ധമുള്ള കോഴ്സുകൾ ആരംഭിക്കാനും വിദ്യാർഥികൾ ഉള്ളതും ഗവേഷണ സാധ്യതയുള്ളതുമായ വിഭാഗങ്ങളിൽ സ്ഥിരം നിയമനം നടത്തുന്നതിനും പ്രഗത്ഭരായ വിദ്യാർത്ഥികളെ ആകർഷിക്കുവാനുമുള്ള നടപടികളുമായി സർവകലാശാല മുന്നോട്ടു പോവുകയാണ്.

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് - 2013-14 ഖണ്ഡിക 7.5 ന്യൂനതാ പരിഹാര റിപ്പോർട്ട്

| ഖണ്ഡിക | ഓഡിറ്റ് പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 7.5. 1 | ഗവേഷണം - രജിസ്ട്രേഷൻ മുതൽ ഡോക്ടറേറ്റ് അവാർഡ് ചെയ്യുന്നതുവരെ വൻ കാലതാമസം | പി.എച്ച്.ഡി. രജിസ്ട്രേഷൻ വൈകുന്നതിനുള്ള കാരണം അനുബന്ധ രേഖകളുടെ സമർപ്പണം വൈകുന്നതു കൊണ്ടാണ്.<br><br>2012 റെഗുലേഷൻ പ്രകാരം പി.എച്ച്.ഡി. അവാർഡ് ചെയ്യുന്നതിന് പ്രത്യേക സമയപരിധി നിശ്ചയിച്ചിട്ടില്ല. മൂല്യനിർണ്ണയത്തിനുള്ള സമ്മതപത്രവും / മൂല്യനിർണ്ണയറിപ്പോർട്ടും സമയപരിധിക്കുള്ളിൽ ലഭിക്കാത്തതാണ് കാലതാമസം നേരിടാനുള്ള പ്രധാന കാരണം. മൂല്യ നിർണ്ണയം ചെയ്യുന്നതവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ യാതൊരു നിയമവും നിലവിലില്ല. ഇ മെയിൽ /ടെലിഫോൺ വഴി നിരന്തരം ഓർമ്മപ്പെടുത്തിയാലും സമയത്തിനുള്ളിൽ ലഭിക്കാറില്ല. മുൻകാലത്തേക്കാൾ വിവിധ വിഷയങ്ങളിലുള്ള പ്രബന്ധസമർപ്പണം ഇപ്പോൾ വർധിച്ചിട്ടുണ്ട്. പ്രബന്ധസമർപ്പണ സമയത്ത് അത്യാവശ്യമായ അനുബന്ധ രേഖകൾ കൃത്യ സമയത്ത് ലഭിക്കാത്തതും കാലതാമസത്തിന് കാരണമാണ്. |
| 7.5. 2 | ഗവേഷണം പൂർത്തീകരിച്ചില്ല — ഫെല്ലോഷിപ്പിനത്തിൽ നൽകിയ തുക നഷ്ടമായി | ഫെല്ലോഷിപ്പ് സ്വീകരിച്ചിട്ട് സമയബന്ധിതമായി തീസിസ് സമർപ്പിക്കാത്ത ഗവേഷണ വിദ്യാർത്ഥികളുടെ വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്. |

| | | |
|---|---|---|
| | ഗവേഷണ സൗകര്യങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല. | (അനുബന്ധം 1)<br>2009-10-, 2011-12 എന്നീ വർഷങ്ങളിൽ സർവ്വകലാശാല പി.എച്ച്.ഡി. പ്രവേശനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഒഴിവുകൾ വിജ്ഞാപനം ചെയ്യുന്നത് സർവ്വകലാശലയിലെ ഗവേഷണ മാർഗ്ഗദർശികളുടെ സമ്മതപത്രം വാങ്ങിയതിനുശേഷം മാത്രമാണ്. ഗവേഷണ മേൽനോട്ടം വഹിക്കുവാൻ തയ്യാറായ ഗൈഡുമാരുടെ ഒഴിവുകളാണ് സർവ്വകലാശാല വിജ്ഞാപനം ചെയ്യാറുള്ളത്. സർവ്വകലാശാല നിയമമനുസരിച്ച് ഗവേഷണ മേൽനോട്ടത്തിനായി റിസർച്ച് ഗൈഡിന്റെ സമ്മതം പ്രധാനമാണ്. രജിസ്റ്റർ ചെയ്ത ഗവേഷണ വിദ്യാർത്ഥികൾ അവർക്ക് അനുവദിച്ച സമയപരിധിക്കുള്ളിൽ പ്രബന്ധം സമർപ്പിക്കാത്തതും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലതാമസത്തിന് കാരണമാവാറുണ്ട്. |
| 7.5. 3 | യുജിസി - എഫ് ഐ പി സ്കീം - യഥാമയം ഗവേഷണം പൂർത്തിയാക്കാത്ത അദ്ധ്യാപകരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കിയിട്ടില്ല. | 2013-14 ലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 7.5.3 ൽ യു ജി സി യുടെ ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം മുഖേന കാലിക്കറ്റ് സർവ്വകലാശാലയുടെ വിവിധ പഠനവകുപ്പുകളിലും സർവ്വകലാശല അംഗീകൃത റിസർച്ച് സെന്ററുകളിലും ഗവേഷണത്തിന് ചേർന്ന 105 അദ്ധ്യാപകർ പരമാവധി ഗവേഷണ കാലയളവായ 3 വർഷത്തിന് ശേഷവും ഗവേഷണം പൂർത്തിയാക്കി പ്രബന്ധം സമർപ്പിച്ചിട്ടില്ലാത്തതിനാൽ യു ജി സി പത്താം പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 18.3 പ്രകാരവും പതിനൊന്നാം പദ്ധതി |

മാർഗരേഖയിലെ ഖണ്ഡിക 12 പ്രകാരവും അവർ കൈപ്പറ്റിയ ശമ്പളവും സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപകന് നൽകിയ ശമ്പളവും കണ്ടിജൻസി ഗ്രാന്റും ഉൾപ്പെടെയുള്ള മുഴുവൻ തുകയും തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സർവ്വകലാശാല കൈക്കൊള്ളേണ്ടതായിരുന്നു എന്ന് ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാണിക്കുന്നു. ഇവർ ഗവേഷണത്തിന് ചേരുമ്പോൾ സർവ്വകലാശാലയുമായി ഏർപ്പെടുന്ന കരാർ ഉടമ്പടി പ്രകാരവും ഇത്തരത്തിൽ മുഴുവൻതുകയും തിരിച്ചു പിടിക്കേണ്ടതാണെന്നു ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വസ്തുതകൾ ബോധിപ്പിച്ചുകൊള്ളുന്നു.

1. ഓഡിറ്റ് വിഭാഗം റിപ്പോർട്ടിന്റെ ഭാഗമായി നൽകിയ 105 അധ്യാപകരുടെ പട്ടികയിലുള്ള അധ്യാപകരെല്ലാം സർവ്വകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലും ഗവേഷണം ചെയ്യുന്നവരല്ല. ഇവരിൽ മിക്കവരും കേരളത്തിനകത്തും പുറത്തുമുള്ള മറ്റു സർവ്വകലാശാലകളിലും ഗവേഷണ കേന്ദ്രങ്ങളിലും ഗവേഷണം ചെയ്യുന്നവരാണ്. മാത്രമവുമല്ല ഈ ലിസ്റ്റിലുൾപ്പെട്ട എല്ലാവരും സർവ്വകലാശാല പരിധിയിൽ ജോലിചെയ്യുന്നവരുമല്ല.
2. എഫ്.ഐ.പി. പദ്ധതി പ്രകാരം ഗവേഷണത്തിന് ചേരുന്നവർ സർവ്വകലാശാലയുമായിട്ടല്ല . അവരുടെ ഡെപ്യൂട്ടേഷൻ അംഗീകരിച്ചു കിട്ടുന്നതിന്റെ ഭാഗമായി കേരള ഗവൺമെന്റുമായി

| | | |
|---|---|---|
| | | ആണ് ( കോളേജിയേറ്റ് വിദ്യാഭ്യാസ വകുപ്പ്) കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നത്. സർവ്വകലാശാല പരിധിയിൽ ജോലിചെയ്യുന്നവരും മറ്റ് സർവ്വകലാശാലകളുടെ കീഴിൽ ഗവേഷണം ചെയ്യുന്നവരുമുണ്ട്.<br>3. യു.ജി.സി. പതിനൊന്നാം പദ്ധതി കാലയളവ് മുതൽ എഫ്.ഐ.പി. അധ്യാപകർക്കുള്ള ഗ്രാന്റുകൾ അവരുടെ മാതൃ കോളേജുകളുടെ പ്രിൻസിപ്പൽമാർ മുഖേന നേരിട്ടാണ്. നൽകുന്നത്. ഫണ്ടുകൾ സർവ്വകലാശാല മുഖേനയല്ല ലഭ്യമാക്കുന്നത്. യു ജി സി ഓരോ അദ്ധ്യാപകനും പ്രസ്തുത അധ്യാപകന്റെ മാതൃ കോളേജ് പ്രിൻസിപ്പൽ വഴിയായി അനുവദിച്ച തുകയുടെ കണക്കുകൾ യു ജി സി യുടെ ബാംഗ്ളൂർ റീജിയണൽ ഓഫീസിൽ ലഭ്യമാണ്. ഓരോ അധ്യാപകനും ഗവേഷണം പൂർത്തിയാക്കി പ്രബന്ധം സമർപ്പിച്ചാൽ പ്രസ്തുത വിവരം പ്രിൻസിപ്പൽ മുഖേന യു ജി സി യെ അറിയിക്കണമെന്നും വ്യവസ്ഥയുണ്ട്.<br>4. എയ്ഡഡ് / ഗവൺമെന്റ് കോളേജുകളിലെ അധ്യാപകരുടെ ശമ്പളവും സർവ്വകലാശാല മുഖേനയല്ല നൽകുന്നത്. എഫ്.ഐ.പി. (പന്ത്രണ്ടാം പദ്ധതി യിൽ എഫ്.ഡി.പി.) പദ്ധതിയുടെ നടത്തിപ്പിൽ സർവ്വകലാശാലയ്ക്കുള്ള പങ്ക യോഗ്യരായ അധ്യാപകരെത്തന്നെയാണ് കോളേജുകളിൽ രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റി ശുപാർശ ചെയ്യുന്നത് എന്ന ഉറപ്പുവരുത്താൻ പ്രസ്തുത |

| | | |
|---|---|---|
| | | കമ്മിറ്റിയിലേക്കു ഒരു പ്രതിനിധിയെ ലഭ്യമാക്കുക, സെലക്ഷൻ കമ്മിറ്റി ശുപാർശ ചെയ്യുന്ന അപേക്ഷകൾ യു ജി സി ക്കു അയച്ചുകൊടുക്കുക, എയ്ഡഡ് കോളേജുകളിൽ എഫ്.ഐ.പി.ക്കായി പോകുന്ന അധ്യാപകർക്ക് പകരം നിയമിതരാവുന്ന അധ്യാപകരുടെ പാനൽ പരിശോധിച്ച് അംഗീകരിക്കുക എന്നിവയിൽ ഒതുങ്ങുന്നു.<br>5. തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർ സർക്കാർ അനുമതിയോടെയാണ് റിലീവ് ചെയ്യുന്നത്, ശമ്പളം തിരിച്ചടക്കുന്നതുൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുന്ന ബോണ്ടും സത്യവാങ്മൂലവും കോളേജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പിന് സമർപ്പിച്ചാണ് ഡെപ്യൂട്ടേഷൻ ഉത്തരവ് നേടുന്നത്, ഈ നടപടിക്രമങ്ങളിൽ സർവ്വകലാശാല പങ്കുവഹിക്കുന്നില്ല.<br>6. സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകളിൽ ജോലിചെയ്യുന്ന അധ്യാപകരുടെ കാര്യത്തിൽ മാത്രമെ സർവ്വകലാശാലക്ക് ഫലപ്രദമായി ഇടപെടാനും സമയത്തിന് ഗവേഷണം പൂർത്തിയാക്കാത്തവരുടെ ശമ്പളവും ഗ്രാന്റും തിരിച്ചുപിടിക്കുന്നതടക്കമുള്ള നടപടികൾ കൈക്കൊള്ളുവാനും സാധിക്കുകയുള്ളു. ഇവർ മാത്രമാണ് സർവ്വകലാശാലയുമായി ബോണ്ട് ഒപ്പുവയ്ക്കുന്നത്. കാലിക്കറ്റ് സർവ്വകലാശാല അധ്യാപകർ ആരും തന്നെ ഇത്തരത്തിൽ വീഴ്ചവരുത്തിയിട്ടില്ല. |

| | | |
|---|---|---|
| | | 7. മേൽപറഞ്ഞ വസ്തുതകൾ ഇരിക്കെ ഓഡിറ്റ് പരാമർശത്തിന്റെ വെളിച്ചത്തിൽ സർവ്വകലാശാല ഓഡിറ്റ് വിഭാഗം നൽകിയ ലിസ്റ്റിൽപെട്ട 105 അധ്യാപകർക്ക് വിശദീകരണം ചോദിച്ചു കത്ത് നൽകി (അനുബന്ധം 2). സർവ്വകലാശാലയുടെ അധികാരപരിധിയിലല്ലാത്ത അധ്യാപകരും പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരുന്നതിനാൽ അവർക്കും സർവ്വകലാശാല കത്തയക്കാനിടയായി. 76 അധ്യാപകർ സർവ്വകലാശാലയ്ക്ക് വിശദീകരണം സമർപ്പിച്ചതിൽ ഭൂരിപക്ഷവും ഇതിനകം പ്രബന്ധം സമർപ്പിച്ചവരും പി.എച്ച്.ഡി. അഥവ എം.ഫിൽ കരസ്ഥമാക്കിയവരുമാണ്. മറ്റുള്ളവർ തങ്ങൾ ഗവേഷണം ചെയ്യുന്ന സർവ്വകലാശാലകളിലെ ഗവേഷണവിഭാഗവുമായും യു.ജി.സി. യുമായും ബന്ധപ്പെട്ട് ഇളവ് ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതായി വ്യക്തമാക്കി.<br><br>8. യു ജി സി ഗ്രാന്റ് തിരിച്ചു പിടിക്കുന്നതിൽ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാരുടെ സഹകരണത്തോടെ യു.ജി.സി. യാണ് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടത്. ഇക്കാര്യത്തിൽ യു ജി സി യുടെ ബാംഗ്ലൂർ റീജിയണൽ ഓഫീസ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിഴ്ചവരുത്തിയ അധ്യാപകർ ജോലി ചെയ്യുന്ന കോളേജുകളുടെ പ്രിൻസിപ്പൽമാർക്ക് |

| | | |
|---|---|---|
| | | എത്രയും പെട്ടന്ന് തുക തിരിച്ചടക്കുകയോ തീസിസ് സമർപ്പിച്ചതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ട് യു.ജി.സി. നേരിട്ട് കത്ത് നൽകിയിട്ടുണ്ട്. സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജ് പ്രിൻസിപ്പൽമാർ ഓരോരുത്തർക്കും (വെവ്വേറെ) യു.ജി.സി. അയച്ച കത്തുകളുടെ പകർപ്പ് സർവ്വകലാശാലയിൽ ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വകുപ്പ് നൽകിയ പട്ടികയിലെ 19 അധ്യാപകർ മാത്രമാണ് യു.ജി.സി. യുടെ ലിസ്റ്റിൽ ഉള്ളത്. ഇതിൽ 8 പേർ ഇതിനകം തീസിസ് സമർപ്പിച്ചതായി യു.ജി.സി. യെ അറിയിട്ടിട്ടുണ്ട്. ഒരാൾ സർക്കാർ അനുമതി ലഭിക്കാഞ്ഞതിനാൽ ഫെല്ലോഷിപ്പ് സ്വീകരിച്ചിട്ടില്ല എന്നും വ്യക്തമാക്കി. പത്തുപേരിൽ നിന്നും ഇതിനകം മറുപടിയൊന്നും ലഭിച്ചിട്ടില്ല. അവർക്കും കൂടുതൽ അധ്യാപകർക്കും യു ജി സി വീണ്ടും കത്തയച്ചിട്ടുണ്ട്. യു.ജി.സി. യുടെ കത്തിന്റെ വെളിച്ചത്തിൽ സർവ്വകലാശാലയും ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർക്ക് എത്രയും പെട്ടെന്ന് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശം നൽകി കത്ത് നൽകിയിട്ടുണ്ട്. വീഴ്ചവരുത്തുന്നവർക്കെതിരായി യു ജി സി നടപടിയുടെ പിൻപറ്റില്ലാതെ സർവ്വകലാശാലയ്ക്ക് സ്വന്തം നിലയ്ക്ക് നടപടികൾ സ്വീകരിക്കാൻ സാധിക്കുകയില്ല. അധ്യാപകർ കോളേജിയേറ്റ് വിദ്യാഭ്യാസ വകുപ്പിന് |

| | | |
|---|---|---|
| | | സമർപ്പിക്കുന്ന ബോണ്ടിലെ വ്യവസ്ഥകളിൽ ലംഘനമുണ്ടായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| 7.5. 4 | അദ്ധ്യാപകരുടെ ഗവേഷണ പ്രവർത്തനങ്ങൾ പരിമിതം | 01.04.2016 മുതൽ 31.10.2016 വരെ വിവിധ ഡിപ്പാർട്ട്മെന്റുകളിലെ അധ്യാപകരുടെ 20 പുതിയ പ്രോജക്ട് പ്രൊപ്പോസലുകൾ വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് അയച്ചിട്ടുണ്ട്. അതിൽ 3 എണ്ണം അനുവാദം ലഭിച്ച മുറയ്ക്ക് യൂണിവേഴ്സിറ്റിയിൽ ഇംപ്ലിമെന്റ് ചെയ്തിട്ടുണ്ട്. |
| 7.5. 5 | ഫെല്ലോഷിപ്പ് നൽകുന്നതിനുള്ള യു.ജി.സി. ഗ്രാന്റ് സമയബന്ധിതമായി നേടിയെടുക്കുന്നില്ല , ഗവേഷണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. | യു.ജി.സി. ഗ്രാന്റിനെ സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ കോളേജ് വികസന വിഭാഗത്തിന്റെ കീഴിൽ നിന്നും ഡയറക്ടറേറ്റ് ഓഫ് റിസർച്ചിലേക്ക് കൈമാറുന്ന സാഹചര്യത്തിനാൽ ആയിരിക്കാം മേൽ പറഞ്ഞ കാലതാമസം സംഭവിച്ചത്. ഡയറക്ടറേറ്റ് ഓഫ് റിസർച്ച് പൂർണ്ണമായി പ്രവർത്തന സജ്ജമായതിനു ശേഷം യു ജി സി ഗ്രാന്റിന്റെ വിനിയോഗ സാക്ഷ്യപത്രം സമയ ബന്ധിതമായി ഹാജരാക്കിവരുന്നു. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് - 2013-14 ഖണ്ഡിക 7.6 ന്യൂനതാ പരിഹാര റിപ്പോർട്ട്**

| ഖണ്ഡിക | സ്വീകരിച്ച നടപടി |
|---|---|
| 7.6 (1) | നെറ്റ് വർക്ക് ഇതുവരെയും സ്ഥാപിക്കാൻ സാധിച്ചിട്ടില്ല.<br><br>വിദൂര വിദ്യാഭ്യാസം ഉൾപ്പെടെയുള്ള കണ്ണൂർ സർവ്വകലാശാല എല്ലാ അഡ്മിനിസ്ട്രേറ്റീവ് വിഭാഗങ്ങളും മാങ്ങാട്ടുപറമ്പ കാമ്പസിൽ നിന്നും താവക്കരയിലുള്ള പുതിയ ഓഫീസിലേക്ക് 2014 ൽ ആണ് മാറ്റിയത്. ഇതുമായി ബന്ധപ്പെട്ട് നടക്കുന്ന 3 ഘട്ടങ്ങളായുള്ള ഐ ടി വികസനത്തിന്റെ ആദ്യ ഘട്ടം മാത്രമേ പൂർത്തിയായിട്ടുള്ളൂ. അതുകൊണ്ട് തന്നെ നെറ്റ് വർക്ക് സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ രണ്ടും മൂന്നും ഘട്ടങ്ങളിൽ പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്. |
| 7.6 (2). | പഠനക്കുറിപ്പുകൾ യഥാസമയം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി സിം ഇഷ്യു രജിസ്റ്ററും, സിം സ്റ്റോക്ക് രജിസ്റ്ററും യൂണിവേഴ്സിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്. |
| 7.6 (3) | ഓൺലൈൻ ക്ലാസുകൾ ഇതുവരെയും ആരംഭിച്ചിട്ടില്ലെങ്കിലും നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് താഴെ പറയുന്ന സേവനങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്.<br><br>1. എല്ലാ കോഴ്സുകളിലേക്കും വിദ്യാർത്ഥികൾക്ക് ഓൺലൈൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.<br><br>2. കോഴ്സുകളെക്കുറിച്ചും വിദ്യാർത്ഥികളുടെ പഠനക്കുറിപ്പുകളെക്കുറിച്ചും സിലബസിനെപ്പറ്റിയും വിശദമായി പ്രതിപാദിക്കുന്ന സ്മാർട്ട് വെബ് വിദ്യാർത്ഥികൾക്കായി ഒരുക്കിയിട്ടുണ്ട്.<br><br>3. വിദ്യാർത്ഥികൾക്ക് ആവശ്യമായ കോഴ്സുമായി ബന്ധപ്പെട്ട വിവരങ്ങൾ (കോൺടാക്ട് ക്ലാസുകൾ, ഓറിയന്റേഷൻ പ്രോഗ്രാം, പഠനക്കുറിപ്പ് വിതരണം, ഗ്രേഡ് കാർഡ് വിതരണം) സ്മാർട്ട് വെബ് വഴി അറിയിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>4. പ്രതിപാദിക്കപ്പെട്ട ചിലവ് (Rs.2250909) മുകളിൽ പറഞ്ഞ |

| | |
|---|---|
| | നൂതന സംവിധാനം ഒരുക്കുന്നതിനും അത് നിലനിർത്തി കൊണ്ടു പോകുന്നതിനും ആവശ്യമായ മാറ്റങ്ങൾ കാലാകാലങ്ങളിൽ വരുത്തുന്നതിനും വേണ്ടി ഉപയോഗിച്ചിട്ടുണ്ട്. |
| 7.6 (4&5) | ഇൻറർനെറ്റ് വഴി പാഠഭാഗങ്ങളുടെ ഓഡിയോ, വീഡിയോ ചിത്രീകരണം നിലവിൽ വരുത്തുവാൻ സാധിച്ചിട്ടില്ല. |
| 7.6 (6) | വിദൂര വിദ്യാഭ്യാസം ഉൾപ്പെടയുള്ള കണ്ണൂർ സർവ്വകലാശാല എല്ലാ അഡ്മിനിസ്ട്രേറ്റീവ് വിഭാഗങ്ങളും മാങ്ങാട്ടുപറമ്പയിൽ നിന്നും കണ്ണൂർ താവക്കരയിലെ ആസ്ഥാന മന്ദിരത്തിലേക്ക് മാറിയതിന്റെ ഭാഗമായി ഘട്ടം ഘട്ടമായി നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. അതുകൊണ്ട് തന്നെ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ വൈകാതെ തന്നെ സ്വീകരിക്കുന്നതാണ്. |
| 7.6 (7) | വിദൂര വിദ്യാഭ്യാസ വിഭാഗത്തിനു കീഴിലുള്ള എല്ലാ ലൈബ്രറി പുസ്തകങ്ങളും കണ്ണൂർ യൂണിവേഴ്സിറ്റി സെൻട്രൽ ലൈബ്രറിയിലേക്ക് മാറ്റുകയും, വിദൂര വിദ്യാഭ്യാസ വിഭാഗം വിദ്യാർത്ഥികൾക്കായി അവിടെ ലൈബ്രറി സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്. |
| (7.6 .1) | വിദൂര വിദ്യാഭ്യസ കൗൺസിലിന്റെ മാർഗരേഖയിലെ സെക്ഷൻ 3-2 അനുശാസിക്കും വിധം വിദൂര വിദ്യാഭ്യാസത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി സർവ്വകലാശലാ നിയമം / സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തിയിട്ടില്ല. ഭേദഗതിക്ക് ആവശ്യമായ നടപടികൾ ഉടനെ സ്വീകരിക്കുന്നതാണ്. |
| (7.6 .2) | ഉണ്ട്. വിദ്യാർത്ഥികളുടെ വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി 16 അസിസ്റ്റന്റ് പ്രൊഫസർമാരെ വിദ്യാർത്ഥികളുടെ പഠനത്തിന് സഹായകമാകുന്ന നിർദ്ദേശങ്ങൾ നൽകുന്നതിനു വേണ്ടി കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ കോഴ്സ് കോ-ഓർഡിനേറ്റർമാർ ആയി സർവ്വകലാശാല നിയമിച്ചിട്ടുണ്ട്. |
| (7.6 .3) | ഇല്ല. സ്ഥിരം ഡയറക്ടർ നിയമന തസ്തിക ഗവ. തലത്തിൽ ഇതുവരേയും സൃഷ്ടിക്കപ്പെട്ടിട്ടില്ല. അതിനാൽ നിലവിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിലാണ് നിയമനം. |
| (7.6 .4) | ഡിസിബി പത്രിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.